2008 മെയ്
ഹിജ്റത്ത് 1386
1429 റ. ഉൽ ആഖർ - ജ. അവ്വൽ
പുസ്തകം 80 ലക്കം 4
വരിസംഖ്യ - 150 ക.
ഒറ്റപ്രതി - 15 ക.

സ്ഥാപിതം 1925

# സത്യദൂതൻ

മുക്കാൽ നൂറ്റാണ്ട് പിന്നിട്ട മലയാളത്തിലെ ഏക ഇസ്ലാമിക പ്രസിദ്ധീകരണം

4 യുഗശബ്ദം

5 മുഖക്കുറിപ്പ്

**ഖുത്ബ**

7 തിരുനബി(സ)യുടെ ദാനശീലം
ഹദ്റത്ത് മസ്റൂർ അഹ്മദ്

**ലേഖനം**

6 ഖിലാഫത്തിന്റെ പുനഃസ്ഥാപനം
ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)

9 ഇസ്ലാമിക ഖിലാഫത്തിന്റെ പുനരുദയം
മഹ്മൂദ് കൽക്കുളം

12 അൽജമാഅത്തും മുസ്ലിംകളും
മാലിക്ക് അമീൻ കാക്കനാട്

16 ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഒന്നാമ(റ)ന്റെ സ്വാധീനം

19 ഇസ്ലാമും ക്രിസ്ത്യാനിസവും
കുഞ്ഞാലൻ ഹാജി

23 മഹ്ദി മസീഹിന്റെ ആഗമനകാലം ഖുർആനിലും ഹദീസുകളിലും (തുടർച്ച)
മൗലവി മുഹമ്മദ് ഫാറൂക്ക് എച്ച്.എ.

27 മുല്ലായിസത്തിനു മുമ്പിൽ മുട്ടുവിറക്കുന്ന പാകിസ്താൻ ഭരണാധികാരികൾ
ഏ.ക്യൂ. മഹ്ദി

**കുറിപ്പുകൾ**

34 ജമാഅത്തെ ഇസ്ലാമി വിതച്ചത് കൊയ്യുന്നു

**അനുസ്മരണം**

36 മൗലവി യുസുഫ് സാഹിബ്
മഹ്മൂദ് കൽക്കുളം
എം.കെ. ഇമ്പിച്ചിക്കോയട്ടി
കെ.പി. അഹ്മദ്

40 വാർത്തകൾ,
അനുസ്മരണം,

**മുഖചിത്രം**
ബൈത്തുർറഹ്മാൻ, അമേരിക്ക

ചീഫ് എഡിറ്റർ : **മുഹമ്മദ് അയ്യൂബ്**, Mob: 9895308227
എഡിറ്റർ : **ഏ. എം. മുഹമ്മദ് സലിം**, Mob: 9895263384
മാനേജർ : **അഹ്മദ് ഹസ്സൻ**, Mob: 9446482108

**അസി. മാനേജർ**
കെ.എം. അഹമ്മദ് കോയ

**സർക്കുലേഷൻ മാനേജർ**
എസ്. മുഹമ്മദ് സലിം

**എഡിറ്റോറിയൽ ബോർഡ്**
പ്രൊഫ. മഹ്മൂദ് അഹ്മദ്
കെ.വി. ഈസക്കോയ
കെ. വി. ഹസ്സൻ കോയ
പി. എം. ബഷീർ അഹ്മദ്
ഐ. കെ. അഹ്മദ്കുട്ടി

*വിലാസം*
**സത്യദൂതൻ, ജി.എച്ച്.റോഡ്, കോഴിക്കോട്.**
**ഫോൺ :** 0495 (Mob.) / 95495 (Land) } 6520733
**ഫാക്സ് : 0495 - 2721609**
e-mail: sathyadoothan@ahmadiyya.com

Printed & Published by M.A. Muhammed, for the Kerala Ahmadiyya Jama-at at Geethanjali Offset Press, Feroke, Calicut.
Edited by A. M. Muhammed Salim. Typeset, Layout & Cover Design : Victory Creations, CLT - 1.

## ഖുർആനിൽ നിന്ന്


**സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുക, നാളേക്കുവേണ്ടി താൻ മുൻകൂട്ടി ഒരുക്കി വെച്ചിട്ടുള്ളതെന്താണെന്ന് ഓരോ മനുഷ്യനും ചിന്തിക്കട്ടെ. നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുക. നിങ്ങളുടെ പ്രവർത്തനങ്ങളെക്കുറിച്ച് അല്ലാഹു സൂക്ഷ്മജ്ഞനാകുന്നു തീർച്ച. (59:19)**

## നബിവചനം

നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുകയും അഞ്ചുനേരത്തെ നമസ്ക്കാരം നിർവഹിക്കുകയും റമസാൻ മാസത്തിൽ നോമ്പനുഷ്ഠിക്കുകയും സക്കാത്തുകൊടുക്കുകയും ഭരണകർത്താക്കളെ അനുസരിക്കുകയും ചെയ്താൽ സ്വർഗത്തിൽ നിങ്ങൾക്ക് പ്രവേശിക്കാൻ കഴിയും.

(തിർമിദി)

**യുഗശബ്ദം**



# പിശാചിന്റെ വലയിൽ വീഴരുത്!

**വാഗ്ദത്ത മസീഹ് (അ)**

മനുഷ്യനെ വഴിപിഴപ്പിക്കുന്നതിനും അവന്റെ കർമാനുഷ്ഠാനങ്ങളെ താറുമാറാക്കുന്നതിനും വേണ്ടി പിശാച് എപ്പോഴും തക്കം പാർത്തിരിക്കുകയും കുഴപ്പമുണ്ടാക്കാനുള്ള പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്യുന്നു. നമസ്കരിക്കുമ്പോൾ, അതിലും മറ്റുള്ളവർ കാണണം എന്നു തുടങ്ങിയ ചിന്ത കലർത്തി കുഴപ്പമുണ്ടാക്കാനാഗ്രഹിക്കുന്നത് പിശാചാണ്. നമസ്കാരത്തിന് നേതൃത്വം കൊടുക്കുന്ന ഇമാമിനേയും ഈ ബലായിൽ അകപ്പെടുത്താൻ അവനാഗ്രഹിക്കുന്നു. അതുകൊണ്ട് അവന്റെ ആക്രമണത്തിന് ഒരിക്കലും വിധേയനാവാൻ പാടില്ല. കലഹക്കാരേയും കുറ്റവാളികളേയും അവൻ തുറന്ന നിലയിൽ ആക്രമിക്കുന്നു. ***(മൽഫൂസാത്ത് )***

മുഖക്കുറിപ്പ്

# ഖിലാഫത്തും അലാ മിൻഹാജിന്നുബൂവ്വഃ

നൂറു വർഷം മുമ്പ് നുബൂവ്വത്ത് കൊണ്ട് അല്ലാഹു അനുഗ്രഹിച്ച വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ് (അ)ന്റെ ആത്മാവ് 1908 മെയ് 26ന് ശരീരപഞ്ജരം വിട്ട് സ്വർഗ്ഗത്തിലേക്ക് ഉയർന്നുപോയി. 1400 വർഷങ്ങൾക്ക് മുമ്പ് റസൂൽ തിരുമേനി(സ) ദിവ്യവിയോഗത്തെ തുടർന്ന് ഹദ്റത്ത് ഉമറി(റ)ന്റെ ദുഃഖപാരവശ്യവും ഉത്കണ്ഠയും, അതുപോലെ ഹദ്റത്ത് അബൂബക്കറി(റ)ന്റെ വിവേകവും സംയമനവും പ്രകടമായിരുന്നു. അപ്രകാരം വാഗ്ദത്ത മസീഹിന്റെ സത്യവിശ്വാസികളായ ശിഷ്യഗണങ്ങളിലും ആ വിയോഗം വികാരങ്ങളുടെ സമ്മിശ്രപ്രതികരണങ്ങളുണ്ടാക്കി. വികാരസാന്ദ്രവും പ്രാർത്ഥനാനിർഭരവുമായ ആ നിമിഷങ്ങൾ നുബൂവ്വത്തിന് ശേഷമുള്ള ഖിലാഫത്തിലേക്കുള്ള സംക്രമണ മുഹൂർത്തങ്ങളായിരുന്നു.

1908 മെയ് 27ന് വാഗ്ദത്ത മസീഹിന്റെ സാത്വികരായ ശിഷ്യവൃന്ദങ്ങളിൽ ദൈവത്തിന്റെ അനുഗ്രഹവർഷം പെയ്തിറങ്ങിയ പ്രാർത്ഥനാനിർഭരമായ സന്ദർഭത്തിൽ ഹാജിയുൽ ഹറമൈൻ വ ശരീഫൈൻ ഹദ്റത്ത് ഹക്കിം നൂറുദ്ദീൻ ഭേരവി (റ) അഹ്മദിയ്യ ഖിലാഫത്തിന്റെ ഒന്നാം ഖലീഫയായി തിരഞ്ഞെടുക്കപ്പെട്ടു. അങ്ങനെ ***'അവരുടെ ഭയത്തിനുശേഷം അവരെ സമാധാനത്തിലാക്കുകയും ചെയ്യും'*** എന്ന ഔദാര്യവാനായ അല്ലാഹുവിന്റെ കാരുണ്യം പ്രകടമായി. പതിനാല് നൂറ്റാണ്ടുകൾക്ക് മുമ്പ് റസൂൽ തിരുമേനി(സ)യുടെ വഫാത്തിനെ തുടർന്ന് നുബൂവ്വത്തിന്റെ മാർഗ്ഗത്തിൽ ഇസ്‌ലാമിന്റെ തനത് മാതൃകയിൽ ഉണ്ടായിരുന്ന 'ഖുലഫാറാശിദ'യുടെ ഖിലാഫത്തിനുശേഷം വീണ്ടും നുബൂവ്വത്തിന്റെ മാർഗ്ഗത്തിലും മാതൃകയിലുമുള്ള അഹ്മദിയ്യാ ഖിലാഫത്തിലേക്കുള്ള സംക്രമണമായിരുന്നു അത്.

ഇസ്‌ലാമിൽ നുബൂവ്വത്തിന്റെ മാർഗ്ഗത്തിലുള്ള അഹ്മദിയ്യാ ഖിലാഫത്ത് സ്ഥാപിതമായപ്പോൾ ശരശയ്യയിൽ അന്ത്യനിമിഷങ്ങളുമായി മല്ലിട്ട് ഊർദ്ധശ്വാസം വലിച്ചുകൊണ്ടിരിക്കുന്ന ജീവച്ഛവമായ തുർക്കി ഖിലാഫത്തും നിലനിൽക്കുന്നുണ്ടായിരുന്നു. അഹ്മദിയ്യാ ഖിലാഫത്ത് പ്രവർത്തനസജ്ജമായപ്പോഴേക്കും. റസൂൽ തിരുമേനി(സ)യുടെ പ്രവചനപ്രകാരം നാമമാത്രമായ തുർക്കികളുടെ ഉഥ്മാനിയ്യാ ഖിലാഫത്ത് ദൈവനിശ്ചയപ്രകാരം ഭൂമുഖത്ത് നിന്നും തിരോഭവിക്കുകയുണ്ടായി.

ഈ സന്ദർഭത്തിൽ ദീനുൽ ഇസ്‌ലാമിനെ സ്നേഹിക്കുന്ന മുസ്‌ലിം സഹോദരന്മാർ ഗാഢമായി ചിന്തിക്കേണ്ടിയിരിക്കുന്നു. പതിമൂന്ന് നൂറ്റാണ്ടുകളോളം മുസ്‌ലിം ഉമ്മത്തിന്റെ കണ്ണും, കാതും, കരളുമായ ആഗോള നേതൃത്വം എന്തുകൊണ്ട് തിരോഭവിച്ചു? ഇനിയൊരു ഖിലാഫത്ത് നേതൃത്വം മുസ്‌ലിംകൾക്ക് അല്ലാഹു വിധിച്ചിട്ടില്ലേ? ചരിത്രത്തിൽ ഇന്നോളം സംഭവിച്ചിട്ടില്ലാത്തവിധം നാനാവിധത്തിലും ജീർണ്ണമാവുകയും ദുർബലമായിപ്പോവുകയും ചെയ്ത മുസ്‌ലിം സമുദായത്തിന് ആഗോള ഖിലാഫത്ത് നേതൃത്വം ഏറ്റവും അവശ്യമായ ഈ ഘട്ടത്തിൽ നട്ടുച്ചക്കിരുട്ടായതുപോലെ എന്തുകൊണ്ട് ഖിലാഫത്തിന്റെ ശൂന്യത നിലനിൽക്കുന്നു? അല്ലാഹു വാഗ്ദാനലംഘകനല്ല. ദീനുൽ ഇസ്‌ലാമിനെ അവൻ കൈവെടിഞ്ഞിട്ടില്ല. റസൂൽതിരുമേനി(സ)യുടെ പ്രവചനപ്രകാരം നുബൂവ്വത്തിന്റെ മാർഗ്ഗത്തിലുള്ള ഖിലാഫത്ത് സ്ഥാപിതമായിരിക്കുന്നു. നിരവധി പ്രവചനങ്ങളുടെ സാക്ഷ്യത്തിൽ ഉച്ചസൂര്യനെപോലെ ജ്വലിച്ചുനിൽക്കുന്ന ഈ സത്യത്തെ നിഷേധിച്ചുകൊണ്ട് ഭയാനകമായ വിപത്തുകളിലേക്ക് നടന്നടുക്കുന്ന മുസ്‌ലിം ലോകത്തിന് അല്ലാഹു അഹ്മദിയ്യ ഖിലാഫത്തിന്റെ സത്യം തിരിച്ചറിയുവാനുള്ള വിവേകം നൽകുമാറാകട്ടെ.

അല്ലാഹുവിന്റെ കരങ്ങളാൽ സ്ഥാപിതമായ അഹ്മദിയ്യാ ഖിലാഫത്തിന്റെ വിധിയിൽ വിജയം എഴുതപ്പെട്ടതാണ്. മനുഷ്യഹൃദയത്തേയും, മസ്തിഷ്ക്കത്തേയും കീഴടക്കിക്കൊണ്ട് റസൂൽ തിരുമേനിമേനി(സ) കൊണ്ടുവന്ന ദീനുൽ ഇസ്‌ലാം വിശ്വം കീഴടക്കുന്നതാണ്. ഇസ്‌ലാമിനെ ആക്രമിച്ചുകൊണ്ടിരിക്കുന്ന എല്ലാ ശക്തികളേയും ഇസ്‌ലാം അതിജയിക്കും. ഇസ്‌ലാമിനെ കുഴിച്ചുമൂടാൻ വന്ന അറബി കുഫ്ഫാറുകളും ഉത്തരാഫ്രിക്കയിലെ ബർബറുകളും മധ്യേഷ്യയിലെ തുർക്കികളും ഇസ്‌ലാമിന്റെ സൗന്ദര്യം ദർശിച്ച് ഇസ്‌ലാം മതത്തിന്റെ വിനീത ദാസത്വം സ്വീകരിച്ച ജനതകളാണ്. മനുഷ്യഹൃദയങ്ങളെ കീഴടക്കുന്ന റസൂൽതിരുമേനി(സ)യുടെ ആത്മീയ സൗന്ദര്യം പ്രോജ്ജ്വലിപ്പിച്ചുകൊണ്ടും വിശുദ്ധ ഖുർആന്റെ അനിഷേധ്യമായ ധിഷണാശക്തിയുടെ ബലത്തിലും പാശ്ചാത്യലോകത്തേയും പൗരസ്ത്യലോകത്തേയും അഹ്മദിയ്യാ ഖിലാഫത്ത് കീഴടക്കുന്നകാലം വിദൂരമല്ല. അല്ലാഹു വിധിച്ച ഈ ചരിത്രനിയോഗത്തിൽ ഭാഗഭാക്കുകളാവാൻ എല്ലാ സത്യാന്വേഷികളോടും അഹ്മദിയ്യാ ജമാഅത്തിൽ ബൈഅത്ത് ചെയ്ത് പ്രവേശിക്കാൻ ഈയവസരത്തിൽ ഹൃദയപൂർവ്വം അഭ്യർത്ഥിക്കുന്നു. ■

ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)

ലേഖനം

# ഖിലാഫത്തിന്റെ പുനഃസ്ഥാപനം

സ്നേഹിതന്മാരേ, പണ്ടുപണ്ടേയുള്ള അല്ലാഹുവിന്റെ സുന്നത്ത് ഇതാണ്. അവൻ രണ്ടുതരം ദിവ്യശക്തി പ്രതിഭാസം കാണിക്കുന്നു. ഇങ്ങനെ ശത്രുക്കളുടെ രണ്ടുതരം ആഹ്ലാദാഭാസങ്ങളെയും അവൻ തകർത്തു കളയുന്നു. അതുകൊണ്ട് അല്ലാഹു അവന്റെ പണ്ടുപണ്ടേയുള്ള ആ രീതിമുറ ഇപ്പോൾ ഉപേക്ഷിച്ചുകളയുക സംഭവ്യമല്ല. ഞാനിപ്പോൾ നിങ്ങളോട് വിവരിച്ചുപറഞ്ഞ കാര്യങ്ങളിൽ നിങ്ങൾ ദുഃഖിതരാവേണ്ടതില്ല. നിങ്ങൾ അസ്വസ്ഥരാവുകയും വേണ്ട. എന്തുകൊണ്ടെന്നാൽ നിങ്ങളിൽ രണ്ടാം ഖുദ്റത്ത് വെളിപ്പെടുന്നത് നിങ്ങൾ കാണേണ്ടത് ആവശ്യമാകുന്നു. അതു വരുന്നത് നിങ്ങൾക്ക് കൂടുതൽ ഉത്തമമായിരിക്കും. എന്തുകൊണ്ടെന്നാൽ അതു ശാശ്വതികമാകുന്നു. അതിന്റെ പരമ്പര ഖിയാമത്തുന്നാൾ വരെ മുറിഞ്ഞുപോകുന്നതല്ല. ഞാൻ പോകാത്തിടത്തോളം രണ്ടാം ഖുദ്റത്ത് വരുന്നതല്ല. എന്നാൽ, ഞാൻ പോയ്ക്കഴിഞ്ഞാൽ അല്ലാഹു രണ്ടാം ഖുദ്റത്തിനെ നിങ്ങളിലേക്ക് അയക്കും. ആ രണ്ടാം ഖുദ്റത്ത് അല്ലാഹു 'ബറാഹീനെ അഹ്മദിയ്യായിൽ' വാഗ്ദാനം ചെയ്തതു പ്രകാരം എന്നെന്നും നിങ്ങളിലുണ്ടായിരിക്കും. ആ വാഗ്ദാനം എന്റെ വ്യക്തിത്വവുമായി ബന്ധപ്പെട്ടതല്ല. അതു നിങ്ങളെ സംബന്ധിച്ചുള്ള വാഗ്ദാനമാകുന്നു. അല്ലാഹു പറയുന്നതിപ്രകാരമാണ്. നിന്നെ പിൻപറ്റിയ ജമാഅത്തിന് ഖിയാമത്തുന്നാൾവരെ മറ്റുള്ളവരുടെ മേൽ ഞാൻ വിജയം നല്കുന്നതാണ്. അതുകൊണ്ട് നിങ്ങളിൽ നിന്നും ഞാൻ വേർപെട്ടുപോകുന്ന ദിനം വരേണ്ടത് അനുപേക്ഷണീയമാകുന്നു. അതിനുശേഷം ശാശ്വതമായ വാഗ്ദാനത്തിന്റെ നാളുകൾ വരാൻ വേണ്ടി. നമ്മുടെ അല്ലാഹു വാഗ്ദാനങ്ങൾ പൂർത്തിയാക്കുന്നവനും കൂറുപുലർത്തുന്നവനും വിശ്വസ്തനുമായ അല്ലാഹു ആകുന്നു. അവൻ വാഗ്ദാനം ചെയ്ത സകലതും തന്നെ നിങ്ങൾക്ക് കാണിച്ചു തരുന്നതാണ്. ഈ നാളുകൾ ലോകത്തിന്റെ അവസാന നാളുകളാകുന്നു. അനേക വിപത്തുകളും ദുരന്തങ്ങളും വെളിപ്പെടുന്ന നാളുകളാണ്. അല്ലാഹു അറിയിച്ചുതന്ന കാര്യങ്ങളെല്ലാം പൂർത്തിയാകുന്നതുവരെ ഈ ലോകം നിലനില്ക്കേണ്ടതാകുന്നു. ഞാൻ അല്ലാഹുവിൽ നിന്നുള്ള ഒരു ശക്തിപ്രഭാവത്തിന്റെ രൂപത്തിൽ വെളിപ്പെട്ടിരിക്കുന്നു. ഞാൻ അല്ലാഹുവിൽനിന്നുള്ള ഖുദ്റത്തിന്റെ - ശക്തിപ്രഭാവത്തിന്റെ പ്രതീകം തന്നെയാകുന്നു. എനിയ്ക്കുശേഷം രണ്ടാം ഖുദ്റത്തിന്റെ പ്രാദുർഭാവങ്ങളായ മറ്റു വ്യക്തികളും ഉണ്ടാകും. അതുകൊണ്ട്, നിങ്ങൾ അല്ലാഹുവിൽ നിന്നുള്ള രണ്ടാം ഖുദ്റത്തിന്റെ പ്രതീക്ഷയിൽ ഒന്നുചേർന്ന് പ്രാർഥിച്ചുകൊണ്ടിരിക്കുവിൻ; രണ്ടാം ഖുദ്റത്ത് സ്വർഗത്തിൽ നിന്ന് അവതരിക്കുമാറാകാൻ വേണ്ടിത്തന്നെ. സ്വാലിഹീങ്ങളുടെ അഥവാ സദ്വൃത്തരുടെ ജമാഅത്ത് ഓരോ രാജ്യത്തും ഒത്തുകൂടി പ്രാർഥനയിൽ നിരതരാവേണ്ടതാണ്. നിങ്ങളുടെ അല്ലാഹു അത്തരത്തിൽ സർവശക്തനായ അല്ലാഹുവാണെന്ന് നിങ്ങൾക്ക് കാണിക്കപ്പെടുന്നതിനും അവൻ നിങ്ങളുടെ മരണം വരെ നിങ്ങളുടെ സമീപത്താണെന്ന് ഓർത്തിരിക്കുന്നതിനു വേണ്ടിയും, നിങ്ങൾക്കറിയില്ല, ആ മുഹൂർത്തം എപ്പോഴാണ് വന്നെത്തുകയെന്ന്. ■

*(അൽവസിയ്യത്ത്*
*പേ: 7,8. 1905 ഡി. 24)*

## അല്ലാഹുവിന്റെ ഇഷ്ടം

സൂക്ഷ്മത പാലിക്കുന്നവനേയും സ്വയംപര്യാപ്തനേയും പേരും പ്രസിദ്ധിയും ആഗ്രഹിക്കാതെ ഏകാന്തതയിൽ കഴിയാൻ ആഗ്രഹിക്കുന്നവനേയും അല്ലാഹു ഇഷ്ടപ്പെടുന്നു.

ഖുത്ബ സംഗ്രഹം

# തിരുനബി(സ)യുടെ ദാനശീലം

ഹദ്റത്ത് മസ്റൂർ അഹ്മദ്
ഖലീഫത്തുൽ മസീഹ്

~

പ്രചണ്ഡമായ പവനനെപോലെ തനിക്ക് ലഭിച്ചതെല്ലാം ദാനം ചെയ്ത് നിസ്വനായി ലോകത്തോട് വിടപറഞ്ഞ ദാനശീലനായിരുന്നു തിരുനബി(സ)

~

ഭൗതികരായ ആളുകൾ പൊതുവെ പണം ആഗ്രഹിക്കുന്നവരാണ്. ജനങ്ങളുടെ ഇടയിൽ പേരുണ്ടാക്കുന്നതിനും തന്റെ സുഖാഢംബരങ്ങൾക്കുള്ള സാധനസാമഗ്രികൾ സംഘടിപ്പിക്കുന്നതിനും തന്റെ മരണശേഷം ഭാര്യയും മക്കളും സുഖസമൃദ്ധിയോടെ ജീവിക്കാൻ പണത്തിന്റെ കൂമ്പാരം അവർക്കുവേണ്ടി ഉപേക്ഷിച്ചുപോകുന്നതിനും വേണ്ടി മനുഷ്യൻ ധനം സ്വരുക്കൂട്ടാൻ പരിശ്രമിക്കാറുണ്ട്. തന്റെ മരണശേഷം, ഇന്നയാൾ തന്റെ സ്വത്തുക്കളെല്ലാം ഉപേക്ഷിച്ച് മരിച്ചുപോയെന്നും അയാളുടെ മക്കൾ ഇന്ന് അയാൾ സമ്പാദിച്ചുവെച്ച പണം കൊണ്ടാണ് കളിക്കുന്നതെന്നും ജനങ്ങൾ പറയണമെന്ന ഒരാഗ്രഹവും അതിൽ ഒളിഞ്ഞിരിപ്പുണ്ട്.

തങ്ങൾ മനുഷ്യരോട് സഹതാപമുള്ളവരും അനുകമ്പയുള്ളവരുമാണെന്ന് ധരിക്കുന്ന ചിലയാളുകൾ ഉണ്ട്. മനുഷ്യരുടെ ആവശ്യങ്ങൾ നിറവേറ്റുന്നുവെന്ന് വാദിക്കുന്നവരാണവർ. എന്നാൽ, അവരുടെ പ്രവർത്തനവും അവരുടെ വാദവും തമ്മിൽ ഒരു ബന്ധവുമില്ല. താൽക്കാലികമായ ഒരു ആവേശം മാത്രമാണത്. അതിലും മറ്റുള്ളവർ കാണണമെന്ന വികാരമായിരിക്കും മുന്നിട്ടു നിൽക്കുന്നത്. അതായത് ജനങ്ങൾക്കുവേണ്ടി ചെലവാക്കുന്നവനാണെന്നുള്ള പ്രസിദ്ധി തനിക്കു കിട്ടണമെന്നുള്ള ചിന്തയോടെയാണ് അവർ ചെലവഴിക്കുന്നത്.

എന്നാൽ, സമ്പത്തു ലഭിക്കുമ്പോൾ അതെങ്ങനെ ചെലവഴിക്കണമെന്ന് നബി(സ) നമ്മെ പഠിപ്പിച്ചിട്ടുണ്ട്. ഇത് അവിടത്തെ അനുഗൃഹീതജീവിതത്തിന്റെ ഭാഗമായി കഴിഞ്ഞിരിക്കുന്നു. ഇതിൽ അതുല്യമായ മാതൃകയായിരുന്നു നബി(സ). ദാനധർമ്മത്തിന്റെ ഉദാത്തമായ ഈ നില നബി(സ)ന്റെ ജീവിതത്തിനുമുമ്പേ ഒരിക്കലും ഉണ്ടായിട്ടില്ല. ഇനിയൊട്ടുണ്ടാകുകയുമില്ല. ജനങ്ങൾ ഏകനായ ദൈവത്തെ തിരിച്ചറിയണമെന്നും ലോകത്ത് ഏകദൈവത്വസിദ്ധാന്തം ജയിക്കണമെന്നുമുള്ള ചിന്തയായിരുന്നു നബി(സ)യ്ക്ക് രാവും പകലും ഉണ്ടായിരുന്നത്. അതിനോടൊപ്പം ജനങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റിക്കൊടുക്കണമെന്ന ഉൽക്കടമായ ആഗ്രഹവും. തന്റെയും തന്റെ ഭാര്യാമക്കളുടെയും സുഖക്ഷേമങ്ങളെക്കുറിച്ച് ഒരു ചിന്തയുമുണ്ടായിരുന്നില്ല. സ്വഹാബത്തിനെ പഠിപ്പിച്ചതും ഇതുതന്നെയാണ്; മറ്റുള്ളവർക്കു വേണ്ടി നിങ്ങളുടെ കൈകൾ നിവർത്തിവയ്ക്കുക. കാരണം, പരലോകജീവിതത്തിൽ നിങ്ങൾക്ക് പ്രയോജനപ്പെടുന്നകാര്യം ഇതൊന്നുമാത്രമാണ്.

നബി(സ) പറഞ്ഞു: "ദാനശീലരിൽ ഏറ്റവും വലിയ ദാനശീലൻ അല്ലാഹുവാണ്."

മനുഷ്യരിൽ വെച്ചേറ്റവും വലിയ ദാനശീലനായിരുന്നു നബി(സ). അല്ലാഹു നബിയ്ക്കു നൽകിയ സമ്പത്തൊന്നും അവിടന്ന് കൈയിൽ വെച്ചില്ല. എത്രയും വേഗം അവകാശികൾക്ക് അത് വിതരണം ചെയ്യണമെന്ന ചിന്തയായിരുന്നു. നബി(സ) പറഞ്ഞു: ഞാനൊരു വിതരണക്കാരൻ മാത്രമാണ്; അല്ലാഹു തരുന്നവനും. ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. "നബി(സ) എല്ലാവരെക്കാളും സൗന്ദര്യവാനും, ഏറ്റവും വലിയ ആതിഥേയനും എല്ലാവരെക്കാളും ദാനശീലനുമായിരുന്നു. റമസാൻ മാസത്തിൽ അവിടത്തെ ദാനധർമ്മം പാരമ്യതയിലെത്തുമായിരുന്നു." ശക്തമായ കാറ്റിനോടാണ് നിവേദനത്തിൽ അതിനെ ഉപമിച്ചിട്ടുള്ളത്. ആരെങ്കിലും നബി

യോട് എന്തെങ്കിലും ചോദിക്കുകയും നബിയുടെ കൈയിൽ അതുണ്ടായിരിക്കുകയും എന്നിട്ട് നബി അത് കൊടുക്കാതിരിക്കുകയും ചെയ്ത ഒരു സംഭവവും കാണുകയില്ല. കടം വാങ്ങിപ്പോലും അവിടന്ന് ധർമ്മം കൊടുക്കുമായിരുന്നു.

അവിടത്തെ ദാനധർമ്മത്തിന്റെ അവസ്ഥ നിവേദനങ്ങളിൽ വിശദമായി രേഖപ്പെടുത്തിയിട്ടുണ്ട്. ആട്ടിൻപറ്റങ്ങളേയും ഒട്ടകക്കൂട്ടങ്ങളേയും താഴ്വരകൾ തന്നെയും അവിടന്ന് ധർമ്മം നൽകിയിരുന്നു. സഹായം ചോദിച്ചുവരുന്ന ചിലയാളുകൾ നബിയോട് ധിക്കാരപൂർവ്വം പെരുമാറിയ സന്ദർഭങ്ങളും ഉണ്ടായിട്ടുണ്ട്. പക്ഷേ, അവിടന്ന് സൽസ്വഭാവം കാഴ്ചവെച്ചുകൊണ്ട് അത്തരമാളുകൾക്കും ദാനധർമ്മം ചെയ്തിരുന്നു.

ആരെങ്കിലും നബി(സ)യ്ക്ക് എന്തെങ്കിലും സമ്മാനം നൽകിയാൽ അതിനെക്കാൾ നല്ലത് നബി(സ) സമ്മാനമായി മടക്കിക്കൊടുക്കുമായിരുന്നു. നിസ്സാരമായ സമ്മാനങ്ങൾക്കുപകരം വിലപിടിപ്പുള്ള സമ്മാനങ്ങൾ നൽകുക എന്നത് അവിടത്തെ അനുഗൃഹീത ജീവിതചര്യയായിരുന്നു. ഇപ്രകാരം തന്നെ ദാനധർമങ്ങൾ ചെയ്യുന്നതിനുള്ള മാർഗ്ഗങ്ങൾ അവിടന്ന് അന്വേഷിച്ചുകൊണ്ടിരുന്നു. ആരിലെങ്കിലും നിന്ന് പണം കൊടുത്ത് സാധനം വാങ്ങുകയും പന്നീട് അതവർക്കു തന്നെ തിരിച്ചുകൊടുക്കുകയും ചെയ്യുന്ന സന്ദർഭങ്ങളും ഉണ്ടായിട്ടുണ്ട്. ഭൗതികസ്വത്തിന് നബിയുടെ പക്കൽ ഒരു സ്ഥാനവും ഉണ്ടായിരുന്നില്ല. കൈയിലുള്ള സകലതും വിതരണം ചെയ്യണമെന്നതായിരുന്നു അവിടത്തെ ആഗ്രഹം.

ഹസ്റത്ത് അബൂദർ(റ) നിവേദനം ചെയ്യുന്നു. നബി(സ) പറഞ്ഞു: ഉഹ്ദ് മലയോളം സ്വർണ്ണം എന്റെ കൈയിലുണ്ടെങ്കിൽ മൂന്നാം ദിവസം ഉദിച്ചുയരുന്നതിനു മുമ്പേ അത് വിതരണം ചെയ്തിരിക്കണമെന്നതാണ് എന്റെ ആഗ്രഹം. പിന്നീട് പറഞ്ഞു: പുനരുത്ഥാന നാളിൽ സമ്പന്നർ നഷ്ടത്തിലായിരിക്കും; സൃഷ്ടികൾക്കുവേണ്ടി ചെലവഴിക്കുന്നവരൊഴികെ.

വാഗ്ദത്ത മസീഹ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ) പറയുന്നു: നബി(സ)യുടെ മഹത്തായ ധാർമ്മിക ഗുണങ്ങൾ നൂറുകണക്കിന് സന്ദർഭങ്ങളിൽ വ്യക്തമായും പ്രകടമായിട്ടുണ്ട്. ആ മഹാത്മാവ് പരീക്ഷിക്കപ്പെട്ടു. അവിടത്തെ സത്യത സൂര്യനെപ്പോലെ വിളങ്ങി. ധാർമ്മിക ഗുണങ്ങളായ സഹൃദയത്വവും ഔദാര്യവും ദാനധർമ്മവും ത്യാഗവും വിജയങ്ങളും ധൈര്യവും സ്വാത്മപരിത്യാഗവും ഉള്ളതുകൊണ്ട് തൃപ്തിപ്പെടലും ഭൗതികതയോടുള്ള വിരക്തിയും നബിയുടെ അനുഗൃഹീതവ്യക്തിത്വത്തിൽ ഒരുപോലെ പ്രകാശിക്കുന്നതും തികവാർന്ന നിലയിൽ തിളങ്ങുന്നതുമായിരുന്നു. അല്ലാഹു നബി(സ)യ്ക്ക് അസംഖ്യം ഖജനാവുകൾ നല്കി. അതെല്ലാം അവിടന്ന് അല്ലാഹുവിന്റെ വഴിയിൽ ചെലവഴിച്ചു. തനിക്കായി ഒന്നും എടുത്തുവെച്ചില്ല. ഒരു കെട്ടിടമോ അരമനയോ നിർമ്മിച്ചില്ല. ചെറിയൊരു ചെറ്റ കുടിലിൽ അവസാനകാലം വരെ ജീവിച്ചു. ഉറങ്ങാൻ തറയിൽ ബിസ്തർ വിരിച്ചു. താമസിക്കാൻ ചെറിയൊരു കുടിൽ. ഭക്ഷിക്കാൻ യവം കൊണ്ടുണ്ടാക്കിയ റൊട്ടി. ഇല്ലെങ്കിൽ പട്ടിണി. നബിയ്ക്ക് ഭൗതികസ്വത്ത് ധാരാളമായി നൽകപ്പെട്ടിരുന്നു. പക്ഷേ, തന്റെ കൈയിൽ ചേറു പുരളാൻ നബി(സ) ഇട നൽകിയില്ല. ലോകത്തെ ഒരു വസ്തുവിനും മരണം വരെ ഒരു വിലയും കല്പിച്ചുമില്ല. ദുൻയാവിൽ ഒരിക്കലും പ്രകടമായിട്ടില്ലാത്തതും, ഇനി പ്രകടമാകാത്തതുമായ ഉദാത്തമായ ധാർമ്മിക ഗുണങ്ങളുടെ മാതൃകകൾ അവിടന്ന് ലോകത്ത് സ്ഥാപിച്ചു. (ഖുത്ബ. 18-3-2005)

n


## അഹ്മദിയ്യാ ഖിലാഫത്ത് ശതാബ്ദി

# അൽഖുർആൻ എക്സിബിഷൻ

**മെയ് 17 മുതൽ ജൂൺ 2വരെ.**

**മെയ് 17ന് വൈകുന്നേരം 5 മണിക്ക്**

**കോഴിക്കോട് എം.എൽ.എ. പ്രദീപ്കുമാർ** ഉദ്ഘാടനം ചെയ്യുന്നു.

*സെമിനാർ*

18-5-2008 ഞായറാഴ്ച വൈകുന്നേരം 5 മണി. വിഷയം : ആത്മീയ മൂല്യങ്ങളും ആധുനിക കാലവും

25-5-2008 ഞായറാഴ്ച വൈകൂന്നേരം 5 മണി. വിഷയം : സമകാലിക മുസ്‌ലിം ലോകം

**ജി. എച്ച്. റോഡ്, മലബാർ പാലസിന് സമീപം, കോഴിക്കോട് - 1.**

*എല്ലാവരെയും സാദരം ക്ഷണിച്ചുകൊള്ളുന്നു.*

മഹ്മൂദ് കൽക്കുളം

ലേഖനം

# ഇസ്‌ലാമിക ഖിലാഫത്തിന്റെ പുനരുദയം

**ഖിലാഫത്ത് വിശ്വസിക്കുകയും സൽക്കർമ്മങ്ങൾ അനുഷ്ഠിക്കുകയും ചെയ്യുന്നവർക്കുള്ള സോപാധികമായ അനുഗ്രഹമാണ്. അത് ഇടക്കാലത്ത് മുറിഞ്ഞുപോയിട്ടില്ല.**

വിശ്വസിക്കുകയും സൽകർമ്മങ്ങളനുഷ്ഠിക്കുകയും ചെയ്യുന്നവർക്ക് വാഗ്ദാനം ചെയ്യപ്പെട്ട മഹത്തായ ദൈവിക പാരിതോഷികമാണ് ഖിലാഫത്ത് വ്യവസ്ഥിതി. ജനങ്ങൾ ആധികാരികമായി സന്മാർഗത്തിലൂടെ നയിക്കപ്പെടാനുള്ള ദൈവിക സംവിധാനമാണത്. അഥവാ അല്ലാഹുവിൽ നിന്നും മാർഗദർശനം സിദ്ധിച്ച ജനനായകരാണ് ഖലീഫമാർ. ഇസ്‌ലാമിക സാങ്കേതികഭാഷയിൽ ആരുടെയെങ്കിലും പ്രാതിനിധ്യത്തിൽ വരുന്ന ആൾക്കാണ് ഖലീഫ എന്നു പറയുന്നത്. ഒരു പ്രവാചകന്റെ വിയോഗാനന്തരം ആ പ്രവാചകന്റെ ആത്മീയ പ്രാതിനിധ്യം ഏറ്റെടുത്തുകൊണ്ട് വിശ്വാസികളെ നയിക്കുന്ന ഖലീഫക്ക് ഖലീഫത്തുർ റസൂൽ (പ്രവാചകന്റെ പ്രതിനിധി) എന്നു പറയുന്നു. പ്രവാചകന്റെ ഗുണങ്ങളെ സ്വാംശീകരിച്ച് കൊണ്ട് അദ്ദേഹത്തിന്റെ പ്രതിരൂപമായി നിലകൊള്ളുന്ന ആളാകുന്നു യഥാർത്ഥത്തിൽ ഖലീഫത്തുർറസൂൽ. ഇത്തരം ഖലീഫമാർ എല്ലാ പ്രവാചകന്മാരുടെ കാലശേഷവുമുണ്ടായിട്ടുണ്ടെന്ന് തിരു ഹദീസുകളിൽ നിന്നും മനസ്സിലാവുന്നു. ഈ ഖലീഫമാരെ തിരഞ്ഞെടുക്കുന്നത് പ്രത്യക്ഷത്തിൽ സത്യവിശ്വാസികളാണെങ്കിലും അതിന്റെ പിന്നിൽ വർത്തിക്കുന്നതും ഖിലാഫത്തിനെ നിലനിറുത്തുന്നതും അല്ലാഹു തന്നെയാണ്. കാരണം താനാണ് ഖലീഫയെ നിലനിറുത്തുന്നതെന്നത്രെ അല്ലാഹു ഖുർആനിൽ പറഞ്ഞിട്ടുള്ളത്. എന്നാൽ പ്രവാചകന്മാരാൽ ഉൽബുദ്ധരാക്കപ്പെട്ട സത്യവിശ്വാസികൾ സൽകർമ്മികളും ഈമാനുള്ളവരുമായിരിക്കേണ്ടത് ഖിലാഫത്തിന്റെ നിലനില്പിന് അനിവാര്യമാകുന്നു. വിശ്വാസികൾ ഖിലാഫത്തിന്റെ മഹത്വത്തെയും പ്രാധാന്യത്തെയും വിലമതിക്കുന്നത്രയും കാലം ഈ പാരിതോഷികവും താനവരിൽ സ്ഥിരപ്പെടുത്തുമെന്നതാണ് ഇതുവഴി അല്ലാഹു ഇച്ഛിക്കുന്നത്.

## ഖിലാഫത്തിനെക്കുറിച്ച് ഖുർആനിൽ

ഹദ്റത്ത് മുഹമ്മദു നബി(സ)യുടെ അനുഗൃഹീത സമുദായത്തിൽ ഖിലാഫത്തുണ്ടാകുമെന്ന സുവിശേഷം അല്ലാഹു നല്കിയിട്ടുണ്ട്. ഇതു സംബന്ധിച്ച് അല്ലാഹു പറയുകയാണ്.

*"നിങ്ങളിൽ നിന്ന് വിശ്വസിക്കുകയും സൽക്കർമ്മങ്ങളിൽ അനുഷ്ഠിക്കുകയും ചെയ്യുന്നവരോട്, അവർക്ക് മുമ്പുള്ളവരെ ഖലീഫമാരാക്കിയതുപോലെ തീർച്ചയായും അവരെയും ഭൂമിയിൽ ഖലീഫമാരാക്കുകയും അവർക്കായി അവൻ തൃപ്തിപ്പെട്ട മതത്തെ അവർക്ക് പ്രബലപ്പെടുത്തി കൊടുക്കുകയും അവരുടെ ഭയത്തിനുശേഷം രക്ഷയും സമാധാനവും അവർക്ക് പകരം നല്കുകയും ചെയ്യുന്നതാണെന്ന് അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു. അവർ എന്നെ മാത്രം ആരാധിക്കുന്നതാണ്. എന്നോട് മറ്റൊന്നിനെയും അവർ പങ്കുചേർക്കുകയില്ല. അതിനുശേഷം ആരെങ്കിലും നിഷേധിക്കുകയാണെങ്കിൽ അവർ തന്നെയാണ് ധിക്കാരികൾ. (വി.ഖു. 24:56).*

ഈ ഖുർആനിക വചനത്തിൽ മുൻസമുദായങ്ങളിൽ അല്ലാഹു ഖിലാഫത്തിനെ നല്കി അനുഗ്രഹിച്ചിരുന്നതുപോലെ മുസ്‌ലിം ഉമ്മത്തിൽ ഈമാനുള്ളവരും സൽകർമ്മികളുമായ യഥാർത്ഥ വിശ്വാസികളിലും ഖിലാഫത്ത് എന്ന അനുഗൃഹീതവ്യവസ്ഥയെ അവൻ നിലനിറുത്തിക്കൊടുക്കുന്നതാണെന്നും അതുമുഖേന അവർക്ക് സമാധാ

നവും നിർഭയാവസ്ഥയും നല്കുന്നതാണെന്നും വ്യക്തമായി വിവരിച്ചിരിക്കുന്നു. ബനു ഇസ്റാഈല്യരിൽ മൂസാനബിക്ക്ശേഷം എപ്രകാരം ഖലീഫമാരെ നിശ്ചയിച്ചുവോ അതുപോലെ മുസ്ലിം സമുദായത്തിലും ഖലീഫമാരെ നിശ്ചയിക്കുമെന്നാണ് "അവർക്ക് മുമ്പേയുള്ളവരെ ഖലീഫമാരാക്കിയതുപോലെ" എന്നു പറഞ്ഞതിന്റെ സാരം. മേലുദ്ധരിച്ച ഖുർആനികവചനം ഇസ്ലാമിൽ ഖിലാഫത്തുണ്ടാകുന്നതിനെ സംബന്ധിച്ചാണെന്ന് പൂർവ്വകാല വ്യാഖ്യാതാക്കൾ പ്രസ്താവിച്ചിട്ടുണ്ട്. ഈ വാഗ്ദാനത്തിന്റെ സാക്ഷാൽക്കാരമെന്നോണം നബി(സ) തിരുമേനിയുടെ വിയോഗാനന്തരം തുടർച്ചയായി ഖലീഫമാർ ഉണ്ടായി. അവരിൽ ഹദ്റത്ത് അബൂബക്കർ സിദ്ദീഖ് (റ) ഹദ്റത്ത് ഉമറുബ്നുഖത്താബ് (റ) ഹദ്റത്ത് ഉഥ്മാനുബ്നു അഫ്ഫാൻ (റ) ഹദ്റത്ത് അലിയ്യുബ്നു അബീത്താലിബ് (റ) എന്നീ നാലു ഖലീഫമാർ, ഖുലാഫാഉർറാശിദീൻ അഥവാ സന്മാർഗികളായ ഖലീഫമാർ എന്ന സ്ഥാനപ്പേരിലാണ് അറിയപ്പെടുന്നത്. എന്നുവെച്ചാൽ നബി (സ) തിരുമേനിയുടെ ആത്മീയ പ്രാതിനിധ്യ സ്വഭാവം ശരിക്കും തങ്ങളിൽ പ്രതിഫലിപ്പിച്ചിരുന്ന ഖലീഫമാരായിരുന്നു അവർ. അല്ലാഹുവിന്റെ അനുഗ്രഹവും ആശിർവാദവും ലഭിച്ചിരുന്ന അനുഗൃഹീത ഖിലാഫത്തായിരുന്നു അവരുടേത്. അതുകൊണ്ട് തന്നെ സന്മാർഗികളായ ആ ഖലീഫമാരുടെ കാലത്ത് മുസ്ലിംകളിൽ നാനാവിധത്തിലുള്ള പുരോഗതികളും അഭിവൃദ്ധികളുമുണ്ടായി. ഹിജ്റാബ്ദം 41-ാം വർഷം ഹദ്റത്ത് അലിയുടെ കാലശേഷം ആ അനുഗൃഹീത ഖിലാഫത്ത് വ്യവസ്ഥ മുസ്ലിംകൾക്ക് നഷ്ടപ്പെടുകയാണുണ്ടായത്. പിന്നീട് ഉമവിയ്യാ, അബ്ബാസിയ്യാ, ഉഥ്മാനിയ്യ എന്നീ വംശങ്ങളിൽ മാറി മാറി രാജാധിപത്യരീതിയിലുള്ള പരമ്പരാഗത ഖിലാഫത്ത് തുടർന്നുവന്നു. ആത്മീയ സ്വഭാവം നാമമാത്രമായിരുന്നതിനാൽ ആ ഖിലാഫത്തുകൾ നബി(സ) തിരുമേനിയുടെ പ്രാതിനിധ്യമുള്ളതായിരുന്നില്ല. എങ്കിലും മുസ്ലിം ഖിലാഫത്ത് എന്ന പേരിലാണ് അവയും അറിയപ്പെട്ടിരുന്നത്. 1918 വരെ പരമ്പരാഗതവും നാമമാത്രവുമായ ആ ഖിലാഫത്ത് നിലനിന്നു. ഒന്നാം ലോകമഹായുദ്ധത്തോടെ അതവസാനിക്കുകയും ചെയ്തു.

## ഇസ്ലാമിക ഖിലാഫത്തിന്റെ പുനരുദയം

തനിക്കുശേഷം ആദ്യം നുബുവ്വത്തിന്റെ രീതിയിലുള്ള യഥാർത്ഥ ഖിലാഫത്തുണ്ടാകുമെന്നും തുടർന്നത് നഷ്ടപ്പെടുമെങ്കിലും പിൽക്കാലത്ത് വീണ്ടും നുബുവ്വത്തിന്റെ രീതിയിലുള്ള ഖിലാഫത്തുണ്ടാകുന്നതാണെന്നും നബി(സ) തിരുമേനി വ്യക്തമായി പ്രവചിട്ടുണ്ട്. അബൂദർദാ(റ) നിവേദനം ചെയ്ത പ്രസ്തുത ഹദീസ് ഇപ്രകാരമാണ്.

*"അല്ലാഹു ഇച്ഛിക്കുന്നിടത്തോളം നിങ്ങളിൽ പ്രവാചകത്വം നിലനില്ക്കും. പിന്നെ അവൻ അതിനെ ഉയർത്തുകയും അവൻ ഇച്ഛിക്കുന്നിടത്തോളം പ്രവാചകത്വത്തിന്റെ മാർഗത്തിലുള്ള ഖിലാഫത്ത് നിലനില്ക്കുകയും ചെയ്യും. പിന്നെ അവൻ അതിനെ ഉയർത്തും. അനന്തരം അല്ലാഹു ഇച്ഛിക്കുന്നിടത്തോളം സ്വേച്ഛാധിപത്യം നിലനില്ക്കും. പിന്നെ അവൻ അതിനെ ഉയർത്തുകയും അവൻ ഇച്ഛിക്കുന്നിടത്തോളം ബലാൽക്കാരപൂർവമായ ഭരണം നിലനില്ക്കുകയും ചെയ്യും. പിന്നെ അല്ലാഹു അതിനും അന്ത്യം കുറിക്കും. പിന്നീട് പ്രവാചകത്വത്തിന്റെ മാർഗത്തിലുള്ള ഖിലാഫത്തായിരിക്കും ഉണ്ടായിരിക്കുന്നത്. അതിനുശേഷം നബി തിരുമേനി ഒന്നും പറഞ്ഞില്ല.* (മിശ്ക്കാത്ത് - കിത്താബുർരിഖാഖ്) വ്യക്തമായ ഈ പ്രവചനപ്രകാരം ആദ്യം 'ഖൈറെ ഉമ്മത്തിൽ' നബി(സ) തിരുമേനിയുടെ അനുഗൃഹീതമായ പ്രവാചകത്വം നിലനിന്നു. പിന്നീട് അല്ലാഹു അതിനെ ഉയർത്തിയപ്പോൾ അഥവാ നബിയുടെ വിയോഗം സംഭവിച്ചപ്പോൾ ഹദ്റത്ത് അബൂബക്കർ (റ) ഹദ്റത്ത് ഉമർ (റ) ഹദ്റത്ത് ഉഥ്മാൻ (റ) ഹദ്റത്ത് അലി(റ) തുടങ്ങിയവർ മുഖേന പ്രവാചകത്വത്തിന്റെ മാർഗത്തിലുള്ള ഇസ്ലാമിക ഖിലാഫത്തിനെ അല്ലാഹു മുസ്ലിംകളിൽ നിലനിറുത്തുകയുണ്ടായി. പിന്നീട് മുസ്ലിംകൾക്കത് നഷ്ടമാവുകയും അവരിൽ സ്വേച്ഛാധിപത്യത്തിന്റെയും ബലാൽക്കാരത്തിന്റെയും സ്വഭാവത്തിലുള്ള ഭൗതിക ഭരണാധികാരങ്ങളുടെ കാലഘട്ടം അവശേഷിക്കുകയും ചെയ്തു. തുടർന്ന് നബി (സ) തിരുമേനിയുടെ ശ്രേഷ്ഠ സമുദായത്തിൽ നിന്നും തിരുനബിയെ പരിപൂർണ്ണമായും അനുധാവനം ചെയ്ത ഒരു മഹാത്മാവിനെ - ഹദ്റത്ത് അഹ്മദുൽ ഖാദിയാനി (അ)യെ നുബൂവ്വത്തിന്റെ മഖാം നല്കി അല്ലാഹു എഴുന്നേല്പിപ്പിച്ചു. ഇസ്ലാമിന്റെ പുനരുത്ഥാനാർത്ഥം വാഗ്ദാനം ചെയ്യപ്പെട്ട മഹ്ദീ മസീഹ് താനാണെന്ന് ദൈവിക അറിയിപ്പനുസരിച്ച് അദ്ദേഹം ലോകസമക്ഷം പ്രഖ്യാപിച്ചു. ആ പുണ്യാത്മാവിന്റെ വിയോഗാനന്തരം 'മിൻഹാജുന്നുബുവ്വത്ത് - നുബുവ്വത്തിന്റെ രീതിയിലുള്ള യഥാർത്ഥ ഇസ്ലാമിക ഖിലാഫത്ത് പുനസ്ഥാപിക്കപ്പെട്ടു. അങ്ങനെ മേൽ പ്രവചനങ്ങൾ അക്ഷരംപ്രതി പുലരുകയുണ്ടായി. വാഗ്ദത്ത മഹ്ദീമസീഹിന്റെ വേർപാടിനെ തുടർന്ന് രണ്ടാം ഖുദ്റത്ത് (ദൈവത്തിന്റെ രണ്ടാമത്തെ ശക്തിപ്രകടനം) എന്ന നിലയിൽ വെളിപ്പെട്ട ഖിലാഫത്തിന്റെ മഹനീയ അനുഗ്രഹങ്ങൾ ഇന്ന് അഹ്മദിയ്യാ ജമാഅത്തിൽ നിലനിന്നുവരുന്നു. ഇപ്പോൾ 5-ാം ഖലീഫ ഹദ്റത്ത് മിർസാ മസ്റൂർ

അഹ്മദ് സാഹിബിന്റെ ആത്മീയ നേതൃത്വത്തിൻ കീഴിൽ ആഗോളാടിസ്ഥാനത്തിൽ സംഘടിതമായി ഇസ്‌ലാമിക മിഷനറി പ്രവർത്തനം നടത്തുന്ന ഏക മുസ്‌ലിം ജമാഅത്ത് അഹ്മദിയ്യാ ജമാഅത്ത് മാത്രമാണ്. മുസ്‌ലിം കക്ഷികളിൽ ഖിലാഫത്ത് എന്ന മഹനീയാനുഗ്രഹം ആരിൽ നിലനില്ക്കുന്നുവോ അവരാണ് യഥാർത്ഥ ഇസ്‌ലാമിക ജമാഅത്തിൽ നിലകൊള്ളുന്നവർ. കാരണം സത്യവിശ്വാസികളും സൽകർമ്മികളുമായവരിൽ മാത്രമെ ഖിലാഫത്തിനെ അല്ലാഹു നിലനിറുത്തുകയുള്ളു എന്നത് അവന്റെ വാഗ്ദാനമത്രെ.

## ഒരു സംശയ നിവാരണം

നുബൂവ്വത്തിന്റെ പിന്തുടർച്ചയിൽ വരുന്ന ഖിലാഫത്തിന്റെ ആത്മീയ പ്രഭാവശക്തിയിൽ വിശ്വാസമില്ലാത്ത ചിലർ ഭൗതിക ഭരണാധികാരമാണ് ഖിലാഫത്തിന്ന് അനുപേക്ഷണീയമായ ഉപാധിയെന്ന് പ്രചരിപ്പിച്ചു വരുന്നുണ്ട്. ഈ വാദം തികച്ചും നിരർത്ഥകവും ഖുർആന്റെ പാഠങ്ങൾക്ക് നേരെയുള്ള കയ്യേറ്റവുമാകുന്നു കാരണം

ഒന്ന് - വിശ്വസിക്കുകയും സൽകർമ്മങ്ങളനുഷ്ഠിക്കുകയും ചെയ്യുന്നവരാരോ അവർക്ക് ദൈവികാനുഗ്രഹമായി ലഭിക്കുന്ന ഒന്നാണ് ഖിലാഫത്തെന്ന് ഖുർആൻ വ്യക്തമാക്കുന്നു (24:56) ഖിലാഫത്തിനെക്കുറിച്ചുള്ള വാഗ്ദാന പൂർത്തീകരണം വിശ്വാസവും സൽകർമ്മവുമായി ബന്ധിപ്പിച്ചിരിക്കുകയാണ്. എന്നാൽ ഭൗതിക ഭരണാധികാരത്തിന്റെ നിലനില്പിന് ഈമാനും സൽകർമ്മവും അനിവാര്യനിബന്ധനയല്ല.

രണ്ട് - ഖിലാഫത്തിനെക്കുറിക്കുന്ന ഖുർആനിക വചനത്തിൽ (24:56) ഇസ്‌ലാമിക ഖലീഫമാരുടെ സവിശേഷ ഗുണങ്ങളായി മനസ്സിലാവുന്നത് അവർ ശിർക്കിൽ നിന്നും പരിശുദ്ധരും തൗഹീദിന്റെ പ്രതിരൂപങ്ങളായി നിലകൊണ്ട് അപ്രകാരം ജനങ്ങളെ നയിക്കുന്നവുമാണെന്നാണ്. അവർ മുഖേന ദീനിന്ന് പ്രബലത കൈവരുന്നതുമാണ്. മേൽപറഞ്ഞവിധത്തിൽ ദീനിന്ന് പ്രബലത ലഭിക്കുന്നതിന്നും വിശ്വതലത്തിൽ അതിന്റെ സംഘടിത പ്രചാരണത്തിന്നും ആഗോളാടിസ്ഥാനത്തിലുള്ള ഒരു ആത്മീയ നേതൃത്വമാണ് അവശ്യം അനിവാര്യമായിട്ടുള്ളത്. ദീനിനെ പ്രബലപ്പെടുത്തുകയാണ് ഖിലാഫത്തിന്റെ പരമലക്ഷ്യമായി ഖുർആൻ പറയുന്നത്. ശിർക്കിന്റെ നേരിയ അംശം പോലുമില്ലാത്തതും പരിപൂർണ്ണമായും തൗഹീദിലധിഷ്ഠിതവുമായ രീതിയിൽ ദീനിനെ നയിക്കുവാൻ പ്രവാചകത്വത്തിന്റെ പ്രതിരൂപങ്ങളും ദൈവപ്രബുദ്ധരുമായ മഹാത്മാക്കൾക്കേ സാദ്ധ്യമാകൂ. ഖിലാഫത്തിന്റെ ആത്യന്തികലക്ഷ്യം ഇതാണെന്നിരിക്കേ ഭൗതികഭരണാധികാരമുള്ള ആൾക്കേ ഖലീഫ എന്ന് പറയാവൂ എന്ന വാദഗതിക്ക് പിന്നെ പ്രസക്തിയൊന്നുമില്ല.

മൂന്ന് - ദൈവത്തിന്റെ പ്രതിനിധികളാകുന്നു (ഖലീഫത്തുല്ലാഹ്) പ്രവാചകന്മാർ. അവരിൽ അപൂർവ്വം ചിലർക്ക് മാത്രമെ ഭരണാധികാരമുണ്ടായിരുന്നുള്ളൂ. ഭൂരിഭാഗം പ്രവാചകന്മാരും ഭരണം സിദ്ധിച്ചിട്ടില്ലാത്തവരും ചിലർ ഭരണകൂടത്തിൻ കീഴിൽ ഉദ്യോഗം വഹിച്ചവരുമായിരുന്നു. അവർ ഭരണം സ്ഥാപിക്കാൻ ശ്രമിച്ചിരുന്നില്ല. മറിച്ച് മർദ്ദക ഭരണകൂടത്തിന്റെ എതിർപ്പുകളും പീഡനങ്ങളും അവർ സഹിക്കുകയാണുണ്ടായത്. ഹിജ്റത്തിനു മുമ്പുള്ളകാലമത്രയും പ്രവാചകശ്രേഷ്ഠരായ നബി(സ) തിരുമേനിക്ക് പോലും ഭരണാധികാരം ലഭിച്ചിരുന്നില്ല. അതിനാൽ പ്രവാചകന്മാരുടെ പിന്തുടർച്ചയിൽ വരുന്നവരും പ്രവാചകന്മാരാൽ ദീപ്തമാക്കിയ ആത്മീയ തേജസ്സിനെ ഭൂമിയിൽ നിലനിറുത്തേണ്ടവരും അവരുടെ പ്രതിനിധികളുമായ ഖലീഫമാർക്ക് ഭരണാധികാരമുണ്ടാകണമെന്ന വാദം അർത്ഥശൂന്യമാണ്. മാത്രമല്ല 'നിങ്ങൾക്ക് മുമ്പുള്ള വരെ ഖലീഫമാരാക്കിയതുപോലെ' എന്ന ഖുർആനിക വചനപ്രകാരം പൂർവ്വ പ്രവാചകന്മാരുടെ പിന്തുടർച്ചയിൽ വന്ന ഖലീഫമാർക്കധികവും ഭരണാധികാരമുണ്ടായിരുന്നില്ലെന്നും അതുപോലുള്ള ഖിലാഫത്തായിരിക്കും മുസ്‌ലിം സമുദായത്തിലുണ്ടാവുകയെന്നും വ്യക്തമാകുന്നു.

നാല്: - ഇസ്‌ലാമിക ഖിലാഫത്തിന്റെ ഉദ്ദേശ്യം മുഹമ്മദ് (സ) തിരുമേനിയുടെ പ്രാതിനിധ്യം വഹിക്കുന്ന സ്ഥാനമാകുന്നു. നബി തിരുമേനിയുടെ ദൗത്യത്തിന്റെ പരമോദ്ദേശ്യം മനുഷ്യരെ സന്മാർഗത്തിലേക്ക് നയിക്കുകയും അവരെ ദൈവസാമീപ്യം പ്രാപിക്കുമാറാകുന്ന അവസ്ഥയിലേക്ക് ഉയർത്തുകയും ചെയ്യുക എന്നതത്രെ. അവിടത്തെ ദൗത്യോദ്ദേശ്യം രാജ്യഭരണം സ്ഥാപിക്കലായിരുന്നില്ല. എന്നാൽ മദീനാപ്രവാസകാലത്ത് ഒരു പാരിതോഷികമെന്ന നിലയിൽ ഭരണം അദ്ദേഹത്തിന് ലഭിച്ചെന്ന് മാത്രം. നബി(സ) തിരുമേനിയുടെ ആവിർഭാവത്തിന്റെ പരമോന്നത ലക്ഷ്യം അദ്ധ്യാത്മികവും ധാർമ്മികവുമായ ദൗത്യപൂർത്തീകരണമാണെന്നറിഞ്ഞതിനാൽ അവിടത്തെ പ്രതിനിധികളായി എഴുന്നേല്പിക്കപ്പെടുന്ന ഖലീഫമാരുടെ ലക്ഷ്യവും മറ്റൊന്നാകാൻ നിർവ്വാഹമില്ല.

## ഖിലാഫത്തിന്റെ അനുഗ്രഹങ്ങൾ

ഖിലാഫത്തിനെ കുറിക്കുന്ന ഖുർആനിക വചനത്തിൽ അതുമൂലമുണ്ടാകുന്ന മഹനീയാനുഗ്രഹങ്ങളെപ്പറ്റിയും വിവരിക്കപ്പെട്ടിട്ടുണ്ട്. അവ സംക്ഷിപ്തമായി താഴെ പറയുന്നു.

*(ശേഷം 26-ൽ)*

ലേഖനം

മാലിക്ക് അമീൻ കാക്കനാട്

# അൽജമാഅത്തും മുസ്ലിംകളും

**ഇസ്ലാമിലെ ഏതൊരു കർമ്മരൂപത്തിലും ജമാഅത്തിന്റെ മാതൃക കാണാം. അൽജമാഅത്തില്ലാതെ ഇസ്ലാമിക സാമൂഹിക ജീവിതം സാധ്യമല്ല ഖിലാഫത്താണ് ഇസ്ലാമിലെ മാതൃകാസാമൂഹിക വ്യവസ്ഥ.**

ഇസ്ലാം ഉന്നതമായ സാമൂഹിക വീക്ഷണമുൾക്കൊള്ളുന്ന ജീവിത ദർശനമാണ്. അതിന്റെ സാമൂഹിക സംഘാടനം മനുഷ്യപ്രകൃതിക്കനുയോജ്യവും മനുഷ്യന്റെ സമ്പൂർണ്ണ വളർച്ച വാഗ്ദാനം ചെയ്യുന്നതുമാണ്. സാർവ്വദേശിയതയാണ് അതിന്റെ മുഖമുദ്ര. ആഗോളതലത്തിൽ സാർവ്വജനീനമായി പരന്നുകിടക്കുന്ന മുസ്ലിംകൾ സംഘടനാബോധത്തോടെ ഒത്തൊരുമിച്ച് സംഘടിച്ചു പ്രവർത്തിക്കേണ്ടതും, ജീവിക്കേണ്ടതുമായ അനിവാര്യതയിലേക്കാണ് ഇസ്ലാം ഊന്നുന്നത്. സംഘടിത ജീവിതമെന്നത് ഇസ്ലാമിന്റെ സനാതനമായ വീക്ഷണമാണെങ്കിലും, സംഘടിക്കുകയെന്ന സാമൂഹ്യബോധം മനുഷ്യമനസ്സുകളിൽ അന്തർലീനമാണ്. ഇത് മനുഷ്യന്റെ പ്രകൃതമാണ്. ഈ ത്വര പൗരാണിക കാലം മുതലെ മനുഷ്യനിൽ തുടിച്ചുനിൽക്കുന്ന വികാരമാണ്. ഈ സവിശേഷത മനുഷ്യനെ മറ്റു ജീവജാലങ്ങളിൽ നിന്ന് വ്യത്യസ്തനാക്കുന്നു. *“മനുഷ്യരേ, തീർച്ചയായും നാം നിങ്ങളെ ആണിൽ നിന്നും, പെണ്ണിൽ നിന്നുമായി സൃഷ്ടിച്ചിരിക്കുന്നു. നിങ്ങളെ വിവിധ സമുദായങ്ങളും ഗോത്രങ്ങളുമാക്കിയിരിക്കുന്നു. നിങ്ങൾ അന്യോന്യം പരിചയപ്പെടുന്നതിനുവേണ്ടി....”* (വി.ഖു. 49:714) പരസ്പരം ഭിന്നിച്ചും, അകന്നും, പോരടിച്ചും കഴിയുന്നതിനു വേണ്ടിയല്ല. ഒരു സമുദായമായി, ഒരു സമൂഹമായി സംഘടിച്ചുജീവിക്കുകയെന്ന കാഴ്പ്പാടിലാണ് മാനവകുലത്തെ പ്രപഞ്ചനാഥൻ ആസൂത്രണം ചെയ്തിരിക്കുന്നത്.

ഒറ്റപ്പെട്ട ജീവിതം നയിക്കാൻ മനുഷ്യന് സാധ്യമല്ല. അവന്റെ ജീവിതം സുന്ദരവും, സുരഭിലവും, മനോഹരവും, ഐശ്വര്യപൂർണ്ണവുമായി പരിലസിക്കണമെങ്കിൽ പരസ്പരം സഹകരണത്തിലൂടെയും, സഹവർത്തിത്വത്തിലൂടെയുമാണ് ആർജിക്കാൻ കഴിയുക. മാനവലോകം പുരോഗതിയുടേയും വികാസത്തിന്റേയും സരണിയിലൂടെ കടന്നുപോയത് ഈ ഐക്യപ്പെടലിന്റെ ശീതളച്ഛായയിലൂടെയാണ്.

ഇസ്ലാം സംഘടനയുടെ പ്രാധാന്യവും ആവശ്യകതയും ഊന്നിപ്പറയുമ്പോൾ, വ്യത്യസ്ത ടൈറ്റിലുകളിൽ ചെറിയ ചെറിയ ഗ്രൂപ്പുകളായി സംഘടിക്കുകയെന്ന കാഴ്ചപ്പാടിലല്ല, സമസ്ത മുസ്ലിംകളും സർവ്വദേശീയ അടിസ്ഥാനത്തിൽ ഒരു നേതാവിന്റെ നേതൃത്വത്തിൽ സംഘടിച്ചു പ്രവർത്തിക്കുകയെന്ന ചിന്താധാരയാണ് അത് മുസ്ലിം മനസ്സുകളിലേക്ക് കടത്തിവിടുന്നത്. നിർഭാഗ്യവശാൽ മുസ്ലിം സമുദായം വിസ്മരിച്ചുപോയ ഇസ്ലാമിന്റെ കാതലായ ചിന്താധാരയാണിത്. ഇസ്ലാമിന്റെ ജീവനാഡിയായ ഈ സംഘടനാജീവിതവും സാമൂഹ്യക്രമവും വർത്തമാനകാലത്തെ മുസ്ലിംകളിൽ നിന്നും അന്യാധീനപ്പെട്ടിരിക്കുന്നു.

ഇസ്ലാമിന്റെ പേരിൽ രൂപീകരിക്കപ്പെട്ട ഒരുപിടി സംഘടനകളും പ്രസ്ഥാനങ്ങളും ഇന്ന് ലോകത്ത് പ്രവർത്തിക്കുന്നുണ്ട്. കേരളത്തിൽ തന്നെ ഇത്തരം സംഘടനകളുടേയും, പ്രസ്ഥാനങ്ങളുടേയും ബാഹുല്യം കൊണ്ട് വീർപ്പുമുട്ടുകയാണ്. മുസ്ലിംകൾ സംഘടിച്ച് പ്രവർത്തിക്കേണ്ടതിന്റെ അനിവാര്യതയെക്കുറിച്ച് അവർ തികച്ചും ബോധവാന്മാരാണെങ്കിലും, എങ്ങനെ, എവിടെ, ഏതു രീതിയിൽ സംഘടിക്കണമെന്ന ഇസ്ലാമിക പരിജ്ഞാനം തീരെ ഇല്ലെന്ന് പറയാം. എവിടേയും എങ്ങനെയും, ഏതു അടിസ്ഥാനത്തിലും സംഘടിച്ചാൽ അത് ഇസ്ലാം വിഭാവനം ചെയ്യുന്ന ഇസ്ലാമിക സംഘടനയെന്നു വിശേഷിപ്പിക്കുന്ന അൽജമാഅത്താകുമെന്ന മിഥ്യാധാരണയാണ് അവർക്കുള്ളത്. ഈ മിഥ്യാധാരണ സാരമായ പിശകും അബദ്ധജഢിലവുമായ വിശ്വാസവുമാണ്.

ഇസ്ലാം സംഘടനക്ക് അമിതമായ പ്രാധാന്യവും മഹത്വവുമാണ്

നൽകിയിട്ടുള്ളത്. ഈ സംഘടനാ ബോധം ഇസ്ലാമിന്റെ ആരാധനാ കർമ്മങ്ങളിൽ പോലും ദൃശ്യമാണ്. ഇസ്ലാമിൽ നമസ്ക്കാരം അതിശ്രേഷ്ഠമായ ഒരു ആരാധനയാണ്. ഈ ആരാധന ഓരോ മനുഷ്യന്റേയും വ്യക്തിപരവും സ്വകാര്യവുമായ കാര്യമാണ്. അത് അല്ലാഹുവിലേക്കുള്ള മനുഷ്യന്റെ മിഅ്റാജാണെന്നാണ് നബി(സ) അരുൾ ചെയ്തത്. ഇത് കേവലം വ്യക്തിപരമായ കാര്യമായിട്ട് പോലും ഒറ്റക്ക് എവിടെയും എങ്ങനെയും ഒഴിഞ്ഞ മൂലയിലിരുന്ന് തനിച്ച് നമസ്ക്കരിക്കണമെന്നല്ല ഇസ്ലാം ആവശ്യപ്പെടുന്നത്. നിർബന്ധ നമസ്ക്കാരം ജമാഅത്തായി - സംഘടിതമായി അനുഷ്ഠിക്കണമെന്നാണ് അത് അനുശാസിക്കുന്നത്. തനിച്ച് നമസ്ക്കരിക്കുന്നതിനപേക്ഷിച്ച് ഇരുപത്തിയേഴിരട്ടി പുണ്യമുണ്ട് ജമാഅത്തായിട്ടുള്ള നിമസ്ക്കാരത്തിനെന്ന് പ്രവാചകന്റെ അരുളപ്പാട് സംഘടനാ സമ്പ്രദായത്തിന്റെ പ്രാധാന്യത്തിന് അടിവര ഇടുകയാണ് ചെയ്യുന്നത്.

ജമാഅത്തായ നിമസ്ക്കാരമെന്ന് വിവക്ഷിക്കുമ്പോൾ അതിന് വ്യക്തമായ രൂപവും രീതിയും സമ്പ്രദായവും ഉണ്ട്. ഓരോരുത്തർക്കും തോന്നുന്നതനുസരിച്ച് നിർവ്വഹിച്ചാൽ അത് ജമാഅത്തായിട്ടുള്ള നമസ്കാരം ആകുകയില്ല. ജമാഅത്തായി നമസ്ക്കരിക്കാൻ ആഗ്രഹിക്കുന്നവർ കൂട്ടത്തിൽ യോഗ്യനായ ഒരാളെ ഇമാമായി തെരഞ്ഞെടുക്കണം. ആ ഇമാമിന്റെ നേതൃത്വത്തിൽ എല്ലാവരും കഅ്ബക്ക് നേരെ മുഖം തിരിച്ച് തോളോട് തോളുരുമ്മി അണിയണിയായി നിൽക്കണം. ഇമാമിനോട് പരിപൂർണ്ണമായി അനുസരണം പുലർത്തികൊണ്ട് അദ്ദേഹത്തിന്റെ ചലനങ്ങൾക്കൊത്ത് പിന്തുടരണം. ഇമാം തക്ബീർചൊല്ലി കൈകെട്ടുമ്പോൾ, കൈകെട്ടണം. കുനിയുമ്പോൾ കുനിയണം. സുജൂദ് ചെയ്യുമ്പോൾ സുജൂദ് ചെയ്യണം. ഇരിക്കുമ്പോൾ ഇരിക്കണം. സലാം ചൊല്ലി നമസ്ക്കാരത്തിൽ നിന്ന് വിരമിക്കുന്നതുവരെ എല്ലാവരും ഇമാമിനെ അനുഗമിക്കേണ്ടത് നിർബന്ധമാണ്. നമസ്ക്കാരത്തിനിടയിൽ ഇമാമിനു മറവിയോ, പിശകോ സംഭവിച്ചാൽ സുബ്ഹാനല്ലാഹ് എന്ന് ഉച്ചത്തിൽ പറഞ്ഞുകൊണ്ട് പിശകിനെക്കുറിച്ച് ബോധവാനാക്കുകയോ, ഓർമ്മപ്പെടുത്തുകയോ ചെ യ്യാം. എന്നാൽ ഇമാം ആ തെറ്റ് തിരുത്താതെയും, മറവി മനസ്സിലാക്കാതേയും നമസ്ക്കാരം തുടരുകയാണെങ്കിൽ, ഇമാമിനെ നിർബന്ധിച്ച് തിരുത്തിപ്പിക്കാനോ, ഇമാമിനെ ഉപേക്ഷിച്ച് തനിച്ച് നിസ്ക്കരിക്കാനോ ഇസ്ലാം അനുവാദം നൽകുന്നില്ല. ജമാഅത്തായിട്ടുള്ള നിമസ്ക്കാരത്തിന്റെ രൂപവും, ഭാവവുമെല്ലാം ഒരു ഇസ്ലാമിക അൽജമാഅത്ത് വ്യവസ്ഥയുടെ സിംബലായി (Symbol) തുലനം ചെയ്യാൻ കഴിയും.

നമസ്ക്കാരത്തിൽ മാത്രമല്ല ഇസ്ലാമിന്റെ മറ്റ് ഇബാദത്തുകളായ സക്കാത്ത്, നോമ്പ്, ഹജ്ജ് എന്നീ ആരാധനകർമ്മങ്ങളിലും, സംഘടിത സമ്പ്രദായവും, സാമൂഹ്യബോധവും ഊട്ടിയുറപ്പിക്കുന്ന വിധത്തിലാണ് ഇസ്ലാം അതിനെ ക്രമീകരിച്ചിരിക്കുന്നതെന്ന് കാണാം. ആരാധനകർമ്മങ്ങളിൽ മാത്രമല്ല മുസ്ലിംകൾ അഭിമുഖീകരിക്കുന്ന സർവ്വജീവിത വ്യവഹാരങ്ങളിലും സംഘടിതജീവിതത്തിന്റെ നിറവും, മണവും സ്വാംശീകരിക്കേണ്ടതിന്റെ പ്രാധാന്യത്തെ സംബന്ധിച്ച് അത് ശക്തമായി ഉൽബോധിപ്പിക്കുന്നുണ്ട്. *"മൂന്നു പേർ യാത്ര പുറപ്പെട്ടാൽ അവരിൽ ഒരാളെ നേതാവായി തെരഞ്ഞെടുക്കണം"* (അബൂദാവൂദ്). ആ നേതാവിന്റെ നേതൃത്വത്തിലായിരിക്കണം ബാക്കിയുള്ളവർ യാത്ര ചെയ്യേണ്ടത്. ഒരു യാത്രയിൽ പോലും മുസ്ലിംകൾ അസംഘടിതാവസ്ഥയിലാകരുതെന്ന് പ്രവാകൻ (സ) ജാഗ്രതപ്പെടുത്തുന്നു. ഒന്നിലധികം മുസ്ലിംകൾ ചെയ്യുന്ന ഏത് കാര്യവും, പ്രവൃത്തിയും ഒരു നേതാവിന്റെ കീഴിൽ സംഘടിച്ചുചെയ്യണമെന്ന് ഇസ്ലാം നിർബന്ധിക്കുമ്പോൾ, സംഘടിത ജീവിതത്തിന്റെ പ്രാധാന്യവും ആവശ്യകതയും ഇസ്ലാം എത്രമാത്രമാണ് ഉയർത്തിപ്പിടിക്കുന്നത്.

മുസ്ലിംകളുടെ മതപരവും ലൗകികവുമായ സർവ്വ സാമൂഹ്യ ബന്ധങ്ങളും, ആരാധനാകർമ്മങ്ങളും ഒരു നേതാവിന്റെ നേതൃത്വത്തിൽ സംഘടിതമായി ചെയ്യുന്നതിന്റെ പ്രാധാന്യത്തെക്കുറിച്ച് ഇസ്ലാം ആയിരം നാവുകളോട് കൂടിയാണ് സംസാരിക്കുന്നത്.

*"സത്യവിശ്വാസികളെ, നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കേണ്ടമുറയനുസരിച്ച് സൂക്ഷിക്കുക. പൂർണ്ണമായും അനുസരണം പുലർത്തുന്നവരായിക്കൊണ്ടല്ലാതെ നിങ്ങൾ മരിക്കാനിടയാകരുത്. നിങ്ങളെല്ലാവരും ഒത്തുചേർന്നു അല്ലാഹുവിന്റെ പാശത്തെ മുറുകെ പിടിക്കുക. നിങ്ങൾ ഭിന്നിക്കരുത്...."* (3–103–104) ഈ ഖുർആനിക വചനത്തിന്റെ ഗൗരവത്തെ ഉണർത്തികൊണ്ട് പ്രവാചകൻ (സ) അരുളി. *''സംഘടനയെ മുറുകെ പിടിക്കുക. ഭിന്നിപ്പ് സൂക്ഷിക്കുക''* (തിർമിദി). ഇസ്ലാമിക ജീവിതത്തിന്റെ അഭിവാജ്യഘടകമാണ് സംഘടനയും, അതിന്റെ നേതൃത്വവും അതിനോടുള്ള അനുസരണവുമെന്ന് ബോധ്യപ്പെടുത്തിക്കൊണ്ട് ഹ: ഉമർ (റ) മൊഴിയുന്നു. *"സംഘടനയില്ലാതെ ഇസ്ലാമില്ല. നേതൃത്വമില്ലാതെ സംഘടനയില്ല. അനുസരണമില്ലാതെ നേതൃത്വവുമില്ല."* നബി(സ)യുടെ വിയോഗാനന്തരം മുസ്ലിം ഉമ്മത്ത് സ്വീകരിക്കേണ്ട മാർഗനിർദ്ദേശങ്ങളായി അഞ്ച് (5) കാര്യങ്ങൾ നബി(സ) തന്റെ ഉമ്മത്തിനോട് കല്പിച്ചുകൊണ്ട് പറഞ്ഞു: ഞാൻ അഞ്ച് കാര്യങ്ങൾ കല്പിക്കുന്നു. (1) സം

ഘടിക്കുക (2) (നേതൃത്വത്തിന്റെ) ആജ്ഞകൾ ശ്രദ്ധിക്കുക (3) (നേതൃത്വത്തെ) അനുസരിക്കുക (4) പലായനം ചെയ്യുക (5) അല്ലാഹുവിന്റെ മാർഗത്തിൽ സമരം ചെയ്യുക. ഈ അഞ്ച് കാര്യങ്ങൾ നബി (സ)യുടെ വേർപാടിനുശേഷമുള്ള മുസ്‌ലിം ഉമ്മത്തിന് നബി(സ) നൽകിയ മാഗ്നാകാർട്ടയാണ്. ഇതിന്റെ ഈ അഞ്ച് കല്പനകളുടെ അടിസ്ഥാനത്തിൽ നബി(സ)യുടെ നിര്യാണത്തിനുശേഷം (മുസ്‌ലിം ഉമ്മത്ത്) സഹാബാക്കൾ സംഘടിച്ചു നിന്ന് നബി(സ)യുടെ പ്രതിനിധിയായി ഒരു ഖലീഫയെ തെരഞ്ഞെടുത്തുകൊണ്ട് "അൽ ജമാഅത്ത്" സ്ഥാ പിക്കുകയുണ്ടായി. നബി(സ)യുടെ പുണ്യ ഭൗതികശരീരം കബറടക്കം ചെയ്യുന്നതിനു പകരം സഹാബാക്കൾ ആദ്യമായി (ഒന്നാമതായി) ചെയ്തത് ഒരു നേതാവിനെ തെരഞ്ഞെടുക്കുകയെന്ന കർത്തവ്യമാണ് നിർവ്വഹിച്ചത്. ഈ കാര്യത്തിൽ സഹാബാക്കൾക്കിടയിൽ യാതൊരു ഭിന്നാഭിപ്രായവും ഉണ്ടായിരുന്നില്ല. ഖലീഫയെ ബൈഅത്ത് ചെയ്യാതെ ഒരാൾക്കും മുസ്‌ലിമായി ജീവിക്കാൻ സാദ്ധ്യമല്ലെന്നും അത് അനഭിലഷണീയമാണെന്നും സഹാബാക്കൾ സംശയലേശമന്യേ വിശ്വസിച്ചിരുന്നു. അതുകൊണ്ടാണ് അവർ ഒരു ഖലീഫ ദിവംഗതനാകുമ്പോൾ പുതിയൊരു ഖലീഫയെ തെരഞ്ഞെടുത്തുകൊണ്ട് ബൈഅത്ത് ചെയ്യുകയും അൽജമാഅത്ത് സ്ഥാപിക്കാൻ ശ്രമിക്കുകയും ചെയ്തുകൊണ്ടിരുന്നത്.

അൽജമാഅത്തുമായി ബന്ധപ്പെടാതെ അകന്നുനിൽക്കുന്നതും, അതിൽ നിന്നും വിച്ഛേദിച്ചുകൊണ്ട് പുറത്തുപോകുന്നതും ഈമാനിനു വിരുദ്ധമാണെന്ന നബിതിരുമേനി (സ)യുടെ താക്കീത്സ്വരം ഗൗരവത്തോടെ മനസ്സിലാക്കേണ്ടതാണ്. ഒരുവൻ അൽജമാഅത്തിൽ നിന്ന് "ഒരു ചാൺ പുറത്തുപോയാൽ *ഇസ്‌ലാമിന്റെ ബന്ധം തന്റെ കഴുത്തിൽ നിന്നും അയാൾ ഉരിഞ്ഞു കഴി ഞ്ഞു"* എന്നും *"ഒരുവൻ (നേതൃത്വത്തോടുള്ള) അനുസരണത്തിൽ നിന്ന് പുറത്ത് പോകുകയും അൽജമാഅത്തുമായി വേർപെടുകയും ചെയ്തുകൊണ്ട് മരിക്കുന്ന പക്ഷം അവൻ അനിസ്‌ലാമികമായ മരണമാണ് വരിച്ചത്."* വീണ്ടും പ്രവാചകൻ (സ) അതിന്റെ ഗൗരവം ശക്തിയേറിയ ഭാഷയിലൂടെ മനസ്സിലാക്കിത്തരുന്നു." *വല്ലവനും തന്റെ നേതാവിൽ നിന്നും തനിക്ക് അനിഷ്ടമായി എന്തെങ്കിലും കാണുന്നതായാൽ അവൻ ക്ഷമ കൈക്കൊള്ളട്ടെ. എന്തെന്നാൽ ജമാഅത്തിൽ നിന്നും ഒരു ചാൺ പോലും അകന്നുനിൽക്കുന്ന ഏവരും അവിശ്വാസിയുടെ മരണം വരിക്കുന്നാണ് (ബുഖാരി).* തിരുനബി(സ)യുടെ ഈ വചനങ്ങൾ പഠിപ്പിക്കുന്നത്, ഒരു ഇമാമിന്റെ കീഴിൽ അനുസരണത്തോടുകൂടെ ജീവിക്കേണ്ടത് വളരെ നിർബന്ധമാണെന്നും അങ്ങനെയുള്ള ഒരു സംഘമാണ് യഥാർത്ഥത്തിൽ അൽജമാഅത്ത് എന്ന് വിളിക്കപ്പെടുന്നതെന്നുമാണ്.

ഇസ്‌ലാമിന്റെ പേരിൽ ഒരുപാടു സംഘടനകളും പ്രസ്ഥാനങ്ങളും സജീവമായി പ്രവർത്തിക്കുന്ന ഈ കാലഘട്ടത്തിൽ അൽ ജമാഅത്തിന്റെ രൂപവും, ഭാവവും, സ്വഭാവവുമുള്ള സംഘടന ഏതാണെന്ന് അന്വേഷിക്കുന്നതിൽ ഏറെ പ്രസക്തിയുണ്ട്. ഈ സംഘടനകളും പ്രസ്ഥാനങ്ങളും അൽജമാഅത്തിന്റെ നിറം പകർന്നതാണെന്ന് സ്വയം അവകാശപ്പെടുന്നുണ്ടെങ്കിലും, അത് "അഞ്ജനമെന്നത് ഞാനറിയാം. മഞ്ഞൾപോലെ വെളുത്തിരിക്കും" എന്ന പാണ്ഡിത്യം വിളമ്പുന്നതിന് തുല്യമാണ്.

ഇസ്‌ലാം ദുരന്തങ്ങളും, ദുരിതങ്ങളും കൊണ്ടും അധഃപതനവും, മൂല്യച്യുതിയും കൊണ്ടും എരിപൊരികൊള്ളുന്ന ഇരുണ്ട കാലത്തെക്കുറിച്ച് നബി തിരുമേനി(സ) മുസ്‌ലിം സമുദായത്തിന് മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. ആ ഇരുണ്ട കാലഘട്ടത്തിൽ *"എന്റെ ജനത (മുസ്‌ലിം ഉമ്മത്ത്) എഴുപത്തി മൂന്നു കക്ഷികളായി ഭിന്നിക്കും അവരിൽ ഒരു കക്ഷി ഒഴികെ. മറ്റെല്ലാ കക്ഷികളും നരകത്തിൽ പതിക്കും."* എന്നു പറഞ്ഞു. *ഇത് ശ്രവിച്ചപ്പോൾ സഹാബാക്കൾ ചോദിച്ചു "അല്ലാഹുവിന്റെ റസൂലേ ആരാണ് ആ കക്ഷി?" ഞാനും എന്റെ സഹാബാക്കളും ഉള്ള നിലയിൽ സ്ഥിതി ചെയ്യുന്നവർ' എന്ന് പ്രവാചകൻ പ്രതിവചിച്ചു. (മിശ്ക്കാത്ത്)* ഈ ഹദീസ് പ്രകാരം മുസ്‌ലിം ഉമ്മത്ത് അൽജമാഅത്തിന്റെ ചൈതന്യം നഷ്ടപ്പെട്ട് പല ഗ്രൂപ്പുകളായി 73 കക്ഷികളായി ഭിന്നിച്ചു. ചിന്നിച്ചിതറിയപ്പോൾ അൽജമാഅത്തിന്റെ ചൈതന്യം സ്ഫുരിക്കുന്ന കക്ഷി എഴുപത്തിമൂന്നിൽ ഏതാണെന്ന് സത്യവിശ്വാസികൾക്കിടയിൽ സംശയം ഉണ്ടാകുക സ്വാഭാവികമാണ്. ഈ സംശയങ്ങൾ ദൂരീകരിച്ചുകൊണ്ട് പ്രവാചകൻ (സ) അൽജമാഅത്തിന് ഉണ്ടാകേണ്ട ഒരു ലക്ഷണം സ്പഷ്ടമായി വ്യക്തമാക്കുന്നു. ആ കക്ഷി *"ഞാനും എന്റെ സഹാബിമാരും ഉള്ള നിലയിൽ സ്ഥിതിചെയ്യുന്നവരത്രെ", "ഞാൻ ആദ്യത്തിലും മസീഹ് അവസാനത്തിലുമുള്ള ഒരു സമുദായം നശിക്കുന്നതെങ്ങനെ?* (ഇബ്നുമാജ) എന്ന് ചോദിച്ചുകൊണ്ട്, തന്റെ സുവർണ്ണകാലഘട്ടം പോലെ അവസാനകാലഘട്ടത്തിൽ ഇസ്‌ലാമിന്റെ തിളക്കമാർന്ന ശോഭ പരത്തുന്ന അൽജമാഅത്തിനെ ആ കക്ഷി മസീഹും മസീഹിന്റെ ശിഷ്യഗണങ്ങളുമാണെന്ന് പ്രവാചകൻ സുവാർത്ത നൽകുന്നു.

നബി(സ)യുടെ നിയോഗത്തെ വി. ഖുർആൻ പരാമർശിക്കുന്നത് *"അക്ഷരജ്ഞാനമില്ലാത്ത അറബികളിൽ അവരിൽ നിന്നുള്ള ഒരു ദൂതനെ എഴുന്നേല്പിച്ചിട്ടുള്ളത് അവന*

*ത്രെ." എന്നും പിന്നീട് വീണ്ടും "അവരോട് ഇതുവരെ ചേർന്നിട്ടില്ലാത്ത അവരിൽ നിന്നുള്ള മറ്റൊരു ജനതയിലും''* (വി.ഖു. 62-3) നബി(സ)യുടെ നിയോഗം ഉണ്ടാകുമെന്ന് പ്രവചിച്ചിട്ടുണ്ട്. ആ ജനത ആരാണെന്ന് നബി(സ)യോട് സഹാബാക്കൾ ചോദിച്ചപ്പോൾ നബി(സ) സൽമാനുൽ ഫാരിസി എന്ന സഹാബിയുടെ തോളത്ത് പിടിച്ചുകൊണ്ട്, ആ ജനത ആരാണെന്ന് ഇങ്ങനെ വ്യാഖ്യാനിക്കുകയുണ്ടായി. *"സത്യവിശ്വാസം 'സുരയ്യാ നക്ഷത്രത്തിലേക്കുയർന്നു പോകുന്ന കാലത്ത് ഇവരിൽ നിന്നുള്ള ആൾ അതിനെ വീണ്ടം കൊണ്ടുവരും" എന്ന്. ഈ ഹദീസിനോടൊപ്പം "ഞാനും എന്റെ സഹാബിമാരും ഉള്ള നിലയിൽ സ്ഥിതിചെയ്യുന്നവർ"* എന്ന ഹദീസും ചേർത്ത് വിശകലനം ചെയ്യുമ്പോൾ മനസ്സിലാകുന്നത്, സത്യവിശ്വാസം മുസ്ലിംകളിൽ നിന്നും അകന്നുപോകുകയും, മുസ്ലിംകൾ ഭിന്നിച്ച് ഗ്രൂപ്പുകളായി ചേരിതിരിഞ്ഞ് നിൽക്കുകയും ചെയ്യുന്ന അവസാനകാലത്ത് അതിന്റെ പുനരുദ്ധാരണാർത്ഥം ഫാരിസിവംശജനായ ഒരു മഹാത്മാവ് നിയോഗിക്കപ്പെടും. ആ മഹാത്മാവിന്റെ ആവിർഭാവം നബി(സ)യുടെ പുനരാഗമനത്തിനും അദ്ദേഹത്തിന്റെ സഹാബിമാർ, നബി(സ) സഹാബിമാർക്ക് സദൃശ്യമായിരിക്കുമെന്നാണ്. ഇതിന്റെ അടിസ്ഥാനത്തിൽ ഇമാം മഹ്ദി മസീഹ് ഹ: അഹ്മദ് (അ)നാൽ സ്ഥാപിതമായ അഹ്മദിയ്യാ ജമാഅത്താണ് 'അൽജമാഅത്ത്' എന്ന മേലങ്കി അണഞ്ഞിരിക്കുന്നതെന്ന് വ്യക്തം.

അൽജമാഅത്തിന്റെ വർണ്ണപ്പൊലിമയുള്ള ആ കക്ഷി ഏതാണെന്ന് വി. ഖുർആനിലെ സൂറത്ത് നൂറിലെ 56-ാം ആയത്ത് സുവ്യക്തമാകുന്നു." *നിങ്ങളിൽ നിന്ന് വിശ്വസിക്കുകയും, സൽക്കർമ്മങ്ങൾ അനുഷ്ഠിക്കുകയും ചെയ്യുന്നവരോട് അവർക്ക് മുമ്പുള്ളവരെ ഖലീഫമാരാക്കിയതുപോലെ തീർച്ചയായും അവരേയും ഭൂമിയിൽ ഖലീഫമാരാക്കുകയും* (വി.ഖു. 24-56)" ചെയ്യുന്നതാണെന്ന് അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു. ഈ ഖുർആനിക വചനം മനസ്സിലാക്കിതരുന്നത്, സത്യവിശ്വാസികളും, സൽക്കർമ്മകാരികളുമായ യഥാർത്ഥ മുസ്ലിംകൾക്ക് അല്ലാഹു ഖലീഫ എന്ന അനുഗ്രഹം കനിഞ്ഞു നൽകുന്നതാണെന്നാണ്. അതുകൊണ്ട് ഏത് സംഘത്തിലാണ് ഖിലാഫത്ത് നിലവിലുള്ളത് ആ സംഘത്തിന്റെ പ്രത്യേകത സത്യവിശ്വാസവും സൽകർമ്മവുമുള്ള യഥാർത്ഥ മുസ്ലിംകളാണു അതിലുള്ളത് എന്നാണ്. കാരണം ഖിലാഫത്ത് അത്തരം ഗുണഗണങ്ങൾ സമ്മേളിച്ച സമൂഹത്തിൽ വരദാനമായി അല്ലാഹു നൽകുന്ന അനുഗ്രഹമാണ്. ഖിലാഫത്ത് നബി(സ)യുടെ പ്രാതിനിധ്യം വഹിക്കുന്ന സ്ഥാനമാണ്. അങ്ങനെയുള്ള ഖിലാഫത്ത് മുസ്ലിംകളിൽ എഴുപത്തിമൂന്ന് കക്ഷികളിൽ ഏതു കക്ഷിയിലാണ് നിലനിൽക്കുന്നത് ആ കക്ഷിയാണ് യഥാർത്ഥ അൽജമാഅത്ത് എന്ന് മനസ്സിലാക്കാം. അഹ്മദികളല്ലാത്ത ലോകത്തെ മറ്റ് ഒരു മുസ്ലിം കക്ഷിയിലും ഖിലാഫത്ത് സ്ഥാപിക്കപ്പെട്ടിട്ടില്ലെന്ന് മാത്രമല്ല, ആ കക്ഷികൾ തങ്ങൾക്ക് ഖലീഫയുണ്ടെന്ന അവകാശവാദം പോലും നടത്തിയിട്ടില്ല. പിന്നെ എങ്ങനെയാണ് ആ കക്ഷികൾ അൽജമാഅത്തെന്ന പദവിക്ക് അർ ഹരാകുക? ഖിലാഫത്തെന്ന അല്ലാഹുവിന്റെ അനുഗ്രഹം മഹ്ദി മസീഹ് ആയി അവതരിച്ച അഹ്മദിനാൽ സ്ഥാപിച്ച ജമാഅത്തിൽ മാത്രമേയുള്ളുവെന്നത് ഒരു യാഥാർത്ഥ്യമാണ്. ഈ യാഥാർത്ഥ്യം, സത്യവിശ്വാസികളിലും സൽകർമ്മികളുമായവർക്ക് അല്ലാഹു നൽകുമെന്ന് വാഗ്ദാനം ചെയ്ത ഖിലാഫത്തിന്റെ പ്രഭാവലയത്തിൽ പ്രവർത്തിക്കുന്ന അഹ്മദിയ്യാ ജമാഅത്താണ് യഥാർത്ഥ അൽ ജമാഅത്ത് എന്നതിന് വ്യക്തമായ തെളിവാണ്.

അൽ ജമാഅത്തിന്റെ മറ്റൊരു സവിശേഷത ഖലീഫയോടുള്ള ബൈഅത്ത് എന്ന അനുസര പ്രതിജ്ഞ ചെയ്തുകൊണ്ട് കൂറു പ്രഖ്യാപിക്കലാണ്. *"ഓ നബീ, താങ്കൾ അല്ലാഹുവിനോട് മറ്റൊന്നിനേയും പങ്കുചേർക്കുകയില്ലെന്നും മോഷ്ടിക്കുകയില്ലെന്നും, വ്യഭിചരിക്കുകയില്ലെന്നും, തങ്ങളുടെ സന്താനങ്ങളെ കൊല്ലുകയില്ലെന്നും മനഃപൂർവ്വം നുണ കെട്ടിച്ചമച്ച് പ്രചരിപ്പിക്കുകയില്ലെന്നും നല്ല ഒരു കാര്യത്തിലും നിന്നോട് അനുസരണക്കേട് കാണിക്കുകയില്ലെന്നുമുള്ള നിബന്ധനയോടെ സത്യവിശ്വാസികൾ നീയുമായി ബൈഅത്ത് ചെയ്യാൻ നിന്റെയടുക്കൽ വന്നാൽ നീ അവരുടെ അനുസരണപ്രതിജ്ഞ സ്വീകരിച്ചു കൊള്ളുക.* (വി.ഖു. 60:13) ഈ ഖുർആന്റെ നിർദ്ദേശമനുസരിച്ച് നബി (സ) സഹാബികളിൽ നിന്ന് ബൈഅത്ത് വാങ്ങിയിരുന്നു. പിന്നീട് നബി(സ) വഫാത്തിനുശേഷം തെരഞ്ഞെടുക്കപ്പെട്ട ഓരോ ഖലീഫമാർക്കും ബൈഅത്ത് എന്ന അനുസരണപ്രതിജ്ഞ ചെയ്തുകൊണ്ട് മുസ്ലീംകൾ ഖലീഫയോട് അനുസരണം പുലർത്തിക്കൊണ്ടിരുന്നു. എന്നാൽ ഇന്ന് ബൈഅത്ത് എന്ന അനുസരണപ്രതിജ്ഞ അഹ്മദിയ്യാ ജമാഅത്തിലൊഴികെ മറ്റൊരു മുസ്ലിം കക്ഷികളിലും കാണപ്പെടുന്നില്ല. നബി(സ)യുടേയും ഖലീഫമാരുടേയും മാതൃകയായ ബൈഅത്ത് എന്ന അനുസരണപ്രതിജ്ഞ 'അൽ ജമാഅത്തിന്റെ സവിശേഷതകളിൽ ഒന്നാണ്. ഇത് പരിപൂർണ്ണമായി അനുകരിക്കുന്നത് അഹ്മദികൾ മാത്രമാണ്. ഖുർആന്റെ ഈ നിർദ്ദേശത്തെ നടപ്പിലാക്കാൻ കഴിയാത്ത ഈ കക്ഷികൾക്ക് എങ്ങനെ 'അൽ ജമാഅത്തിന്റെ' മുഖാവരണമണി

*(ശേഷം 18-ൽ)*

ലേഖനം

# ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഒന്നാമ(റ)ന്റെ സ്വാധീനം

**കാശ്മീർ രാജാവിന്റെ കൊട്ടാരവൈദ്യനും മഹാജ്ഞാനിയുമായിരുന്ന മൗലാനാ നൂറുദ്ദീൻ ഖാദിയാനിൽ വന്ന് ഹദ്റത്ത് അഹ്മദി(അ)ന്റെ ശിഷ്യത്വം സ്വീകരിക്കുകയായിരുന്നു.**

ഹദ്റത്ത് മൗലവി നുറുദ്ദീ(റ)ന് ഇസ്‌ലാമിന്റേയും അഹ്മദിയ്യത്തിന്റേയും മനുഷ്യകുലത്തിന്റേയും ചരിത്രത്തിലുള്ള സ്ഥാനം സുസ്ഥാപിതമാണ്. പതിനാലു നൂറ്റാണ്ടുകളായി മുസ്‌ലിം സമുദായത്തിന്ന് ഖിലാഫത്ത് നഷ്ടപ്പെട്ടിട്ട്. ഹദ്റത്ത് മൗലവി നുറുദ്ദീൻ (റ) മുഖേന സർവ്വശക്തനായ അല്ലാഹു ഭൂമിയിൽ ഖിലാഫത്ത് പുനഃസ്ഥാപിച്ചിരിക്കയാണ്.

സ്വാഭാവികമായും ഖിത്ഫത്തിന്റെ സ്വാധീനം ഖലീഫയുടെ മഹത്തായ വ്യക്തിത്വവുമായി അഗാധമായും അഭേദ്യമായും ബന്ധപ്പെട്ടുകിടക്കുന്നു. വിശുദ്ധ ഖുർആനോടുള്ള അദമ്യമായ സ്നേഹമായിരുന്നു ഹദ്റത്ത് മൗലവി നുറുദ്ദീനെ (റ) പ്രധാനമായും വേർതിരിച്ചു നിർത്തുന്നത്.

അത് അദ്ദേഹത്തിന്റെ വേഡ് മീക്കം (Vade Mecum) (ഈ ലാറ്റിൻ പദത്തിന്റെ അർത്ഥം എന്നോടൊപ്പം പോകുക എന്നാണ്) ഒരാൾ റഫറൻസിനായി തന്റെ കൈയ്യിൽ കൊണ്ടുനടക്കുന്ന ഒരു ഗ്രന്ഥം). തനിക്കേറ്റവും ആവശ്യമുള്ളത് എന്താണ് എന്ന് ദൈവം ചോദിച്ചാൽ വിശുദ്ധ ഖുർആൻ വേണമെന്ന് താൻ പറയുമെന്ന് അദ്ദേഹം പലപ്പോഴും പറഞ്ഞിട്ടുണ്ട്. അദ്ദേഹം ഇപ്രകാരം പറയുമായിരുന്നു.

വിശുദ്ധ ഖുർആൻ എന്റെ ജീവസന്ധാരണമാണ്. ആത്മാവിന്റെ ആഹാരവുമാണ്. ഒരു ദിവസം പലതവണ ഞാൻ വി. ഖുർആൻ പാരായണം ചെയ്യാറുണ്ട്. എന്നാലും എന്റെ ആത്മാവിന് മതിവരില്ല. അതെന്റെ ശമനൌഷധമാണ്, അത് കാരുണ്യമാണ്, അത് വെളിച്ചമാണ്, അത് മാർഗ്ഗനിർദ്ദേശവുമാണ്.(1)

അദ്ദേഹത്തിന് വിശുദ്ധ ഖുർആനോടുള്ള അദമ്യമായ സ്നേഹം കാരണം തന്റെ ജമാഅത്തംഗങ്ങളിൽ അത് കുത്തിച്ചെലുത്താൻ അദ്ദേഹം നിരന്തരം യത്നിച്ചു. അദ്ദേഹം വിശുദ്ധ ഖുർആനിൽ അവഗാഹം നേടിയ പണ്ഡിതനായിരുന്നു. വിശുദ്ധ ഖുർആനിൽ അടങ്ങിയ ജ്ഞാനനിധികൾ വിവരിക്കാൻ കിട്ടുന്ന ഒരവസരവും അദ്ദേഹം നഷ്ടപ്പെടുത്താറില്ല. റമദാൻ മാസത്തിൽ അവസാനത്തെ പത്തിൽ പള്ളിയിൽ 'ഇഹ്തികാഫ്' ഇരിക്കുമ്പോൾ അഞ്ചുനേര നിസ്കാരസമയമൊഴികെ മറ്റെല്ലായ്പ്പോഴും അദ്ദേഹം വിശുദ്ധ ഖുർആൻ ജ്ഞാനം ആർജ്ജിക്കുകയും ചോദ്യങ്ങൾക്ക് മറുപടി പറയുകയും ചെയ്യുമായിരുന്നു. അങ്ങനെ ഓരോ ദിവസവും വിശുദ്ധ ഖുർആന്റെ പത്തിലൊന്ന് പാരായണം ചെയ്യുമായിരുന്നു. അപ്പോൾ അദ്ദേഹം തന്റെ ശാരീരികാവശത മോശമായ ആരോഗ്യസ്ഥിതിയും അദ്ദേഹം കാര്യമായെടുക്കുമായിരുന്നില്ല.

വിശുദ്ധ ഖുർആന്റെ വിസ് തൃതിയും തന്റെ പ്രായവും ആരോഗ്യവും നോമ്പനുഷ്ഠിക്കുന്നതിന്റെ ക്ഷീണവും വെച്ചുനോക്കുമ്പോൾ അതൊരു ഭഗീരഥപ്രയത്നമായിരുന്നു. അല്ലാഹുവിന്റെ വചനങ്ങളോടുള്ള ആത്മാർത്ഥമായ ഭക്തിയുമായിരുന്നു.

ഹദ്റത്ത് മൗലവി നൂറുദ്ദീ (റ)ന് അല്ലാഹുവിൽ അചഞ്ചലമായ വിശ്വാസമുണ്ടായിരുന്നു. അല്ലാഹുവിലുള്ള സജീവമായ വിശ്വാസം

കാരണം തന്റെ ആവശ്യങ്ങൾക്കും അവനെ മാത്രം ആശ്രയിച്ചു. ചില പ്പോൾ അദ്ദേഹം പ്രാർത്ഥിക്കുന്നതി നുമുമ്പ് തന്നെ അല്ലാഹു അദ്ദേഹ ത്തിന്റെ ആ വശ്യങ്ങൾ അത്ഭുതക രവും അതുല്യവുമായ നിലയിൽ പൂർത്തീകരിച്ചുകൊടുക്കുമായിരു ന്നു. ഈ മഹനീയമായ മാതൃക വഴി തന്റെ അനുയായികളെ അദ്ദേഹം ദൈവത്തിൽ പൂർണ്ണ ഭരമേല്പിക്കു ന്നവരാക്കി.

അദ്ദേഹം ഖലീഫയാകുന്നതി നുമുമ്പ് തന്നെ അദ്ദേഹത്തിന്റെ പ്രാർത്ഥനകൾക്ക് അസാധാരണ മായ ഫലമുണ്ടായിരുന്നു. ഖലീഫ ത്തുൽ മസീഹായപ്പോൾ ഇത് കൂടു തൽ പ്രകടമായി. അല്ലാഹു വാഗ് ദത്ത മസീഹിനെ (അ) തന്റെ സ്നേ ഹശുശ്രൂഷയിൽ നടത്തിയിരുന്നു വെങ്കിലും അദ്ദേഹത്തിന്റെ അനു യായികൾക്ക് അദ്ദേഹത്തിന്റെ വി യോഗം മൂലം തങ്ങളുടെ ജീവിത ത്തിൽ ഒരു ശൂന്യതയനുഭവപ്പെട്ടി രുന്നു. എന്നാൽ തങ്ങൾക്ക് കിട്ടിയ നേതാവ് സർവ്വശക്തനായ ദൈവ ത്തിന് പ്രിയങ്കരനായതിനാലും അദ്ദേഹത്തിന്റെ പ്രാർത്ഥനകൾക്ക് ഉത്തരം ലഭിക്കുന്നതിനാലും അവർ ക്ക് വളരെ ആശ്വാസം തോന്നി. എ ല്ലാ വഴികളും അടയുമ്പോൾ ഖലീ ഫത്തുൽ മസീഹിന്റെ ദുആകൾ സ്വീകരിക്കപ്പെട്ട നിരവധി അനുഭവ ങ്ങൾ ജമാഅത്തംഗങ്ങൾക്കുണ്ടായി രുന്നു. എല്ലായിടത്തുമുള്ള ജമാഅ ത്തംഗങ്ങൾ താങ്കൾക്ക് വേണ്ടി പ്ര ത്യേകം ദുആ ചെയ്യണമെന്നഭ്യർ ത്ഥിച്ച് കൊണ്ട് ഖലീഫക്ക് കത്തെ ഴുതിയിരുന്നു. അദ്ദേഹം ഓരോ കത്തും വായിച്ച് അതിലുള്ള അപേ ക്ഷ കണക്കിലെടുത്തു ദുആ ചെ യ്യുമായിരുന്നു. അവഗണിക്കപ്പെട്ട വർക്കും, ആവശ്യക്കാർക്കും ദരി ദ്രർക്കും അദ്ദേഹം ആശ്വാസമരുളി. അദ്ദേഹം കാണിച്ച സ്നേഹത്തിന്റെ സഹതാപത്തിന്റേയും അഗാധത യും മനുഷ്യകുലത്തിനദ്ദേഹം ചെ യ്ത സേവനവും വിവരിക്കാൻ പ്ര യാസമാണ്. അദ്ദേഹം മറ്റുള്ളവ രുടെ ക്ഷേമാഭിവൃദ്ധിക്കായി യത്നി ക്കുകയും ജമാഅത്തിലെ ഓരോ വ്യക്തിയുടേയും ക്ഷേമത്തെക്കുറി ച്ചന്വേഷിക്കുകയും ചെയ്തു. അദ്ദേ ഹത്തെ സമീപിച്ച ഓരോ വ്യക്തി ക്കും തന്നോട് പ്രത്യേക സ്നേഹം കാണിച്ചതായി അനുഭവപ്പെട്ടു. ജാ തിമതഭേദമെന്യേ ഓരോരുത്തരോടു മുള്ള അദ്ദേഹത്തിന്റെ വികാരമതാ യിരുന്നു. തന്റെ സഹചരരോട് അദ്ദേ ഹം ഔദ്യോഗിക പരിവേഷമില്ലാതെ യാണ് പെരുമാറിയത്. അദ്ദേഹത്തി ന്റെ മുഖത്ത് ഭക്തിപ്രകർഷവും പ്രതാപവും തിളങ്ങി നിന്നു.

ഖലീഫത്തുൽ മസീഹ് എന്ന നിലയിൽ അദ്ദേഹത്തിന്റെ ഉത്തരവാ ദിത്വം വൈവിധ്യമാർന്നതും ബഹു മുഖവുമായിരുന്നു. ആരോഗ്യം മോ ശമായിരിക്കുമ്പോഴും അദ്ദേഹം തന്റെ കൃത്യനിർവ്വഹണം ഉദാത്തമാ യ നിലയിലും അസൂയാർഹമായ നിലയിലും നിറവേറ്റി. അദ്ദേഹം ഓരോ രോഗിയേയും പരിശോധിച്ച് രോഗനിർണ്ണയം നടത്തി മരുന്നു കുറിച്ചുകൊടുക്കുമായിരുന്നു. സ ന്ദർശകരെ സ്വീകരിക്കുകയും ഉപ ദേശങ്ങൾ നൽകുകയും ഭാരവാഹി കൾക്ക് നിർദ്ദേശം നൽകുകയും ചെയ്യുമായിരുന്നു. ഇസ്‌ലാമിന്റെ ശത്രുക്കളുന്നയിക്കുന്ന ആക്ഷേപ ങ്ങൾക്കുള്ള മറുപടി പറയുകയും ചെയ്തിരുന്നു. ഇസ്‌ലാമിലേക്ക് ആളുകളെ ആകർഷിക്കാനുള്ള പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്തിരുന്നു. ദിനേന വിശുദ്ധ ഖുർആൻ, ഹദീസ്, ഇസ്‌ലാമിക പാഠങ്ങൾ, 'ഫിഖഹ്' എന്നിവയുടെ ക്ലാസ്സുകൾ നടത്തിയിരുന്നു.

എന്നാൽ അദ്ദേഹത്തിന്റെ ഏറ്റ വും പ്രശംസനീയമായ കാര്യം ഖി ലാഫത്ത് സംവിധാനത്തെ സംരക്ഷി ക്കലും അതിനെ പുരോഗതിയുടെ പാതയിലേക്ക് നയിക്കയുമായിരു ന്നു. ആ കാലഘട്ടത്തിലെ ഏറ്റവും പ്രാധാന്യമർഹിക്കുന്ന കാര്യം അ തായിരുന്നു. അദ്ദേഹത്തിന്റെ ഖിലാ ഫത്തിന്റെ ഒരുവശം അതായിരുന്നു. അതായത് ഇസ്‌ലാമിനും, അഹ്മദി യ്യത്തിനും മനുഷ്യകുലത്തിനും വേണ്ടി അതിന്ന് ഊന്നൽ നൽകു കയും പുനരുദ്ധരിക്കയും വേണം. ഈ നേട്ടത്തിന്റെ പ്രാധാന്യത്തെക്കു റിച്ചും വലിപ്പത്തെക്കുറിച്ചും വരും തലമുറക്ക് സംശയമുണ്ടാവരുത്.

ഇസ്‌ലാമിന്റെ സാർവ്വത്രികവും അന്തിമവുമായ വിജയത്തിന്റെ വി ത്ത് വാഗ്ദത്ത മസീഹ് (അ) വിത ച്ചിരുന്നു. അദ്ദേഹം ചരമം പ്രാപിച്ച പ്പോൾ ജമാഅത്ത് ഐക്യമില്ലായ്മ യുടെ ഭീഷണിയെ നേരിട്ട ആ അവ സരത്തിൽ നാലു മക്കളും മരുമ കനും ഭാര്യാപിതാവും ജീവിച്ചിരിപ്പു ണ്ടായിരുന്നു. എന്നിട്ടും മേൽപറ ഞ്ഞവരടക്കമുള്ള ജമാഅത്തിലെ മുഴുവൻ അംഗങ്ങളും ഹദ്റത്ത് മൗ ലവി നുറുദ്ദീന്റെ (റ) കൈയ്യിൽ ബൈഅത്ത് ചെയ്തു. അദ്ദേഹത്തെ തിരഞ്ഞെടുക്കുന്നതിന് പ്രതികൂല മായ ഒരു ശബ്ദവും ഉണ്ടായിരുന്നി ല്ല. എങ്കിലും ഉടനെത്തന്നെ പ്രമുഖ രായ ചില വ്യക്തികളുടെ എതിർപ്പ് അദ്ദേഹത്തിന് നേരിടേണ്ടി വന്നു. വിദ്യാഭ്യാസപരമായ യോഗ്യതയും ബഹുമാന്യസ്ഥാനവുമായിരുന്നു അതിനവരെ പ്രേരിപ്പിച്ചത്. ഹദ്റത്ത് മൗലവി നൂറുദ്ദീ(റ)ന്റെ സ്ഥൈ ര്യവും ദീർഘദൃഷ്ടിയും, അദ്ദേഹ ത്തിന്റെ ധൈര്യത്തോടെയുള്ള പ്ര തിരോധവും ഖിലാഫത്ത് വ്യവസ്ഥ യുടെ മഹത്വത്തെ ഉയർത്തിപ്പിടി ക്കാനും അദ്ദേഹം നേരിട്ട ആ അവ സ്ഥയെ നേരിടാനും സഹായിച്ചു. പരസ്യമായും രഹസ്യമായും നട ത്തപ്പെട്ട ഉപജാപങ്ങളെ അദ്ദേഹം

നേരിട്ടത് അതിമഹത്തായ ഒരു നേട്ടമായിരുന്നു. വിമതന്മാർ വഞ്ചനാത്മകമായ പദ്ധതികളും മാർഗ്ഗങ്ങളും അവലംബിച്ചപ്പോൾ ഹദ്റത്ത് മൗലവി നൂറുദ്ദീൻ (റ) അല്ലാഹുവിൽ പൂർണ്ണമായി ഭരമേല്പിച്ചു. മറുകക്ഷി തങ്ങളുടെ കഴിവുകളെയും യോഗ്യതകളെയും ആശ്രയിച്ചപ്പോൾ ഹദ്റത്ത് മൗലവി നൂറുദ്ദീൻ അല്ലാഹുവിന്റെ ഔദാര്യവും കാരുണ്യവും തേടി. വിമതന്മാർ നിയമപരമായ വസ്തുതയുടെ സ്ഥിരസ്ഥായിത്വവും അതിന്റെ നിയമപരമായ കൂട്ടായ്മയേയും ഭരണഘടനയേയും ആശ്രയിച്ചപ്പോൾ അല്ലാഹുവിന്റെ ഒരിക്കലും അവസാനിക്കാത്ത നിയമത്തിന്റേയും സർവ്വശക്തനായ ദൈവത്തിന്റെ കഴിവുകളും തുണയാക്കി.

ദൈവത്തിന്റെ വിലയിരുത്തൽ തന്റെ നിലപാടിനെ ന്യായീകരിക്കുന്നതാണെന്നദ്ദേഹം അറിഞ്ഞു. വിശുദ്ധ ഖുർആനിൽ വ്യക്തവും ശക്തവുമായ രീതിയിൽ ദൈവിക സഹായം വാഗ്ദാനം ചെയ്യപ്പെട്ട ആത്മീയ വ്യവസ്ഥയാണ് ഖിലാഫത്ത് എന്നദ്ദേഹം മനസ്സിലാക്കി. (വി. ഖുർആൻ 24:56) ദൈവത്താൽ മാർഗ്ഗനിർദ്ദേശം നൽകപ്പെട്ട ഖലീഫമാരുടെ ആഭിമുഖ്യത്തിലാണ് ഇസ്ലാമിന്റെ വിജയം എന്നല്ലാതെ ഏതെങ്കിലും അഞ്ചുമൻ വഴിയായല്ല എന്നും അദ്ദേഹം മനസ്സിലാക്കി. അഹ്മദിയ്യാ ഖിലാഫത്ത് നൂറുവർഷം പിന്നിടുകയും അതിന് കൈവന്ന എണ്ണമറ്റ അനുഗ്രഹങ്ങളും ചരിത്രം സൃഷ്ടിച്ച നേട്ടങ്ങളും ഹദ്റത്ത് മൗലവി നൂറുദ്ദീന്റെ (റ) നിലപാട് ന്യായീകരിക്കപ്പെട്ടതാണെന്ന് നമുക്ക് കാണിച്ചുതന്നിരിക്കുന്നു. പിന്നീടുള്ള ഖലീഫമാരുടെ നേതൃത്വത്തിലുള്ള അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ അസാധാരണവിജയവും ലാഹോറി ഗ്രൂപ്പിന്റെ ചെറിയ സ്വാധീനവും തമ്മിലുള്ള താരതമ്യം ഹദ്റത്ത് മൗലവി നൂറുദ്ദീനെ (റ) ന്യായീകരിക്കുന്നു.

ഹദ്റത്ത് മൗലവി നൂറുദ്ദീൻ (റ) വിമതന്മാർക്ക് വഴങ്ങിയിരുന്നുവെങ്കിൽ വാഗ്ദത്ത മസീഹ് (അ) സ്ഥാപിച്ച ജമാഅത്ത് നാശമടയുകയും ഈ വർഷം നാം ആഘോഷിക്കുന്ന ഖിലാഫത്തിന്റെ ജൂബിലി വെറുമൊരു വിദൂരമായ മതിഭ്രമമായി മാറുകയും ചെയ്തേനെ. എന്നിരിക്കിലും ഇസ്ലാമിന്റെ വിജയത്തെസ്സംബന്ധിച്ച് ദൈവിക വാഗ്ദാനം സാക്ഷാൽക്കരിക്കുക തന്നെ ചെയ്യും. വാഗ്ദത്ത മസീഹ് (അ) പാകിയ വിത്ത് വളരുകയും ഫലം കായ്ക്കുകയും ചെയ്യും. അദ്ദേഹത്തിന്റെ ശത്രുക്കളുടെ ഭാവനയിൽ പോലും കാണാൻ കഴിയാത്തവിധത്തിൽ ഹദ്റത്ത് മൗലവി നൂറുദ്ദീന്റെ (റ) വാത്സല്യപൂർണ്ണമായ ശുശ്രൂഷയിലാണത് വളർന്നത്. മറുപക്ഷത്തിന്റെ ഒളിഞ്ഞും തെളിഞ്ഞുമുള്ള വെല്ലുവിളികളെയും ഭീഷണികളെയും നേരിടേണ്ടി വന്നപ്പോൾ അദ്ദേഹം ഒരിക്കലും ഒഴിഞ്ഞുമാറുകയോ ഖലീഫയുടെ പദവിയും അധികാരവും സംബന്ധിച്ച ചോദ്യങ്ങളെ അവഗണിക്കുകയോ ചെയ്തില്ല. സ്വന്തമായി അഭിപ്രായങ്ങൾ വെച്ചുപുലർത്തിയ ആളുകൾക്ക് അദ്ദേഹം ഒരിഞ്ചുപോലും വിട്ടുകൊടുക്കുകയും ചെയ്തില്ല. വിമതരുടെ ആക്രമണങ്ങൾ അദ്ദേഹം കാര്യമാക്കാതെ ദൗർഭാഗ്യവശാൽ വിട്ടുപോയവർക്കെതിരെ അദ്ദേഹം ഉറച്ചുനിന്നു. ഇത്തരം പ്രവർത്തനങ്ങൾ അദ്ദേഹത്തിന്റെ ഉന്നതമായ തീരുമാനത്തേയും സഭ്യമായ പെരുമാറ്റത്തേയും ബാധിക്കുകയുണ്ടായില്ല. അസന്നിഗ്ധമായ, ഉറച്ച സ്വരത്തിൽ അദ്ദേഹം പ്രഖ്യാപിച്ചു.

സർവ്വശക്തിയോടും ദൈവത്തെ സാക്ഷിയാക്കിയും ഞാൻ പ്രഖ്യാപിക്കുന്നു. അല്ലാഹു എന്നെ ഭരമേല്പിച്ച ഈ വസ്ത്രം (ഖിലാഫത്ത്) ഞാൻ ഉപേക്ഷിക്കുകയില്ല. (2)

ഇതായിരുന്നു ഹദ്റത്ത് മൗലവി നൂറുദ്ദീന് (റ) ദൈവം നൽകിയ ജ്ഞാനം കൊണ്ട് അദ്ദേഹം തന്റെ കൃത്യം കീർത്തിധാവള്യത്തോടെ നിർവ്വഹിച്ചത്. വിശുദ്ധ ഖുർആനിലെ വചനങ്ങളി(24:56)ലടങ്ങിയ അല്ലാഹുവിന്റെ വാഗ്ദാനത്തിന്റെ പൂർത്തീകരണത്തിന് നിമിത്തമായി അദ്ദേഹം ഇസ്ലാമിനും അഹ്മദിയ്യത്തിനും ചെയ്ത അതുല്യമായ സേവനങ്ങൾക്ക് മനുഷ്യസമുദായം അദ്ദേഹത്തോട് എന്നെന്നും കടപ്പെട്ടിരിക്കുന്നു. പരിധിയില്ലാത്ത ഔദാര്യത്തിന്റേയും കാരുണ്യത്തിന്റേയും ഉറവിടമായ അല്ലാഹു അവന്റെ അനുഗ്രഹങ്ങൾ ഈ വീരയോദ്ധാവിനുമേൽ ചൊരിയട്ടെ.

1 & 2. സർ മുഹമ്മദ് സഫറുല്ലാഹ് ഖാൻ സാഹിബിന്റെ Hadrat Moulavi Noorudhin (R), Khalifatul Masih രണ്ടാം പതിപ്പ്.

(The Review of Religions January 2008)

**വിവ: കെ. വി. ഹസ്സൻകോയ, കോഴിക്കോട്**

■

***(15-ൽ നിന്ന് തുടർച്ച)***

യാൻ കഴിയും. നബി(സ)യും അദ്ദേഹത്തിന്റെ ഖലീഫമാരും 'അൽജമാഅത്ത്' എന്ന് പറഞ്ഞും പ്രവർത്തിച്ചും കാണിച്ചുതന്നത് ഏത് രൂപഭാവങ്ങളോട് കൂടിയാണോ അതേ തരത്തിൽ തന്നെ യാതൊരു വ്യത്യാസമില്ലാതെ ഈ ലോകത്ത് വീണ്ടും പുനരാവിഷ്ക്കരിക്കപ്പെട്ടത് അഹ്മദിയ്യാ ജമാഅത്തിലൂടെയാണ്. അതുകൊണ്ട് യഥാർത്ഥ അൽജമാഅത്ത് അഹ്മദിയ്യാ ജമാഅത്തല്ലാതെ മറ്റൊരു മുസ്ലിം കക്ഷിയുമില്ല.

■

ലേഖനം

കുഞ്ഞാലൻ ഹാജി

# ഇസ്ലാമും ക്രിസ്ത്യാനിസവും

**ഇസ്ലാമിനെയും റസൂൽ തിരുമേനി(സ)യേയും നിന്ദ്യമായി വിമർശിക്കുന്ന ക്രിസ്ത്യാനികൾ തങ്ങൾ ആരാധിക്കുന്ന ദൈവപുത്രന്റെ നിലപാടു യുക്തിപരമായി പരിശോധിക്കണം.**

ക്രിസ്തുമതത്തിന്റെ അസ്ഥിവാരം അപകടകരമാംവിധം തകർന്നു കൊണ്ടിരിക്കുമ്പോൾ, അഥവാ ക്രൈസ്തവിശ്വാസം തന്നെ തകർന്ന് കൊണ്ടിരിക്കുമ്പോൾ നിലനിൽപിന്ന് വേണ്ടി ചിലർ പരക്കം പായുന്ന കാഴ്ചയാണ് കണ്ടുകൊണ്ടിരിക്കുന്നത്.

അതിന്റെ തെളിവാണ് പല സ്ഥലങ്ങളിലും സുവിശേഷ കേന്ദ്രങ്ങൾ തുറന്നു ആയിരക്കണക്കിൽ പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചു മുസ്ലിംകളുടെ മേൽവിലാസം കണ്ടുപിടിച്ചു സൗജന്യമായി അയച്ചുകൊണ്ടിരിക്കുന്നത്. അവയിൽ ക്രിസ്തുമതതത്വങ്ങൾ ഒന്നും എടുത്തുകാണിക്കാനില്ലാത്തതുകൊണ്ട് ഇസ്ലാമിനേയും തൽപ്രവാചകരേയും വിശുദ്ധ ഖുർആനിനേയും വിമർശിച്ചും ഇകഴ്ത്തികാണിച്ചും സായൂജ്യമടഞ്ഞു കൃത്രിമ വിജയം ആഘോഷിക്കുകയാണ്. എന്ത് കേട്ടാലും കണ്ടാലും കൊണ്ടാലും പഠിക്കാത്ത ലോക മുസ്ലിംകൾ അവരെ താങ്ങിനിറുത്തുകയും ചെയ്യുന്നു. അത്തരം ചില കൃതികൾ വായിച്ചതിന്റെ അടിസ്ഥാനത്തിലാണ് ഈ കുറിപ്പെഴുതുന്നത്.

പറയാനുള്ളത് ക്രൈസ്തവരോടാണ്. ദൈവശാസ്ത്രപരമായും വൈജ്ഞാനികമായും ഷണ്ഡീകരിക്കപ്പെട്ട മുസ്ലിം പണ്ഡിതന്മാർ അത്തും പിത്തും പറഞ്ഞു മറുപടിയെന്ന് സമാധാനിക്കാറുള്ള കാര്യം വിസ്മരിക്കുന്നില്ല.

യേശുമിശിഹായെ തള്ളിപ്പറയാനോ അദ്ദേഹത്തിന്റെ മഹത്വവും ഔന്നത്യവും കുറച്ചുകാണാനോ മുസ്ലിംകൾക്കാവുകയില്ല. കാരണം മുഹമ്മദ് നബി(സ) കെട്ടിച്ചമച്ചതാണ് വിശുദ്ധ ഖുർആൻ എന്നാണ് പ്രചാരണം. അതേസമയം യേശുവിനെ ജാരസന്തതിയും ദൈവദൂഷകനുമായും മാതാവിനെ വ്യഭിചാരിണിയുമായിട്ടാണല്ലോ യഹൂദികൾ വിശ്വസിക്കുന്നത്. വി. ഖുർആനിൽ യേശുവിനേയും മാതാവിനേയും യഹൂദികളെപ്പോലെ ചിത്രീകരിക്കുകയോ കുറഞ്ഞപക്ഷം അവരെ സംബന്ധിച്ച പരാമർശങ്ങളൊന്നും ഇല്ലാതിരിക്കുകയോ ചെയ്തിരുന്നുവെങ്കിൽ വി: ഖുർആൻ ദൈവവചനമാണെന്നും മുഹമ്മദ് നബി(സ) സത്യപ്രവാചകൻ മാത്രമല്ല പ്രവാചകശ്രേഷ്ഠനാണെന്നും വിശ്വസിക്കുന്ന മുസ്ലിംകൾ യേശുവിനേയും മാതാവിനേയും സംബന്ധിച്ചു യഹൂദീ വിശ്വാസം തന്നെ വെച്ചുപുലർത്തുമായിരുന്നു. യഹൂദികൾ യേശുവിനേയും മാതാവിനേയും അതിനീചമായ ഭാഷയിൽ അസഭ്യം പറഞ്ഞുകൊണ്ടിരുന്നാലും പകരം മോശയെ അപഹസിക്കാൻ ക്രൈസ്തവർക്കുമാവുകയില്ല. അപ്രകാരം തന്നെ യഹൂദ-ക്രൈസ്തവർ മുഹമ്മദ് നബി(സ) യെ എത്ര നെറികെട്ട ഭാഷയിൽ വിമർശിച്ചാലും യേശുവിനേയും മോശയേയും അവഹേളിക്കാൻ മുസ്ലിംകൾക്കുമാവുകയില്ല.

ഈ മനഃശാസ്ത്രം അഥവാ ദൈവികവിലക്കു മൂലമുള്ള മുസ്ലിംകളുടെ നിസ്സഹായത ചൂഷണം ചെയ്തതുകൊണ്ടാണ് ജൂത-ക്രൈസ്തവർ മുഹമ്മദു നബി(സ)യേയും വിശുദ്ധ ഖുർആനിനേയും വിമർശി

ച്ചുകൊണ്ടിരിക്കുന്നത്.

യേശുവിനേയും മാതാവിനേയും മഹത്വപ്പെടുത്താനും അവരുടെ പേരിൽ ഉന്നയിക്കപ്പെട്ട ദുരാരോപണങ്ങളുടെ സകലമാലിന്യങ്ങളും നീക്കിക്കളയാനും വിശുദ്ധഖുർആനിൽ ഒരുപാടു സൂക്തങ്ങൾ വിനിയോഗിച്ചിട്ടുണ്ട്. മുഹമ്മദ് നബി (സ) വ്യാജവാദിയും ഖുർആൻ അദ്ദേഹം കെട്ടിച്ചമച്ചതുമായിരുന്നുവെങ്കിൽ താനാണു ഉന്നതൻ എന്ന് വരുത്തിത്തീർക്കാൻ യേശുവിന്റെയും മാതാവിന്റെയും അപദാനങ്ങൾക്കുപകരം തന്റെയും കുടുംബത്തിന്റെയും മഹത്വങ്ങൾ പാടിപ്പുകഴ്ത്തുമായിരുന്നു. അതോ മുഹമ്മദ് (സ) ഒരു വിഡ്ഢിയായിരുന്നുവെന്ന് വിമർശകർ ധരിച്ചുവെച്ചിട്ടുണ്ടോ? എങ്കിൽ പറയട്ടെ, വിശുദ്ധ ഖുർആനിൽ ''മുഹമ്മദ്'' എന്ന നാമം നാലു തവണ മാത്രം പറഞ്ഞപ്പോൾ യേശു (ഈസ)വിന്റെ പേര് ഇരുപത്തഞ്ചോളം സ്ഥലങ്ങളിൽ പറഞ്ഞിട്ടുണ്ട്. ഖുർആനിൽ കന്യാമർയത്തിന്റെ പേരും ഉണ്ട്. മാത്രമല്ല 'മർയം' എന്ന പേരിൽ ഒരദ്ധ്യായവും ഖുർആനിലുണ്ട്. എന്നിരിക്കെ യേശുമിശിഹാ മുഹമ്മദിനേക്കാൾ എത്രയോ ഉന്നതനാണെന്ന് ഖുർആൻ തന്നെ സാക്ഷ്യപ്പെടുത്തുന്നു എന്ന് ആരെങ്കിലും കരുതുന്നുവെങ്കിൽ കേട്ടോളൂ!

ഈ ഭൂമിയിൽ ചുരുങ്ങിയത് ഒരു ലക്ഷത്തി ഇരുപത്തിനാലായിരം പ്രവാചകന്മാർ അവതരിച്ചിട്ടുണ്ടെന്ന് പൊതുവെ മുസ്‌ലിംകൾ വിശ്വസിക്കുന്നു. ഒരൊറ്റ പ്രവാചകന്റേയും പേരിൽ യേശുവിന്റേയും മാതാവിന്റേയും പേരിൽ ഉന്നയിക്കപ്പെട്ടത് പോലെയുള്ള നീചവും നികൃഷ്ടവുമായ ആരോപണങ്ങൾ ഉന്നയിക്കപ്പെട്ടില്ല. ആരോപണങ്ങളുന്നയിച്ച യഹൂദികൾ ഇന്നും നിലവിലുണ്ടെങ്കിലും അവർ ഒരു ചെറിയ ന്യൂനപക്ഷമാണ്. മുസ്‌ലിംകളെ അപേക്ഷിച്ച് ഒന്നര ശതമാനം പോലുമില്ലാത്ത അവർ മതപ്രചാരണം നടത്തുകയോ, ഇതരമതസ്തരെ തങ്ങളുടെ മതത്തിൽ ചേർക്കുകയോ ചെയ്യാറില്ല. യേശുവിനെ സംബന്ധിച്ച അവരുടെ വിശ്വാസം കൊട്ടിഘോഷിക്കാറുമില്ല. അത് കാരണം അവരുടെ ആരോപണങ്ങൾക്ക് വലിയ വില കൽപിക്കാനില്ലെന്ന് ക്രൈസ്തവർക്കു നന്നായി അറിയാം. മറിച്ചു യേശുവിനേയും മാതാവിനേയും മഹത്വപ്പെടുത്തുന്ന പരാമർശങ്ങളൊന്നും വി: ഖുർആനിൽ ഇല്ലായിരുന്നുവെങ്കിൽ ലോകം മുഴുവൻ വ്യാപിച്ചുകിടക്കുന്ന മുസ്‌ലിംകൾ നിശ്ചയമായും അവരെ സംബന്ധിച്ചു യഹൂദി വിശ്വാസം തന്നെ വെച്ചുപുലർത്തുമായിരുന്നു.

കാരണം ന്യായപ്രമാണവാഹി എന്ന നിലയിൽ മുഹമ്മദ് നബി (സ)ക്ക് യേശുവിനേക്കാൾ മോശെയോടാണ് അടുത്ത ബന്ധമുള്ളത്. അങ്ങനെ വന്നാൽ ക്രിസ്തുമതത്തിന്റെ അടിത്തറ എന്നോ തകർന്ന് തരിപ്പണമായേനെ. വിശുദ്ധ ഖുർആനിന്റെ മഹത്വം, ക്രൈസ്തവർ ഇനിയെങ്കി ലും മനസ്സിലാക്കിയാൽ അവർക്ക് നല്ലതാണ്. കൂട്ടത്തിൽ പറയട്ടെ, യേശുവിനേയും മാതാവിനേയും മഹത്വപ്പെടുത്തുന്ന ഖുർആൻ സൂക്തങ്ങൾ സന്ദർഭത്തിൽ നിന്നടർത്തിയെടുത്ത് ദുർവ്യാഖ്യാനം നടത്തി ബൈബിൾ വചനങ്ങളോടു കൃത്രിമമായി യോജിപ്പിച്ചിട്ടാണ് ക്രിസ്ത്യൻ മിഷനറിമാർ പ്രചാരണം നടത്തുന്നത്. വിവിധ സ്ഥലങ്ങളിലും കാലങ്ങളിലും ജീവിച്ചിരുന്ന അപ്പോസ്തല പ്രഭൃതികൾ തങ്ങളുടെ സ്വാർത്ഥ താൽപര്യസംരക്ഷണത്തിനുവേണ്ടി ദൈവിക വെളിപാട് എന്ന വ്യാജേന കെട്ടിച്ചമച്ച വൈരുദ്ധ്യങ്ങളുടെയും വൈകൃതങ്ങളുടേയും സമാഹാരമാണ് ഇന്നത്തെ ബൈബിൾ.

എന്നാൽ ഖുർആൻ ബൈബിൾ കോപ്പിയടിച്ചതാണെന്നു പറയുന്നവർ ഖുർആനും ബൈബിളും അറിയാത്തവരാണ്. കാരണം ബൈബിൾ പരിചയപ്പെടുത്തുന്ന യേശുവിമർശനവിധേയനാവാൻ ഒരുപാടു പഴുതുകളുണ്ട്. താൻ സമാധാനം കൊണ്ടുവന്നു എന്ന് നിരൂപിക്കരുത് വാൾ അത്രെ കൊണ്ടുവന്നത് എന്നു പറഞ്ഞ് കലഹത്തിന്റെയും വസ്ത്രം വിറ്റും വാൾ വാങ്ങാൻ കൽപ്പിച്ച ഭീകരവാദത്തിന്റെയും ജാതികളുടെ അടുക്കൽ പോകരുതെന്ന് കൽപ്പിച്ച വർഗ്ഗീയവാദത്തിന്റെയും പരാമർശങ്ങൾ ബൈബിളിന്റെയടിസ്ഥാനത്തിൽ തന്നെ ചിത്രീകരിക്കാം. ഇസ്രായീല്യർ അടയാളം ചോദിച്ചപ്പോൾ ദോഷവും വ്യഭിചാരവുമുള്ള തലമുറ അടയാളം ചോദിക്കുന്നു എന്ന് പറഞ്ഞു ഒരു സമൂഹത്തെ ഒന്നടങ്കം പരാമർശിച്ചതായും കാണുന്നു. ബൈബിളിലെ യേശു ചെയ്ത് കാണിച്ച ഒന്നാമത്തെ മഹാത്ഭുതം മദ്യം വാറ്റിയതായിരുന്നുവല്ലോ. (വെള്ളം വീഞ്ഞാക്കി മാറ്റി) താൻ ന്യായപ്രമാണത്തിലെ വള്ളിയെങ്കിലും പുള്ളിയെങ്കിലും നീക്കുവാനല്ല നിവൃത്തിക്കാനാണ് വന്നത് എന്ന് യേശു പറയുമ്പോൾ ന്യായപ്രമാണത്തിൽ കർശനമായി നിരോധിച്ച അങ്ങേയറ്റം അറപ്പും വെറുപ്പും ഉളവാക്കുന്ന വൃത്തികെട്ടതും നാണം എന്ന വികാരം മായിച്ചുകളയുന്നതും അമേധ്യഭോജിയും രോഗാണുവാഹിയുമായ പന്നിമാംസം ക്രിസ്ത്യാനികളുടെ ഭക്ഷണമാകാറുണ്ട്. മുൻപ്രവാചകന്മാർ പ്രത്യേകിച്ചു മുഹമ്മദ് നബി (സ) ദൈവത്തോടു പ്രാർത്ഥിച്ചിരുന്നുവെന്നും യേശു ഒരിക്കലും

പ്രാർത്ഥിച്ചിട്ടില്ലെന്നും താൻ ദൈവമായതുകൊണ്ട് പ്രാർത്ഥിക്കേണ്ടതില്ലെന്നും ക്രിസ്ത്യൻ മിഷനറികൾ വാദിക്കുന്നു. എന്നാൽ കുരിശുമരണത്തിൽ നിന്ന് രക്ഷിക്കാൻ യേശു വളരെ ഉച്ചത്തിൽ അങ്ങേയറ്റം ഹൃദയവേദനയോടെ പ്രാർത്ഥിക്കുക മാത്രമല്ല ഉറങ്ങിക്കിടന്നിരുന്ന ശിഷ്യന്മാരെ വിളിച്ചുണർത്തി പ്രാർത്ഥിക്കാൻ നിർബന്ധിക്കുകയും ചെയ്തതായി ബൈബിൾ തന്നെ പറയുന്നു. എന്നിട്ടും യേശു കുരിശിൽ മരിച്ചുവെന്നാണ് നിങ്ങൾ ഊറ്റംകൊള്ളുന്നതെങ്കിൽ "സാത്വികരുടെ പ്രാർത്ഥന ദൈവം സ്വീകരിക്കാതിരിക്കുകയില്ല" എന്ന മറ്റൊരു ബൈബിൾ വചനമനുസരിച്ചു. യഹൂദികൾ ആരോപിക്കുന്നപ്രകാരം അദ്ദേഹം വ്യാജവാദിയായ പാപിയായിരുന്നു എന്നാണല്ലോ തെളിയുക - മനുഷ്യരുടെ ജന്മപാപം മുഴുവൻ ഏറ്റെടുത്ത യേശു കുരിശിൽ സ്വയം ബലിയായതാണെന്ന് നിങ്ങൾ ബഡായി പറയാറുണ്ടെങ്കിലും അങ്ങനെയൊരു ദുർമരണം അദ്ദേഹം ഒരിക്കലും ഇഷ്ടപ്പെട്ടിരുന്നില്ലെന്ന് ബൈബിളിൽ നിന്ന് തന്നെ വ്യക്തമാവുന്നുണ്ട്.

മുൻപ്രവാചകന്മാരും മുഹമ്മദ് നബിയും (സ) നിരന്തരം പ്രാർത്ഥിച്ചിട്ടുണ്ട്. അവയൊന്നും സ്വയം രക്ഷക്ക് വേണ്ടിയായിരുന്നില്ല. സമൂഹത്തിന്റെയും പ്രസ്ഥാനത്തിന്റെയും രക്ഷക്കുവേണ്ടിയായിരുന്നു. എന്നാൽ സ്വയംജീവൻ രക്ഷിക്കാൻ യേശുവിനെപ്പോലെ അലമുറയിട്ടു പ്രാർത്ഥിച്ച ഒറ്റ പ്രവാചകനും ചരിത്രത്തിലില്ല. യേശുവിനെ നിരാകരിക്കാൻ യഹൂദികൾക്ക് അവരുടേതായ കാര്യ-കാരണങ്ങളുണ്ടായിരുന്നു. പുരുഷബന്ധമില്ലാത്ത ഗർഭധാരണം അപൂർവ്വത്തിൽ അപൂർവ്വമാണെങ്കിലും അസംഭവ്യമല്ലെന്ന് തെളിയിക്കുന്ന ''പാർത്തനോജനിസിസ്'' എന്ന ശാസ്ത്രീയ സിദ്ധാന്തം അനാവരണം ചെയ്ത ഇക്കാലത്ത് പോലും ഭർതൃമതിയല്ലാത്ത ഒരു സ്ത്രീ പ്രസവിച്ചാൽ - അത് - ശരിയായ പ്രസവമാണെന്ന് വിശ്വസിക്കാൻ ആളെ കിട്ടുമോ? എന്നിരിക്കെ രണ്ടായിരം കൊല്ലം മുമ്പത്തെ സ്ഥിതി ഊഹിക്കാവുന്നതേയുള്ളൂ. പോരെങ്കിൽ ബൈബിൾ ഭാഷ്യപ്രകാരം ദോഷവും വ്യഭിചാരവുമുള്ള തലമുറയാണല്ലോ അന്ന് നിലവിലുണ്ടായിരുന്നത് - വ്യഭിചാരക്കുറ്റം ചുമത്തി ഒരു സ്ത്രീയെ യേശുവിന്റെ മുമ്പിൽ ഹാജരാക്കി അവളെ എറിഞ്ഞുകൊല്ലാൻ കൽപിക്കണമെന്നപേക്ഷിച്ചപ്പോൾ പാപം ചെയ്യാത്തവൻ കല്ലെറിയട്ടെ എന്നു പറഞ്ഞു യേശു തല ഉയർത്തിനോക്കിയപ്പോൾ ആ സ്ത്രീയല്ലാതെ അവളെ കൊണ്ടുവന്ന ഒരു മനുഷ്യജീവി പോലും ആ പരിസരത്തുണ്ടായിരുന്നില്ല. ആ പുരുഷാരം ഒന്നടങ്കം വ്യഭിചാരികളായിരുന്നുവെന്നല്ലേ ഇതിൽ നിന്നു മനസ്സിലാവുന്നത്? അപ്പോൾ യഹൂദികളെ കുറ്റപ്പെടുത്താൻ വകുപ്പുണ്ടോ?

അതുകൊണ്ട് ബൈബിൾ പരിചയപ്പെടുത്തിയ യേശു മിശിഹായെ ഞങ്ങൾ അംഗീകരിക്കുന്നേയില്ല. വിശുദ്ധ ഖുർആൻ അടിവരയിട്ടു വരച്ചുകാണിച്ചുതന്ന പരമസാത്വികനും ദൈവത്തിന്റെ വരിഷ്ടദാസനുമായ യേശു (ഈസാ) വിനേയും തന്റെ ചാരിത്ര്യം കാത്തുസൂക്ഷിച്ച പരിശുദ്ധയും പവിത്രയുമായ കന്യാമർയമിനേയുമാണ് ഞങ്ങൾ വിശ്വസിക്കുന്നത്. അതേയവസരം ഈസാനബി(അ)യുടേയും മുൻപ്രവാചകന്മാരുടേയും ചരിത്രങ്ങൾ സത്യസന്ധമായി പ്രതിപാദിച്ച വിശുദ്ധഖുർആൻ ദൈവവചനമാണെന്നും അതവതരിച്ച മുഹമ്മദു നബി (സ) എല്ലാ പ്രവാചകന്മാരേക്കാളും ഉന്നതനും ശ്രേഷ്ഠനുമാണെന്നും ഞങ്ങൾ വിശ്വസിക്കുന്നു. അവസാനമായി അബ്ദുല്ലാ അബ്ദുൽ ഹാദീ എന്ന് പേരുള്ള ഒരാൾ എഴുതിയ "ഖുർആൻ തെറ്റുകൾക്ക് അതീതമാണോ" എന്ന നാനൂറിൽ അധികം പേജുകളുള്ള പുസ്തകം കാണാനിടയായി. അത് നിരൂപണം ചെയ്യാൻ തൽക്കാലം മുതിരുന്നില്ലെങ്കിലും ഒന്ന് രണ്ട് ചെറിയ കാര്യങ്ങൾ പറയാതിരിക്കാൻ നിർവ്വാഹമില്ല. വി: ഖുർആൻ ബൈബിൾ കോപ്പിയടിച്ചതാണെന്ന് വരുത്തിത്തീർക്കാനാണല്ലോ പുസ്തകത്തിലുടനീളം ശ്രമിച്ചിട്ടുള്ളത്. ഉദാഹരണം: 280-ാം പേജിൽ ഒരു ഖുർആൻ സൂക്തം അറബിയിലും അതുമായി പുലബന്ധം പോലുമില്ലാത്ത ഒരർത്ഥം മലയാളത്തിലും കൊടുത്തശേഷം എഴുതുന്നു: "ഞങ്ങൾ ചോദിക്കുന്നു ബൈബിളിൽ പരാമർശമില്ലാത്ത ഈ കഥ ഖുർആന് എവിടെനിന്നാണ് കിട്ടിയത്?" കുറിക്ക് കൊള്ളുന്ന ചോദ്യമാണ്. ബൈബിളിൽ ഇല്ലാത്തതൊന്നും ഖുർആനിൽ ഉണ്ടാവാൻ പാടില്ലെന്ന കൽപന അനുസരിച്ചേക്കാം. പക്ഷെ ചോദിക്കുന്ന ''ഞങ്ങൾ'' ആരാണെന്ന് മനസ്സിലായെങ്കിലും കഥ എന്താണെന്നൊരു പിടിയും കിട്ടിയില്ല - അതിരിക്കട്ടെ, 201-ാം പേജിലെ രസകരമായ മറ്റൊരു ചോദ്യം: "ഞങ്ങൾ ചോദിക്കുന്നു ഒരു യുദ്ധത്തിൽ സഫ്‌വാനുമായുള്ള അവിഹിതബന്ധത്തിന്റെ ആരോപണങ്ങൾ സൃഷ്ടിച്ച പ്രശ്നങ്ങൾ ഉണ്ടായിരുന്നിട്ടും മുഹമ്മദ് ആയിശയെ വീണ്ടും മറ്റൊരു യുദ്ധത്തിൽ കൂടെ കൊണ്ടുപോയതെന്തിനാണ്?"

ഭേഷ്! ചർച്ച ചെയ്യുന്ന വിഷയവുമായി യാതൊരു ബന്ധവുമില്ലാ

ത്ത ഈ ചോദ്യത്തിന്റെ ഗുട്ടൻസ് പിടികിട്ടി. സത്യവിശ്വാസികളുടെ മാതാക്കൾ എന്ന് മുസ്‌ലിംകൾ വിശ്വസിക്കുന്ന പ്രവാചകപത്നിമാരിൽ പ്രമുഖയായ ഹ: ആയിശയുടെ ചാരിത്ര്യത്തിൽ സംശയം ജനിപ്പിച്ച് മുസ്‌ലിംകളെ അപഹാസ്യരാക്കി ഇരുത്തിക്കളയാമെന്ന ഹീനവ്യാമോഹമല്ലേ ഇതിന് പിന്നിലുള്ളത്? ഈ ചോദ്യം തന്നെയാണ് ഇസ്‌ലാമിനോടു വിരോധമുള്ള ക്രിസ്ത്യാനികളുടെ പിൻതുണയോടെ സൽമാൻ റുഷ്ദിയും സാത്താനിക് വേഴ്സസിൽ (പേ. 383/387) ചോദിച്ചത്.

പറയാൻ പോകുന്ന മറുപടി പാമരനായ ഈ ലേഖകന്റെ സ്വന്തമല്ലാട്ടോ. നൂറ് കൊല്ലം മുമ്പ് ഒരു മഹാപണ്ഡിതൻ പറഞ്ഞതാണ്. അപ്പോൾ വൃത്തികെട്ട ഈ ചോദ്യം ഇന്നോ ഇന്നലെയോ തുടങ്ങിയതല്ലെന്ന് മനസ്സിലായിക്കാണുമല്ലോ.

ഇനി മറുപടി കേട്ടോളൂ. പിൽക്കാലത്ത് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ ഒന്നാം ഖലീഫയായി തിരഞ്ഞെടുക്കപ്പെട്ട ഹക്കീം നൂറുദ്ദീൻ സാഹിബ് കാശ്മീർ രാജാവിന്റെ കൊട്ടാരവൈദ്യനായി സേവനമനുഷ്ഠിച്ചുകൊണ്ടിരിക്കുമ്പോൾ മതപ്രചാരണത്തിനായി യൂറോപ്പിൽ നിന്ന് വന്ന ഒരു മഹാപാതിരിയും പരിവാരങ്ങളും കൊട്ടാരം സന്ദർശിക്കുകയുണ്ടായി. കൊട്ടാര വൈദ്യൻ ഒരു മുസ്‌ലിമാണെന്ന് ശിഷ്യപാതിരിമാരിൽ നിന്ന് മുൻകൂട്ടി മനസ്സിലാക്കിയ മഹാപാതിരി ആ മുസ്‌ലിം വൈദ്യനെ ഒന്ന് തളർത്തിക്കളയാമെന്ന വ്യാമോഹത്തോടെയാണ് കൊട്ടാരത്തിൽ പ്രവേശിച്ചത്. മഹാരാജാവ് അവരെ ഉപചാരപൂർവ്വം സ്വീകരിച്ചിരുത്തിയശേഷം കൊട്ടാരത്തിലെ അന്തേവാസികളേയും സദസ്സിലുണ്ടായിരുന്ന പൗരപ്രമുഖരെയും പരിചയപ്പെടുത്തി. നൂറുദ്ദീൻ സാഹിബിനെ പ്രത്യേകം പ്രശംസിക്കുകയും ചെയ്തു - മഹാപാതിരി മനസ്സിൽ കരുതി പറ്റിയ സന്ദർഭം - നിറഞ്ഞ സദസ്സ് - മഹാപാതിരിയുടെ ആദ്യത്തെ ചോദ്യം നൂറുദ്ദീൻ സാഹിബിനോടാണ്." മുസ്‌ലിം ആണ് അല്ലേ'' ഹക്കീം "അതെ മുസ്‌ലിമാണ്". പാതിരി - നിങ്ങൾ ഏറ്റവുമധികം സ്നേഹിക്കുകയും ആദരിക്കുകയും ചെയ്യുന്ന വ്യക്തിയല്ലേ മുഹമ്മദ് ഹക്കീം. "അതെ, അത് പരമസത്യമാണ്." പാതിരി, "എങ്കിൽ ഒരു യുദ്ധം കഴിഞ്ഞുവരുന്ന അവസരത്തിൽ മുഹമ്മദിന്റെ ചെറുപ്പക്കാരിയായ ഭാര്യ ആയിശയും സഫ്‌വാൻ എന്ന യുവാവുമായി അവിഹിതബന്ധം നടന്നു എന്ന പ്രചാരണമുണ്ടല്ലോ, അതിനെപ്പറ്റി താങ്കൾ എന്തു പറയുന്നു"? മഹാപാതിരി ഇത്രയും പറഞ്ഞു ഒരു ഗൂഢസ്മിതത്തോടെ തന്റെ സഹചാരികളെ ഒന്ന് നോക്കി. അവർക്കും പൊട്ടിച്ചിരിക്കാൻ തോന്നിയെങ്കിലും രാജസദസ്സിനെ മാനിച്ചു സ്വയം നിയന്ത്രിച്ചു. അപ്പഴേക്ക് നൂറുദ്ദീൻ സാഹിബിന്ന് രോഗലക്ഷണം പിടികിട്ടിക്കഴിഞ്ഞിരുന്നു. അദ്ദേഹം സാവധാനത്തിൽ തല ഉയർത്തി ഒന്ന് നിവർന്നിരുന്നു സ്വതസിദ്ധമായ രീതിയിൽ പറയാൻ തുടങ്ങി.

അതെ, പാതിരിയച്ചൻ പറഞ്ഞത് സത്യമാണ്. അങ്ങനെയൊരു ആരോപണം ആയിശയെ സംബന്ധിച്ചു ചിലർ പറഞ്ഞു പരത്തിയത് ശരിയാണ്. പക്ഷെ, അതിൽ അത്ഭുതപ്പെടാനൊന്നുമില്ലെന്നാണ് എനിക്കു പറയാനുള്ളത്. കാരണം, ചരിത്രത്തിൽ അറിയപ്പെടുന്ന മൂന്ന് മഹിളാരത്നങ്ങളെപ്പറ്റിയാണ് ഇത്തരം ആരോപണങ്ങൾ ഉന്നയിക്കപ്പെട്ടിട്ടുള്ളത് - ഒന്ന് പാതിരിയച്ചൻ പറഞ്ഞ ആയിശയെപ്പറ്റി തന്നെ, രണ്ടാമത്തേത്, മഹാരാജാവടക്കമുള്ള ഹൈന്ദവസമൂഹം സഹസ്രാബ്ദങ്ങളായി ആദരിച്ചും ആരാധിച്ചും വരുന്ന ശ്രീരാമന്റെ സഹധർമ്മിണി സീതാദേവിയെ സംബന്ധിച്ചുമാണ്. മൂന്നാമതായി പാതിരിയച്ചനടക്കമുള്ള ലോകക്രൈസ്തവസമൂഹം കർത്താവേ, കർത്താവേ എന്ന് വിളിച്ചു പ്രാർത്ഥിക്കാറുള്ള യേശുമിശിഹായുടെ വന്ദ്യമാതാവ് കന്യാമറിയത്തെ സംബന്ധിച്ചുമാണെന്നറിയാമല്ലോ.

പക്ഷെ, ആദ്യം പറഞ്ഞ രണ്ടു മഹതികളുടെ പേരിൽ ആരോപണ മുന്നയിച്ചവർക്കു അതിനു തെളിവു ഹാജരാക്കാൻ പറ്റിയിട്ടില്ല. അവരൊന്നും ഇന്ന് ജീവിച്ചിരിപ്പുമില്ല. എന്നാൽ മൂന്നാമത്തെ... ഹക്കീം സാഹിബ് ഇത്രയും പറഞ്ഞതേയുള്ളു. അപ്പഴേക്ക് മഹാരാജാവും രാജസദസ്സിനും ചിരിയടക്കാൻ കഴിഞ്ഞില്ല.

എന്നിരുന്നാലും ക്രിസ്ത്യൻ മിഷനറി സഹോദരന്മാരുടെ ക്രിസ്ത്യാനികളുടെ ഇസ്‌ലാമിക വിമർശനത്തിന് വെള്ളവും വളവും നൽകുന്നത് ലോക മുസ്‌ലിംകൾ എന്ന് സ്വയം വിളിക്കുന്ന ഭൂരിപക്ഷ മുസ്‌ലിംകളാണ്. ദൈവത്തിനു മാത്രം ചേരുന്ന അനേകം അത്ഭുതപ്രവർത്തികൾ ചെയ്ത ഈസാ നബി(അ) ഇന്ന് ആകാശത്തിരിക്കുന്നുവെന്നും അവസാന നാൾ ഇറങ്ങിവരുമെന്നും എന്ന വിശ്വാസം പുലർത്തുന്നത്. ഈ ഭൂരിപക്ഷ മുസ്‌ലിംകളാണ് അവർക്കിടയിലെ ക്രിസ്ത്യാനികളുടെ ഈ കള്ളനാണയം ചിലവാകും.

അഹ്മദികളുടെ അടുക്കൽ ഇസ്‌ലാം വിമർശനവുമായിരുന്ന ക്രിസ്തീയ മിഷനറിമാർ വെന്തു വെണ്ണീറായിപോകുമെന്ന് അവർക്കുമറിയാം. ■

ലേഖനം

മൗലവി മുഹമ്മദ് ഫാറൂക്ക് എച്ച്.എ.

# മഹ്ദി മസീഹിന്റെ ആഗമനകാലം ഖുർആനിലും ഹദീസുകളിലും

## (കഴിഞ്ഞ ലക്കം തുടർച്ച)

നബി(സ) തിരുമേനിയുടെ രണ്ട് നിയോഗത്തെക്കുറിച്ചു മുകളിൽ സൂചിപ്പിക്കുകയുണ്ടായി. പ്രസ്തുത രണ്ട് നിയോഗത്തിന്ന് രണ്ട് ലക്ഷ്യങ്ങളും ഉള്ളതായി ഖുർആനിൽ നിന്ന് തന്നെ വ്യക്തമാകുന്നുണ്ട്. ഒന്ന് ദീനിന്റെ പൂർത്തീകരണം. രണ്ട്, ദീനിന്റെ സന്ദേശം ആഗോളതലത്തിൽ എത്തിച്ചുകൊണ്ട് ന്യായ പൂർത്തീകരണവും മറ്റെല്ലാ മതങ്ങളുടെയും മേൽ അതിനെ വിജയിപ്പിക്കുക എന്നതുമാണ്. ദീൻ പൂർത്തിയായതായി ഖുർആൻ 5:4ൽ പറയുന്നു. ***'ഇന്നേ ദിവസം ഞാൻ നിങ്ങൾക്കായി നിങ്ങളുടെ ദീനിനെ പൂർത്തിയാക്കിത്തന്നു'.*** രണ്ടാംവരവിന്റെ ലക്ഷ്യമായിപ്പറയുന്ന ഖുർആൻ വചനമിതാണ്. ***'തന്റെ ദൂതനെ നേർമാർഗത്തോടും, സത്യമതത്തോടുംകൂടി അയച്ചവനത്രെ അവൻ. അദ്ദേഹം അതിനെ എല്ലാമതങ്ങളുടേയും മേൽ വിജയിപ്പിക്കുന്നതിന്നുവേണ്ടി, ബഹുദൈവവിശ്വാസികൾ വെറുത്താലും ശരി'*** (61:10) ഇസ്‌ലാമിന്റെ ഇതേ ആഗോളവിജയത്തെക്കുറിച്ച് ഖുർആൻ 9:33ലും 48:29ലും പറഞ്ഞിട്ടുണ്ട്. ഈ ആഗോളാടിസ്ഥാനത്തിലുള്ള വിജയം നബി(സ) തിരുമേനിയുടെ പ്രതിപുരുഷനായിവരുന്ന മഹ്ദീമസീഹിന്റെ കാലത്താണ് പൂർത്തീകരിക്കപ്പെടുക എന്ന് പ്രസ്തുത വചനങ്ങളുടെ വ്യാഖ്യാനം നൽകിയ മിക്ക ഖുർആൻ വ്യാഖ്യാതാക്കളും ഏകാഭിപ്രായക്കാരാണ്; ഇവിടെ ഇസ്‌ലാമിന്റെ ആഗോളവിജയംകൊണ്ട് ഉദ്ദേശിക്കുന്നത് ചില ഇസ്‌ലാമിസ്റ്റുകൾ വിഭാവനംചെയ്തുകൊണ്ടിരിക്കുന്ന ഭൗതീക, രാഷ്ട്രീയവിജയമല്ല, മറിച്ച് പ്രമാണങ്ങളുടേയും ആത്മീയദൃഷ്ടാന്തങ്ങൾ മുഖേനയുമുള്ള വിജയമാണുദ്ദേശിക്കുന്നത്. അതായത് രാജ്യങ്ങൾ വെട്ടിപ്പിടിച്ച് ഇസ്‌ലാമിക രാഷ്ട്രം സ്ഥാപിക്കുക എന്നതല്ല ഉദ്ദേശം, ഭൗതികമായ നിലയിലുള്ള മുസ്‌ലിം രാഷ്ട്രങ്ങൾ ഇപ്പോൾ തന്നെ 40ലേറെ ലോകത്തുണ്ട്. അതുകൊണ്ടൊന്നും ഇസ്‌ലാമിന്നു കോട്ടം സംഭവിക്കുന്നതല്ലാതെ യാതൊരു പ്രയോജനവുമില്ല. ഒരു ആത്മീയനേതൃത്വത്തിന്റെ അഭാവം കാരണം മുസ്‌ലിംകൾ, മുസ്‌ലിംകൾക്കെതിരെ യുദ്ധം ചെയ്തുകൊണ്ടിരിക്കുന്നു.

ഇനി ഖിയാമത്തിന്റെ ചില അടയാളങ്ങൾ, ഖുർആനിൽ പറയപ്പെട്ടത് ഏതൊക്കെയാണെന്ന് നോക്കാം. സൂറ. അത്തക്ക്വിറിൽ പറയുന്നു. ***"സൂര്യൻ ചുരുട്ടിമടക്കപ്പെടുമ്പോൾ, നക്ഷത്രങ്ങൾ നിഷ്പ്രഭമാകുമ്പോൾ"*** ഇവിടെ സൂര്യൻ എന്ന് പറഞ്ഞത്, ആത്മീയ നഭോമണ്ഡലത്തിലെ, സൂര്യനായ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ) തിരുമേനിയെക്കുറിച്ചും, നക്ഷത്രങ്ങൾ എന്ന് പറഞ്ഞത് അദ്ദേഹത്തിന്റെ നക്ഷത്രതുല്യരായ സഹാബത്തിനെക്കുറിച്ചുമാണ്. 'അസ്ഹാബീ കന്നുജൂമി' എന്ന് നബി(സ) തിരുമേനി തന്നെ അരുൾ ചെയ്തിട്ടുണ്ട്. രണ്ട് വചനങ്ങളുടെയും താല്പര്യം അവസാന കാലത്ത് നബിയുടേയും, സഹാബത്തിന്റെയും ജീവിതമാതൃകയും ഉപദേശങ്ങളും വിസ്മരിക്കപ്പെടും. ശത്രുക്കളുടെ ദുഷ്പ്രചരണവും ഗൂഢതന്ത്രങ്ങളും കാരണം നബിതിരുമേനി(സ) തെറ്റിദ്ധരിക്കപ്പെടും, തൽഫലമായി ഇസ്‌ലാമിന്റെ പല കല്പനകളും ഇക്കാലത്ത് പ്രായോഗികമല്ലെന്ന് മുസലിംകൾ പോലും പറഞ്ഞു തുടങ്ങും. ഇസ്‌ലാമിക സംസ്കാരം ഉപേക്ഷിച്ച് അന്യസംസ്ക്കാരങ്ങളെ സ്വായത്തമാക്കും. അതിൽ അഭിമാനം കൊള്ളുന്നതായിരിക്കും. അങ്ങിനെ റസൂൽ (സ) യുടേയും സ്വഹാബത്തിന്റെ പ്രകാശം ജനങ്ങൾക്ക് കാണാൻ കഴിയാത്ത, അവസ്ഥയുണ്ടാകുമെന്നുള്ള പ്രവചനമാണിത്. പരലോകത്ത് ഈ ഭൗതിക സൂര്യനും നക്ഷത്ര

ങ്ങളും തന്നെ ഉണ്ടായിരിക്കുകയില്ല പിന്നെ നിഷ്പ്രഭമാകുന്നതെങ്ങനെ?

തുടർന്ന് ഖുർആൻ പറയുന്നു: ***''പർവ്വതങ്ങൾ ചലിപ്പിക്കപ്പെടുമ്പോൾ''*** ഇതിന്റെ വിവക്ഷസമുദ്രങ്ങളിൽ സഞ്ചരിച്ചുകൊണ്ടിരിക്കുന്ന പർവതസമാനങ്ങളായ കൂറ്റൻ പടക്കപ്പലുകളും, യാത്രക്കപ്പലുകളുമാണ്. ഇതിനെ ശരിവെക്കുന്ന മറ്റൊ ഖുർആൻ വചനം ഇപ്രകാരമാണ് ***''കടലിൽ സഞ്ചരിച്ചുകൊണ്ടിരിക്കുന്ന പർവതങ്ങളെപ്പോലുള്ള ഉയരം കൂടിയ കപ്പലുകൾ അവനുള്ളതാണ്. അതായതു അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളാകുന്നു''*** (സൂറ: റഹ്മാൻ 25) തുടർന്ന് ഖുർആൻ പറയുന്നു: ***''വന്യമൃഗങ്ങൾ ഒരുമിച്ചുകൂട്ടപ്പെടുമ്പോൾ''*** ഇന്ന് സർവത്ര കാണപ്പെടുന്ന കാഴ്ച ബംഗ്ലാവുകൾ ഈ പ്രവചനത്തിന്റെ പുലർച്ചയാണ്. ഇതൊന്നും തന്നെ പരലോകത്തിൽ വെച്ച് നടത്താൻ പോകുന്ന കാര്യങ്ങളല്ല. കാരണം അവിടെ കടലും കരയും, കപ്പലുകളും ഒന്നും ഉണ്ടായിരിക്കുന്നതല്ല. തുടർന്നു ഖുർആൻ പറയുന്നു. ***"സമുദ്രങ്ങൾ പരസ്പരം ബന്ധിക്കപ്പെടുമ്പോൾ"*** ഇതിന്നുള്ള ഉദാഹരണങ്ങളാണ്, സൂയസ്സ് കനാലും, പനാമ കനാലും, ഗതാഗത സൗകര്യാർത്ഥം, മദ്ധ്യധരണിയാഴിയും, ചെങ്കടലും സൂയസ്സ് കനാൽ മുഖേനയും, ശാന്തസമുദ്രവും, അറ്റ്ലാന്റിക് സമുദ്രവും പനാമ കനാൽ വഴിയും കൂട്ടിചേർക്കപ്പെട്ടിരിക്കുന്നു. തുടർന്ന് ഖുർആൻ പറയുന്നു. ***"വിവിധ ജനതകൾ ഒരുമിച്ചു കൂട്ടപ്പെടുമ്പോൾ"*** ഇതുകൊണ്ട് ഉദ്ദേശിക്കുന്നത് യാത്രാസൗകര്യങ്ങളും വാർത്തവിതരണ മാർഗങ്ങളും കാരണം ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള ജനങ്ങൾ, പരസ്പരം സമ്പർക്കം പുലർത്തുന്നതും ഒരുമിച്ചുകൂട്ടുന്നതുമാണ്. ഇതിന്റെ വ്യക്തമായൊരു ഉദാഹരണമാണ് ഐക്യ രാഷ്ട്രസഭ. അതുപോലെ മറ്റ് മേഖലയിലുള്ള രാജ്യങ്ങൾക്കും പ്രത്യേകം മേഖലാ സംഘടനകളുമുണ്ട്. അവിടെ മിക്ക രാജ്യങ്ങളുടേയും പ്രതിനിധികൾ ഒരുമിച്ചുകൂടുന്നു. തുടർന്ന് പറയുന്നു : ജീവനോടെ കുഴിച്ച് മൂടപ്പെട്ട പെൺകുട്ടിയെക്കുറിച്ച് ***അവൾ എന്ത് കുറ്റത്തിന്റെ പേരിലാണ് വധിക്കപ്പെട്ടതെന്ന് ചോദിക്കപ്പെടുമ്പോൾ*** പൊറുക്കപ്പെടാത്തതും ഏറ്റവും വലിയതുമായ പാപം ഖുർആൻ പറയുന്നത് ശീർക്കാണ്. ഏറ്റവും വലിയ അനീതിയും ശിർക്കു തന്നെ. (ഖുർആൻ 4:19, 31:14) എന്നിരിക്കെ ഏറ്റവും വലിയ അനീതിയെക്കുറിച്ചും, മഹാപാപത്തെക്കുറിച്ചും പറയാതെ പെൺകുട്ടിയെ വധിച്ച കുറ്റത്തെ വിചാരണ ചെയ്യുമ്പോൾ എന്ന് പറഞ്ഞതിന്റെ പൊരുൾ മനസ്സിലാക്കേണ്ടതുണ്ട്. ഇത് പരലോകത്ത് നടക്കുന്ന സംഭവത്തെയല്ല സൂചിപ്പിക്കുന്നത്. അവസാനകാലത്ത് നിയമം മൂലം നരഹത്യ പ്രത്യേകിച്ച് പെൺശിശുക്കളേയും, സ്ത്രീകളേയും വധിക്കുന്നതും പീഡിപ്പിക്കുന്നതും അന്താരാഷ്ട്രതലത്തിൽ നിരോധിച്ചുകൊണ്ട് പ്രത്യേകിച്ച് സ്ത്രീകൾക്ക്, നിയമപരിരക്ഷ ലഭിക്കുമെന്ന പ്രവചനമാണിത്. 1872ൽ നമ്മുടെ ഇന്ത്യാരാജ്യത്ത് ബ്രിട്ടീഷ് ഗവർമെന്റ് നിയമം പ്രകാരം സതി പോലുള്ള ദുഷ്ചെയ്തികൾ നിരോധിച്ചതും ഒരു ഉദാഹരണമാണ്. അതുപോലെ സ്ത്രീ പീഢനത്തിനെതിരേയും സ്ത്രീ സംരക്ഷണത്തിനനുകൂലമായും വർദ്ധിച്ചുവരുന്ന നിയമനിർമ്മാണത്തേയും ജനകീയാവബോധത്തേയും ഇത് സൂചിപ്പിക്കുന്നു. പരലോകത്ത് എല്ലാ കുറ്റകൃത്യങ്ങളെക്കുറിച്ചും വിസ്തരിക്കപ്പെടുന്നതാണ്. തുടർന്നു ഖുർആൻ പറയുന്നു. ***"ഏടുകൾ നിവർത്തപ്പെടുമ്പോൾ"*** അറബിയിൽ "നശറ" എന്ന് പറഞ്ഞാൽ പ്രക്ഷേപണം ചെയ്യുക, പരത്തുക എന്നെല്ലാമാണ് അർത്ഥം ഇവിടെ വിവക്ഷിക്കപ്പെടുന്നത്. അവസാനകാലത്ത് പത്രമാസികകളും സാഹിത്യചരിത്ര ഗ്രന്ഥങ്ങളും ധാരാളമായി പ്രചരിപ്പിക്കപ്പെടുന്ന കാലമായിരിക്കുമെന്നർത്ഥം. തുടർന്ന് പറയുന്നു: ***"ആകാശത്തിന്റെ തൊലി ഉരിക്കപ്പെടുമ്പോൾ"*** ഇത് വാനനിരീക്ഷണ ഗവേഷണശാസ്ത്രത്തിന്റെ (Astronomy) യുടെ പുരോഗതിയെക്കുറിച്ചുള്ള പ്രവചനമാണ്. മൃഗത്തിന്റെ തൊലി ഉരിച്ചാൽ അതിന്റെ അകത്തുള്ള അവയവങ്ങളെ കാണാൻ കഴിയുന്നതുപോലെ ഗവേഷണഫലമായി വാനലോകത്തെ നിരവധി രഹസ്യങ്ങളും യാഥാർത്ഥ്യങ്ങളും അനാവരണം ചെയ്യപ്പെടുന്നതായിരിക്കും. ഈ പ്രവചനവും പുലർന്നു കഴിഞ്ഞിരിക്കുന്നു. പരലോകത്ത് ഈ ആകാശവും ഭൂമിയും ഒന്നും തന്നെ ഉണ്ടായിരിക്കുന്നതല്ല. തുടർന്നു പറയുന്നു. നരകം ആളിക്കത്തിക്കപ്പെടുമ്പോൾ" ഇതിന്റെ വിവക്ഷ അവസാനകാലത്ത് ജനങ്ങൾക്ക് അല്ലാഹുവിനോടുള്ള സ്നേഹവും, ഭയ, ഭക്തിയും കുറഞ്ഞുവരും. കുറ്റകൃത്യങ്ങൾ പെരുകി വരും. ആധുനിക സംസ്കാരവും, പരിഷ്കാരങ്ങളും നരകത്തിലേക്കടുപ്പിക്കുന്നവയാണ്. കാലത്തിന്റെ ഇമാമിനെ നിഷേധിക്കുക കാരണം ദൈവകോപം ജ്വലിക്കുകയും പലതരത്തിലുള്ള ദുരന്തങ്ങളും മറ്റ് വിപത്തുകളും കാരണം മനുഷ്യജീവിതം നരകതുല്യമായി മാറുന്ന കാലത്ത് പ്രതിവിധിയായി അല്ലാഹു തന്നെ രക്ഷകനെയും അയക്കും. അതായത് നീതിമാനായ വിധികർത്താവായിക്കൊണ്ട് അല്ലാഹു മഹ്ദി മസീഹിനെ അയക്കും. അദ്ദേഹത്തെ സ്വീകരിച്ചുകൊണ്ട് സൽകർമ്മങ്ങൾ ചെയ്യുന്നവർക്ക് സ്വർഗീയമായ സമാധാനപരമായ ജീവിതം ലഭിക്കും. അപ്രകാരം തന്നെ അക്കാലത്ത് ചെറിയ ചെറിയ നന്മകൾക്ക് പോലും പ്രധാന്യമേറും. ഇതൊരു ഹദീസിൽ നിന്ന് വ്യക്തമാകുന്നുണ്ട്. അതിപ്രകാരമാണ്. ***'മൻതമസ്സ***

***കിബിസുന്നത്തീ ഇൻദഫസാദിഉമ്മത്തീഫലഹു അജ്റുമീഅത്തിശഹീദ്" എന്റെ സമുദായത്തിൽ കുഴപ്പങ്ങൾ നിറയുന്ന കാലത്ത് എന്റെ ചര്യയെ മുറുകെപിടിച്ച് ജീവിക്കുന്നെന്ന് നൂറ് ശഹീദിന്റെ (രക്തസാക്ഷിയുടെ) പ്രതിഫലം ലഭിക്കുന്നതാണ്.*** (മിശ്ക്കാത്ത് കിത്താബുൽ ഈമാൻ).

രണ്ട് വചനങ്ങൾക്കുശേഷം വീണ്ടും ഖുർആൻ തുടർന്നു പറയുന്നു: ***"കഴിഞ്ഞുപോയിക്കൊണ്ടിരിക്കുന്ന രാവിനെക്കൊണ്ടും ഉദിച്ച് പ്രകാശിച്ചുവരുന്ന പ്രഭാതത്തെക്കൊണ്ടും സത്യം"*** അതായത് പരീക്ഷണങ്ങളുടേയും പ്രയാസങ്ങളുടേയും രാത്രിക്കുശേഷം ഇസ്ലാമിന്ന് വീണ്ടും ശോഭനക്കാലം വരും. അതു ലോകത്ത് അന്തിമവിജയം കൈവരിക്കും. ഇത് വ്യക്തമാക്കുന്ന ഒരു ഹദീസ് ഇപ്രകാരമാണ്." ***"ഈ സമുദായത്തിൽ ഉത്തമരായിട്ടുള്ളവർ. അതിന്റെ ആദ്യഘട്ടത്തിലും അവസാനഘട്ടത്തിലുമുള്ളവരുമാകുന്നു. ആദ്യകാലത്തുള്ളവരിൽ അല്ലാഹുവിന്റെ ദൂതൻ തന്നെയുണ്ടായിരിക്കും. അവസാനഘട്ടത്തിൽ ഈസബ്നുമറിയമും ഉണ്ടായിരിക്കും. അതിന്നിടയിലുള്ളവർ വക്രതയുളളവരായിരിക്കും. ഞാൻ അവരിൽനിന്നുള്ളവനോ, അവർ എന്നിൽപെട്ടവരോ ആയിരിക്കുകയില്ല"*** (കൽസുൽ ഉമ്മാൽ വാള്യം 7 ഭാഗം 202)

സൂറഇൻഫിതാറിൽ പറയുന്നു: ***"ആകാശം പൊട്ടിപ്പിളരുമ്പോൾ"*** ഇതു കൃസ്തുമതത്തിന്റെ വമ്പിച്ച മുന്നേറ്റത്തെക്കുറിച്ചുള്ള ഒരു പ്രവചനമാണ്. ആകാശം പൊട്ടിപ്പിളരുക എന്നാൽ അല്ലാഹുവിന്റെ കോപം ജ്വലിക്കുകയും ശിക്ഷ ഇറങ്ങുകയും ചെയ്യുക എന്നതാണ്. ഖുർആന്റെ അവതരണകാലത്ത് തന്നെ ത്രിയേകത്വവിശ്വാസം ക്രിസ്ത്യാനികൾക്കുണ്ടായിരുന്നു. എന്നാൽ അന്നത് ചില പരിമിതമായ രാജ്യങ്ങളിൽ ഒതുങ്ങിനിൽക്കുന്നതായിരുന്നു. വിശുദ്ധ ഖുർആൻ 19ൽ 91, 92 വചനങ്ങളിൽപ്പറയുന്നു. ***"ആകാശം പൊട്ടിക്കീറുകയും, ഭൂമി പിളർന്ന് പോവുകയും, പർവതങ്ങൾ തകർന്ന് വീഴുകയും ചെയ്യാറായിരിക്കുന്നു. കാരണം അവർ (ക്രിസ്ത്യാനികൾ) പരമകാരുണികനായ അല്ലാഹുവിന്ന് ഒരു പുത്രനെ സ്വീകരിച്ചിരിക്കുന്നു എന്ന് വാദിക്കുന്നു"*** അതായത് അവസാനകാലത്ത് ക്രിസ്ത്യാനികളുടെ ത്രിയേകത്വവിശ്വാസത്തിന്നു വളരെ പ്രചാരണം ലഭിക്കും. ഇതു ഏറ്റവും കൊടിയ ശിർക്കാണ്. അതുകാരണം അല്ലാഹുവിന്റെ കോപം ജ്വലിക്കുന്നതും പലതരത്തിലുള്ള ദൈവികശിക്ഷകൾ ഇറങ്ങുന്നതുമായിരിക്കും, ചുരുക്കത്തിൽ ഖുർആന്റെ അവതരണകാലത്ത് പിളരാനിരുന്ന ആകാശം അവസാനകാലത്തു പിളരുക തന്നെ ചെയ്യുന്നതാണ്.

സൂറ അൽഖിയാമയിൽ പറയുന്നു: ***"ഖിയാമത്ത് എപ്പോഴാണെന്ന് അവൻ ചോദിക്കുന്നു. എന്നാൽ ദൃഷ്ടികൾ സ്തംഭിച്ച് പോവുകയും ചന്ദ്രൻ ഗ്രഹണമുണ്ടാവുകയും, സൂര്യനും ചന്ദ്രനും ഗ്രഹണം സംഭവിക്കുന്ന കാര്യത്തിൽ ഒരുമിച്ചു കൂട്ടപ്പെടുകയും ചെയ്താൽ, ആ നാളിൽ ഓടി രക്ഷപ്പെടാനുള്ള സ്ഥലം എവിടെയാണെന്ന് മനുഷ്യൻ ചോദിക്കും. അങ്ങനെയല്ല അന്ന് ഒരു അഭയസ്ഥാനവും നിന്റെ നാഥന്റെയടുക്കലല്ലാതെ ഉണ്ടായിരിക്കുകയില്ല."*** (അൽഖിയാമ 7 മുതൽ 13 വരെ)

ഇവിടെ ഖിയാമത്ത് എന്നു പറഞ്ഞത് ***ഖിയാമത്ത് കുബ്റാ*** ഏറ്റവും വലിയ അലാമത്ത് എന്ന അർത്ഥത്തിലല്ല. കാരണം സൂര്യചന്ദ്രഗ്രഹണങ്ങൾ ഇതേ ജഡികലോകത്ത് സംഭവിച്ചുകൊണ്ടിരിക്കുന്ന ഭൗതികപ്രതിഭാസങ്ങളാകുന്നു. സൂര്യനും ചന്ദ്രനും ഒന്നുമില്ലാത്ത ഒരു ലോകത്ത് ഗ്രഹണങ്ങൾ സംഭവിക്കുന്നതെങ്ങിനെ. പ്രസ്തുത സൂര്യ, ചന്ദ്രഗ്രഹണങ്ങൾ ഇതേ ലോകത്ത് മഹ്ദി മസീഹിന്റെ അടയാളങ്ങളായി പ്രത്യക്ഷപ്പെടാനുള്ളതാണ്. ഇതിനെക്കുറിച്ച് ഹദീസിൽ വ്യക്തമായി പ്രസ്താവിച്ചിട്ടുണ്ട് അതിപ്രകാരമാണ്. നബി(സ) തിരുമേനി അരുൾ ചെയ്തതായി ഹദ്റത്ത് ഇമാം ബാഖിർ (റ) രിവായത്തു ചെയ്യുന്നു. *"നമ്മുടെ മഹ്ദിക്ക് രണ്ട് അടയാളങ്ങൾ നിശ്ചയിക്കപ്പെട്ടിരിക്കുന്നു. ആകാശഭൂമികൾ ഉണ്ടായതുമുതൽ ഈ അടയാളങ്ങൾ മറ്റൊരു മഅ്മൂറിന്റെ കാലത്തും പ്രത്യക്ഷപ്പെട്ടിട്ടില്ല. അതായത് ചന്ദ്രന് റമദാൻ മാസത്തിലെ ആദ്യരാത്രിയിലും, സൂര്യൻ അതിന്റെ നടുവിലുള്ള ദിവസത്തിലും ഗ്രഹണമുണ്ടാകുന്നതാണ്"* (ദാറുൽ ഖുത്ത്നി) സൂര്യചന്ദ്രഗ്രഹണങ്ങൾ സാധാരണ സംഭവിക്കാറുള്ള ഒരു പ്രതിഭാസമാണ്. എന്നാൽ സൂര്യചന്ദ്രഗ്രഹണങ്ങൾ ക്കായി ദിവസങ്ങൾ നിശ്ചയിക്കപ്പെട്ടിട്ടുണ്ട്. പ്രസ്തുത ദിവസങ്ങളിൽ മാത്രമെ ഗ്രഹണങ്ങളുണ്ടാകാറുള്ളൂ. ഇത് ലോകാരംഭം മുതൽ തുടർന്നുവരുന്ന അലംഘനീയ നിയമമാകുന്നു. ഇതനുസരിച്ച് ചന്ദ്രഗ്രഹണത്തിന്നായി ചന്ദ്രമാസം 13, 14, 15 എന്നീ മൂന്ന് രാത്രികളാണ് നിശ്ചയിക്കപ്പെട്ടിരിക്കുന്നത്. ഈ രാവുകളിലല്ലാതെ ചന്ദ്രഗ്രഹണമുണ്ടാകുന്നതല്ല. സൂര്യഗ്രഹണത്തിന്നായി ചന്ദ്രമാസം 27, 28, 29 എന്നീ മൂന്ന് ദിവസങ്ങളാണ് നിശ്ചയിക്കപ്പെട്ടിരിക്കുന്നത്. ഇതിൽ ഏതെങ്കിലുമൊരു ദിവസമേ സൂര്യഗ്രഹണമുണ്ടാവുകയുള്ളൂ. അപ്പോൾ സൂര്യ, ചന്ദ്രഗ്രഹണങ്ങൾ ഒരു സാധാരണ പ്രതിഭാസമായിരിക്കെ അത് മഹ്ദിയുടെ അടയാളമായിത്തീരുന്നതെങ്ങനെ എന്ന സംശയം സ്വാഭാവികം. അതിന്റെ വിശദീകരണം പ്രസ്തുത ഹദീസിൽ തന്നെയുണ്ട്. അവ താഴെ വിവരിക്കുന്നു (1) ചന്ദ്രഗ്രഹണത്തിന്ന് നിശ്ചയിക്കപ്പെട്ട മൂന്ന് രാവുക

ളിൽ ആദ്യരാവിൽ അതായത് 13-ാം രാവിൽ മഹ്ദിയുടെ അടയാളമായി പ്പറഞ്ഞ ചന്ദ്രഗ്രഹണം ഉണ്ടാവും. ഹദീസിൽ ''ലി അവ്വലി ലൈലത്തിൻ'' ഒന്നാമത്തെ രാവിൽ എന്ന് പറഞ്ഞത് റമദാൻ ഒന്നിന്നാണെന്ന് ചിലർ വാദിക്കാറുണ്ട്. ഈ വാദം ശരിയല്ല. ചന്ദ്രമാസം ഒന്നും രണ്ടും മൂന്നും രാവിലുദിക്കുന്ന ചന്ദ്രക്കലക്ക് അറബിയിൽ 'ഖമർ' എന്ന് പറയുകയില്ല. ഹിലാൽ എന്നാണ് പറയാറുള്ളത്. ഒന്നാമത്തെ ചന്ദ്രനെ ദർശിക്കാൻ പോലും പ്രയാസമാണ്. അതുകൊണ്ടാണല്ലോ ചന്ദ്രപ്പിറവി തീരുമാനിക്കാൻ നമ്മുടെ നാട്ടിൽ ഹിലാൽ ക്കമ്മിറ്റികൾക്ക് രൂപം നൽകിയിരിക്കുന്നത്. (2) സൂര്യഗ്രഹണത്തിന്നായി നിശ്ചയിക്കപ്പെട്ട മൂന്ന് ദിവസങ്ങളിൽ നടുവിലുള്ള ദിവസമായിരിക്കും സൂര്യഗ്രഹണമുണ്ടാകുന്നത്. (3) രണ്ടും ഒരേ റമദാൻ മാസത്തിൽ സംഭവിക്കണം. (4) മഹ്ദിയാണെന്ന് വാദിക്കുന്ന ഒരാൾ ആ സമയത്തുണ്ടായിരിക്കണം (5) പ്രസ്തുത സൂര്യ, ചന്ദ്രഗ്രഹണങ്ങൾ തന്റെ സത്യത്തിലേക്കുള്ള അടയാളങ്ങളാണെന്ന് മഹ്ദിയാണെന്ന് വാദിക്കുന്ന ആൾ അവകാശപ്പെടുകയും ചെയ്യണം. പ്രസ്തുത അഞ്ച് നിബന്ധനകളും ഹദ്റത്ത് അഹ്മദുൽ ഖാദിയാനി (അ)യിൽ പൂർത്തിയാവുകയുണ്ടായി. അദ്ദേഹം 1891ൽ താൻ അല്ലാഹുവിനാൽ നിയുക്തനായ വാഗ്ദത്ത മഹ്ദിയും മസീഹുമാണെന്നു വാദിക്കുകയുണ്ടായി. അപ്പോൾ പണ്ഡിതന്മാരുടെ ഭാഗത്ത് നിന്നു ഉന്നയിക്കപ്പെട്ട പ്രധാന ആക്ഷേപം സൂര്യ, ചന്ദ്രഗ്രഹണങ്ങളെക്കുറിച്ചു പറയപ്പെട്ട അടയാളം വെളിപ്പെട്ടിട്ടില്ല എന്നതായിരുന്നു. അതിന്ന് മറുപടി നൽകിക്കൊണ്ട് ഹദ്റത്ത് അഹ്മദ് (അ) പറഞ്ഞു. 'ഞാൻ സത്യവാനത്തെങ്കിൽ അല്ലാഹു പ്രസ്തുത അടയാളവും വെളിപ്പെടുന്നതായിരിക്കും.' അപ്രകാരം തന്നെ സംഭവിക്കുകയും ചെയ്തു. 1891ൽ മഹ്ദിയാണെന്ന് വാദിച്ചു. 1894ൽ ഹിജ്റ വർഷം 1311 റമദാൻ മാസത്തിൽ പ്രസ്തുത അടയാളം പ്രത്യക്ഷപ്പെട്ടു. 13-ാം രാവിന് ചന്ദ്രഗ്രഹണവും 28ന് സൂര്യഗ്രഹണവും ഉണ്ടായി. പ്രസ്തുത അടയാളങ്ങൾ തന്റെ സത്യത്തിലേക്കുള്ള അടയാളങ്ങളാണെന്നും അദ്ദേഹം പ്രഖ്യാപിച്ചു. അദ്ദേഹം ഇത് എന്റെ സത്യത്തിലേക്കുള്ള അടയാളമായി അല്ലാഹു വെളിപ്പെടുത്തിയതാണെന്നു ഞാൻ പരിശുദ്ധ കഅ്ബാലയത്തിൽ നിന്നുകൊണ്ടും സത്യം ചെയ്യാൻ തയ്യാറാണെന്നും പ്രഖ്യാപിക്കുകയുണ്ടായി.

സൂര്യചന്ദ്രഗ്രഹണങ്ങളെല്ലാം ഐഹീകലോകത്ത് വെച്ച് സംഭവിക്കുന്ന ഭൗതികപ്രതിഭാസങ്ങളാണെന്ന് മുകളിൽ വിശദീകരിക്കുകയുണ്ടായി. തുടർന്നുള്ള വചനങ്ങളിൽ പറയുന്നത് അന്ന് മനുഷ്യൻ ഓടി രക്ഷപ്പെടാനുള്ള സങ്കേതമന്വേഷിക്കുന്നതായിരിക്കും. എന്നാൽ മരണത്തോടുകൂടി സൽകർമ്മങ്ങൾ ചെയ്യുവാനുള്ള അവസരവും നഷ്ടപ്പെടുന്നതാണ്. അതിനാൽ പരലോകത്ത് വെച്ച് രക്ഷാസങ്കേതം അന്വേഷിച്ചു നടക്കുമെന്ന് വിചാരിക്കാവതല്ല തന്നെ. ആയതിനാൽ ഇതും ഐഹീകജീവിതവുമായി ബന്ധപ്പെട്ട കാര്യമാണെന്ന് മനസ്സിലാക്കണം. അവസാനകാലത്ത് രക്ഷാമാർഗവും മഹ്ദി മസീഹിനാൽ അല്ലാഹു ഒരുക്കിയിരിക്കും. അദ്ദേഹത്തെ സ്വീകരിക്കുന്നവർക്ക് അല്ലാഹുവിൽ നിന്നുള്ള രക്ഷയും, അഭയവും ലഭിക്കുന്നതായിരിക്കും. ■

---

***(11-ൽ നിന്ന് തുടർച്ച)***

“വിശ്വാസികളും സൽകർമ്മികളുമായവരോട് അല്ലാഹു ചെയ്ത വാഗ്ദാനമനുസരിച്ച് അവർക്ക് സാമൂഹികമായ നിലയിൽ നല്കിയ ഒരു ദൈവിക പാരിതോഷികമാണ് ഖിലാഫത്ത്. അല്ലാഹുവിന്റെ പ്രതിഫലമെന്നോണം ലഭിക്കുന്ന ഏതൊന്നും സംശയലേശമെന്യേ മഹത്തായ അനുഗ്രഹങ്ങൾ നിറഞ്ഞതായിരിക്കുമെന്നതിനാൽ ഖിലാഫത്തും അപ്രകാരമുള്ള ഒന്നത്രെ.

* ഖിലാഫത്ത് മുഖേന ദീനിന്ന് ശക്തിയും പ്രബലതയും പുരോഗതികളും കൈവരുന്നു.

* ഖലീഫമാർ ശിർക്കിൽ നിന്ന് പൂർണ്ണമായും മുക്തരായവരും ആത്മസംസ്ക്കാരം സിദ്ധിച്ചവരുമായതിനാൽ അവരുടെ ആത്മീയ നേതൃത്വത്തിൽ കീഴിലുള്ള വിശ്വാസികൾക്ക് തൗഹീദിലധിഷ്ഠിതമായ ജീവിതം നയിക്കുവാനും അതുവഴി ദൈവിക തൃപ്തിക്കൊത്ത് പ്രവർത്തിക്കുവാനുമുള്ള സൗഭാഗ്യം വന്നു ചേരുന്നു.

ചുരുക്കത്തിൽ എല്ലാ അനുഗ്രഹങ്ങളും ഖിലാഫത്തിന്റെ തണലിൽ അനുസരണബന്ധരായി കഴിയുന്നതിലാണടങ്ങിയിരിക്കുന്നത്. മുൻകാലങ്ങളിൽ മുസ്ലിംകൾക്ക് ലഭിച്ച പുരോഗതികൾക്ക് നിദാനം ഖിലാഫത്താണെന്നതിൽ ആർക്കും തർക്കമില്ല. മുസ്ലിംകളുടെ അധഃപതനത്തിനു പ്രാരംഭം കുറിച്ചത് ഈ അനുഗൃഹീത വ്യവസ്ഥ അവരിൽ നിന്നും നഷ്ടപ്പെട്ടതോടുകൂടിയാണ്. എന്നാൽ പ്രവചനപ്രകാരം ഇക്കാലത്ത് ഇസ്ലാമിന്റെ പുനഃരുത്ഥാനത്തിന്നായി ആവിർഭവിച്ച വാഗ്ദത്ത മഹ്ദീ മസീഹിന്റെ കാലശേഷം വീണ്ടും ഇസ്ലാമിക ഖിലാഫത്ത് പുനഃസ്ഥാപിക്കപ്പെട്ടിരിക്കയാണ്. അങ്ങനെ ഖിലാഫത്തിന്റെ മുഴുവൻ അനുഗ്രഹങ്ങളും അനുഭവിക്കുവാനുള്ള സൗഭാഗ്യം അഹ്മദിയ്യാ ജമാഅത്തിന് അല്ലാഹു നല്കിയിരിക്കുന്നു. ഇസ്ലാമിക വിജയം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന ഈ ദൈവിക സംവിധാനത്തെ തിരിച്ചറിയേണ്ടത് ഓരോ മനുഷ്യന്റേയും ബാധ്യതയാണ്. ■

ഏ. ക്യു. മഹ്ദി

ലേഖനം

# മുല്ലായിസത്തിനു മുമ്പിൽ മുട്ടുവിറക്കുന്ന പാകിസ്താൻ ഭരണാധികാരികൾ

**മുല്ലായിസം ഗ്രസിച്ച പാകിസ്താൻ ജനാധിപത്യത്തിന്റെ ഏറ്റവും വികൃതമായ പ്രദർശനശാലയാണ്. പാകിസ്താൻ പൗരനും പത്രപ്രവർത്തകനുമായ ബി.എം. കുട്ടിയുമായി എം.എൻ. കാരശ്ശേരി നടത്തിയ മുഖാമുഖം അനാവരണം ചെയ്യുന്നത് അതാണ്.**

സത്യദൂതൻ വായനക്കാരിൽ ചിലർക്കെങ്കിലും വേണ്ടി ഞാൻ ഇവിടെ രണ്ടു പ്രധാന വ്യക്തികളെ പരിചയപ്പെടുത്തുകയാണ്.

ഒരാൾ, കോഴിക്കോടു നഗരത്തിൽ നിന്നും 32 കി.മീറ്റർ അകലെയുള്ള കാരശ്ശേരി എന്ന ഗ്രാമത്തിൽ ജനിച്ച മുഹിയുദ്ദീൻ നടുക്കണ്ടിയിൽ. ജനനവർഷം 1951.

രണ്ടാമത്തെ വ്യക്തിയും ഒരു മുഹിയുദ്ദീൻ തന്നെ, ബിയ്യാത്തിൽ മുഹിയുദ്ദീൻ കുട്ടി. ജനനം 1931-ൽ. മലപ്പുറം ജില്ലയിലെ തിരൂരിനടുത്തുള്ള വൈലത്തൂർ സ്വദേശി.

പരിചയപ്പെടുത്തിയ ആദ്യവ്യക്തിയുടെ നാമ, ഉപനാമപദങ്ങൾ ലഘൂകരിച്ചാൽ എം.എൻ. കാരശ്ശേരി എന്നു വായിക്കാം. എം.എൻ. കാരശ്ശേരി എന്ന ഇദ്ദേഹം മലയാള സാഹിത്യത്തിൽ ഡോക്ടറേറ്റ് നേടിയ ആളും ഇപ്പോൾ കോഴിക്കോട് സർവ്വകലാശാലയിലെ മലയാളവിഭാഗം പ്രൊഫസറുമാണ്. കുറച്ചു കാലം മാതൃഭൂമി ദിനപത്രത്തിന്റെ സബ് എഡിറ്ററായി പ്രവർത്തിച്ചിരുന്നു. അറിയപ്പെടുന്ന ഒരു മനുഷ്യാവകാശ പ്രവർത്തകനാണ്. യാഥാസ്ഥിതികരുടെ കഠിനമായ എതിർപ്പുകൾ ഏറ്റുവാങ്ങിയ ഇപ്പോഴും ഏറ്റുവാങ്ങിക്കൊണ്ടിരിക്കുന്ന കാരശ്ശേരി മലയാളഭാഷയിലെ ശ്രദ്ധേയനായ ഒരെഴുത്തുകാരൻ കൂടിയാണ്.

ഈ ചെറിയ പരിചയപ്പെടുത്തലുകൾക്കൊക്കെ അപ്പുറം, നമ്മുടെ പ്രിയപ്പെട്ട വായനക്കാരിൽ നല്ലൊരു ശതമാനത്തിനും, കേരളത്തിലെ മുസ്ലിം സമൂഹത്തിനും ശ്രീ. എം. എൻ. കാരശ്ശേരിയെ വ്യക്തമായി അറിയാമെന്നു ഞാൻ കരുതുന്നു.

ഇനി രണ്ടാമത്തെ മുഹിയുദ്ദീൻ കുട്ടി അഥവാ ബിയ്യാത്തിൽ മുഹിയുദ്ദീൻ കുട്ടി. ഇദ്ദേഹം ബി.എം. കുട്ടി എന്ന് അറിയപ്പെടുന്നു.

നാട്ടിലും മദിരാശിയിലുമായി പഠനം. വിദ്യാഭ്യാസകാലത്ത്, കമ്യൂണിസ്റ്റ് പാർട്ടിയുമായി ബന്ധമുണ്ടായിരുന്നു. എസ്.എഫിൽ (സ്റ്റുഡൻസ് ഫെഡറേഷൻ) സജീവ അംഗമായിരുന്നു.

1948ൽ വളരെ യാദൃച്ഛികമായി ബി.എം. കുട്ടി പാകിസ്താനിലേയ്ക്ക് ഒരു യാത്ര പോകുന്നു. നാടൊക്കെ ചുറ്റിക്കറങ്ങി തിരികെയെത്തിയ അദ്ദേഹം രണ്ടുകൊല്ലം കഴിഞ്ഞു വീണ്ടും കറാച്ചിയിലേയ്ക്കു പോയി. അവിടെ നിന്നും ലാഹോറിലേയ്ക്കും. ഒരു സ്വിസ് കമ്പനിയിൽ കുട്ടി ജോലി നേടി. ഉത്തർപ്രദേശുകാരിയായ ബിർജിസ് സിദിഖിയെ വിവാഹം കഴിച്ചു. കമ്യൂണിസ്റ്റ് ബന്ധം ഇക്കാലത്തും തുടരുകയും 'പാകിസ്താൻ ടൈംസി'ൽ എഴുതുകയും ചെയ്തിരുന്നു.

1953-ലാണ് കമ്യൂണിസ്റ്റ് പാർട്ടി, പാകിസ്താനിൽ നിരോധിക്കപ്പെട്ടത്. വിപ്ലവാശയം മനസ്സിൽ നിന്നും കെടാതെ സൂക്ഷിച്ച ബി.എം. കുട്ടി, പാകിസ്താൻ ആസാദ് പാർട്ടിയിലും, പിന്നീട് സോഷ്യലിസ്റ്റ് പാർട്ടിയിലും പ്രവർത്തിച്ചു. രണ്ടുകൊല്ലത്തിനുശേഷം 1955-ൽ കറാച്ചിയിലെ കേരളീയരായ ബീഡിത്തൊഴിലാളികളുടെ പിന്തുണയോടെ 'കേരളാ അവാമി ലീഗ്' രൂപവത്കരിച്ചു. പിന്നീട് ഇത് പാകിസ്താൻ അവാമി ലീഗിന്റെ ഭാഗമായിത്തീർന്നു.

1958-ൽ പട്ടാളഭരണം വന്നപ്പോൾ, പോലീസ് രേഖകളിൽ ഇടതുപക്ഷ പ്രവർത്തകനായി കുട്ടിയുടെ പേര് രേഖപ്പെട്ടുകിടന്നിരുന്നു. അങ്ങനെയാണ് 1959-ൽ അറസ്റ്റ്

ചെയ്യപ്പെട്ടത്. കറാച്ചിയിലും ലാഹോറിലുമായി മൂന്നുകൊല്ലം തടവുശിക്ഷ. വിദേശശക്തികൾക്കുവേണ്ടി പ്രവർത്തിച്ചു എന്നതായിരുന്നു ശിക്ഷയ്ക്കാധാരമായ കുറ്റം. സംഭവിച്ചതിതാണ്, അക്കാലത്ത് നാട്ടിലുണ്ടായിരുന്നപ്പോൾ പാകിസ്താനി സുഹൃത്തുക്കൾക്കെഴുതിയ ചില സ്വകാര്യകത്തുകളിൽ ഇ.എം.എസ്സ്. സർക്കാരിനെപ്പറ്റി നല്ല വാക്കുകൾ എഴുതിയിരുന്നു അദ്ദേഹം.

ശത്രുരാജ്യത്തുനിന്നും വരുന്ന കത്തുകൾ തുറന്നുനോക്കി സെൻസർ ചെയ്യുന്ന സമ്പ്രദായം അരനൂറ്റാണ്ടു മുമ്പുതന്നെ തുടങ്ങിയിരുന്നുവോ?

പല കാലങ്ങൾ വിവിധ പ്രവർത്തനങ്ങളിലും പരിപാടികളിലും സജീവസാന്നിദ്ധ്യമായി നീങ്ങിയ ബി.എം. കുട്ടി, 1975-ൽ നാഷണൽ ഡെമോക്രാറ്റിക് പാർട്ടി രൂപവത്ക്കരണത്തിന് മുൻകൈ എടുത്തവരുടെ കൂട്ടത്തിൽ ഉണ്ടായിരുന്നു.

ഭൂട്ടോ സർക്കാരിനെ അട്ടിമറിച്ച് പട്ടാളമേധാവി സിയാവുൽ ഹഖ് 1977-ൽ അധികാരത്തിൽ വന്നതിനെ തുടർന്നുണ്ടായ രാഷ്ട്രീയ പരിതസ്ഥിതിയിൽ ബി.എം. കുട്ടിക്ക് നാലുമാസം തടവിൽ കിടക്കേണ്ടി വന്നു. പൗരാവകാശ പുനഃസ്ഥാപനത്തിനുവേണ്ടിയുള്ള സമരങ്ങളിൽ പങ്കെടുത്തതിന്റെ പേരിൽ 1983, 1986 വർഷങ്ങളിൽ അറസ്റ്റിലായി.

സാമൂഹിക നീതിക്കുവേണ്ടിയും ഇൻഡ്യാപാക് സൗഹൃദത്തിനായും പോരാടുന്ന പാകിസ്താനികളുടെ മുൻനിരയിൽ, ബി.എം. കുട്ടി എന്ന ഈ എഴുപത്തേഴുകാരനുണ്ട്. കഴിഞ്ഞ പതിനഞ്ചു വർഷമായി അദ്ദേഹത്തിന്റെ സേവനമേഖല 'പാകിസ്താൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ എഡ്യൂക്കേഷൻ ആന്റ് റിസർച്ച്' (പൈലർ), എന്ന സ്ഥാപനത്തിന്റെ ഗവേഷണങ്ങളും പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടാണ്. കേവലം രണ്ടുമാസം മുമ്പ് ഇക്കഴിഞ്ഞ ഫെബ്രുവരി അവസാനം ബി.എം. കുട്ടി നാട്ടിലുണ്ടായിരുന്നു. തിരൂരിൽ വച്ച് അദ്ദേഹവുമായി എം.എൻ. കാരശ്ശേരി ഒരു അഭിമുഖ സംഭാഷണം നടത്തുകയുണ്ടായി. അൽപ്പം ദൈർഘ്യമേറിയ ആ സംഭാഷണത്തിലെ ഓരോ വാക്കും, ഓരോ വരിയും വളരെ ശ്രദ്ധേയമായ വിവരങ്ങൾ ഉൾക്കൊള്ളുന്നവയാണ്. ആ സംഭാഷണരംഗത്തെ പ്രസക്തഭാഗങ്ങൾ മാത്രം ക്രോഡീകരിച്ചു നമ്മുടെ വായനക്കാർക്കായി ഞാനിവിടെ സമർപ്പിക്കുന്നു. ഇത് 2008 ഏപ്രിൽ 13-ലെ മാതൃഭൂമി ആഴ്ചപ്പതിപ്പിൽ പ്രകാശനം ചെയ്യപ്പെട്ടിട്ടുണ്ട്.

ലേഖനസൃഷ്ടിയ്ക്കു മുമ്പ്, ഞാൻ എം.എൻ. കാരശ്ശേരിയുമായി ബന്ധപ്പെടുകയുണ്ടായി. പലതും സംസാരിച്ച കൂട്ടത്തിൽ അദ്ദേഹം പറഞ്ഞ ഒരു വാചകം മാത്രം ഇവിടെ ചേർക്കുന്നു. 'അഹ്മദികൾക്കു നേരെയുള്ള ലോകവ്യാപകമായ പൗരാവകാശധ്വംസനങ്ങൾക്കെതിരേ, ആത്മാർത്ഥമായി, ശക്തമായി പ്രതിഷേധിക്കുന്ന ഏക അനഹ്മദിയാണീ ഞാൻ....' അതെ, അത് തീർച്ചയായും ശരിയുമാണ്.

ബി.എം. കുട്ടിയുമായുള്ള എം. എൻ. കാരശ്ശേരിയുടെ അഭിമുഖസംഭാഷണം ഇവിടെ ആരംഭിക്കുന്നു

**എം.എൻ. കാരശ്ശേരി - ജിന്നയെ കണ്ടിട്ടുണ്ടോ?**

ബി.എം. കുട്ടി : ഇല്ല. അദ്ദേഹത്തെ നേരിൽ കാണാൻ അവസരമുണ്ടായിട്ടില്ല. പക്ഷേ, ഞാനദ്ദേഹത്തിന്റെ മയ്യത്ത് കണ്ടിട്ടുണ്ട്. ആ ജനാസ കടന്നുപോകുമ്പോൾ കറാച്ചിയിലെ തെരുവിന്റെ ഒരോരത്ത് ഞാൻ നിൽപ്പുണ്ട്. ഞാനതിന്റെ കൂടെപ്പോയി. ഞാനന്ന് പാകിസ്താൻ കാരനല്ല. വെറുതെ നാടുകാണാൻ ചെന്നതാണ്. ആ തീയതി ഓർത്തുവെച്ചിരിക്കുന്നു - 1948 സപ്തംബർ 11. അതുകഴിഞ്ഞ് ഞാൻ നാട്ടിൽ വന്നിരുന്നു.

**ചോ: പാകിസ്താൻ രാഷ്ട്രീയത്തിൽ ജിന്നയുടെ ഇന്നത്തെ അവസ്ഥ എന്താണ്?**

ഉ: കഷ്ടമാണ്. ചരിത്രം ഉദ്ധരിക്കേണ്ട ആവശ്യം വരുമ്പോൾ ഞങ്ങൾ അദ്ദേഹത്തെപ്പറ്റി 'രാഷ്ട്രപിതാവ്' എന്നു പറയും. പക്ഷേ, ആളുകൾ സാമാന്യമായി ആ പേര് പറയുന്നില്ല. രാഷ്ട്രീയ നേതാക്കന്മാർ അദ്ദേഹത്തിന്റെ വചനങ്ങളോ മാതൃകകളോ ഉദ്ധരിക്കുന്നില്ല. എപ്പോഴും ഇന്ത്യൻ രാഷ്ട്രീയം ശ്രദ്ധിക്കുന്ന ആളാണ് ഞാൻ. ഇവിടെ രാഷ്ട്രീയയോഗങ്ങളിലും സെമിനാറുകളിലും പത്രങ്ങളിലും ഗൃഹസദസ്സുകളിലും ഗാന്ധി നിരന്തരം ചർച്ച ചെയ്യപ്പെടുന്നുണ്ട്. ഈ തരത്തിൽ ജിന്നയ്ക്ക് അനുകൂലമായോ പ്രതികൂലമായോ യാതൊരു വർത്തമാനവും പാകിസ്താനിൽ നടക്കുന്നില്ല. പിന്നെപ്പിന്നെ ഞങ്ങൾ മറന്നുതുടങ്ങുന്ന പേരാണ് 'മുഹമ്മദലി ജിന്ന'. രാഷ്ട്രപിതാവ് എന്ന നിലയിൽ അദ്ദേഹത്തിന്റെ ചിത്രം സർക്കാർ ഓഫീസുകളിൽ വെച്ചിട്ടുണ്ട്. അദ്ദേഹത്തോടുള്ള ഞങ്ങളുടെ ബന്ധവും കടപ്പാടും അവിടെത്തീരുന്നു.

**ചോ: എന്താണ് കാരണം?**

ഉ: ആർക്കാണോ പാകിസ്താൻ കിട്ടിയത്, അവർക്ക് ആ മനുഷ്യനെ ആവശ്യമുണ്ടായിരുന്നില്ല. സിന്ധിലെയും പഞ്ചാബിലെയും വൻകിട ഭൂവുടമകളായ ജമീന്ദാർമാർക്കാണ് പാകിസ്താൻ കിട്ടിയത്. അവരുടെ കൂട്ടത്തിൽ ഒരുത്തനായിരുന്നില്ല ജിന്ന. അദ്ദേഹം വക്കീലായിരുന്നു. രാഷ്ട്രീയ നേതാവായിരുന്നു. ജനാധിപത്യവിശ്വാസിയായിരുന്നു. എല്ലാ നിലയ്ക്കും ആധുനികനായിരുന്നു. ആ ജമീന്ദാർമാർ ഈ നേതാവിനെയോ, ഈ നേതാവ് ആ ജമീന്ദാർമാരെയോ അംഗീകരിക്കുന്ന പ്രശ്നമില്ല. അവർ തമ്മിൽ തുറന്ന യുദ്ധം ആരംഭിക്കുന്നതിനു മുൻപേ ജിന്ന

**പാകിസ്താനിൽ ഭൂപരിഷ്കരണം നടപ്പാക്കിയിട്ടില്ലെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. എന്താണ് കാരണം?**

പ്രധാന കാരണം രാഷ്ട്രീയമാണ്. പാകിസ്താനെ സംബന്ധിച്ച് വെള്ളക്കാരിൽ നിന്ന് അധികാരം കൈമാറിക്കിട്ടിയത് ജനങ്ങൾക്കല്ല; ഉദ്യോഗസ്ഥന്മാർക്കാണ്. ഞങ്ങൾക്കുണ്ടായത് ഡമോക്രസിയല്ല; ബ്യൂറോക്രസിയാണ്. ബ്രിട്ടീഷുകാരുടെ പരിശീലനം കിട്ടിയ ഉദ്യോഗസ്ഥപ്രഭുക്കന്മാർ; അവരെ നിയന്ത്രിക്കുന്നത് ജമീന്ദാർമാരാണ്. വേഷം മാറിയ ജമീന്ദാർമാരാണ് അവിടത്തെ മിക്ക പാർട്ടികളുടെയും തലപ്പത്തുള്ളത്. ഭൂപരിഷ്കരണം അല്ലാഹുവിന്റെ നിയമത്തിനെതിരാണ്; അത് സ്വകാര്യസ്വത്തവകാശത്തിന് എതിരാണ് എന്ന് മതവിധി (ഫത്വ) കൊടുക്കുന്ന മതപുരോഹിതന്മാർ എല്ലാ പാർട്ടിക്കാരുടെയും കൈയിലുണ്ട്. അതുകൊണ്ടുകൂടിയാണ് ഭൂട്ടോവിനെപ്പോലുള്ള വലിയ നേതാക്കൾ വിചാരിച്ചിട്ടുപോലും അവിടെ ഭൂപരിഷ്കരണം നടപ്പാകാതെ പോയത്.

**നിങ്ങളുടെ അഭിപ്രായത്തിൽ പാകിസ്താൻ കണ്ട ഏറ്റവും നല്ല ഭരണാധികാരി ആരാണ്?**

ഹുസൈൻ ഷഹീദ് സുഹ്യവർദി. അവാമി ലീഗ് നേതാവ്. അദ്ദേഹത്തിന്റെ ഭരണകാലം ഞങ്ങളുടെ ജനാധിപത്യത്തിന്റെ സുവർണകാലമാണ്. പൗരാവകാശങ്ങൾക്ക് ഇത്ര മേൽക്കൈ കിട്ടിയ കാലം വേറെ ഞങ്ങൾക്കുണ്ടായിട്ടില്ല. നിങ്ങൾക്കറിയാമോ, അദ്ദേഹത്തിന്റെ ഭരണകാലത്ത് പാകിസ്താന്റെ ഒരു ജയിലിലും ഒരു രാഷ്ട്രീയത്തടവുകാരൻ ഉണ്ടായിരുന്നില്ല. അദ്ദേഹം കുറച്ചുകാലമേ ഭരിച്ചിട്ടുള്ളൂ. വെറും പതിമൂന്നു മാസം. ഒരു കൗതുക വാർത്ത പറയാം. ഒരു 13-ാം തീയതിയാണ് അദ്ദേഹം അധികാരത്തിൽ വന്നത്. ഒരു പതിമൂന്നാം തീയതിയാണ് അദ്ദേഹം അധികാരത്തിൽ നിന്നുപോയത്. ഭരിച്ചതോ, പതിമൂന്ന് മാസം. അതായത് 1956 സ്പതംബർ 13 മുതൽ 1957 ഒക്ടോബർ 13 വരെ. സുഹൃവർദി പറയുമായിരുന്നു- “മുന്നോട്ടുവരൂ, എന്നെ വിമർശിക്കൂ. എന്നെ ചീത്ത പറയൂ. അതിന്റെ പേരിൽ നിങ്ങൾ ജയിലിൽ പോകില്ല. കാരണം എനിക്കു പറയാൻ മറുപടിയുണ്ട്. എന്റെ മറുപടി കേൾക്കാൻ ക്ഷമ കാണിക്കണം എന്നേ ഞാൻ നിങ്ങളോട് പറയൂ.” ഇതാണ് ജനാധിപത്യം. ഇതാണ് രാഷ്ട്രീയം. ഇതിൽനിന്ന് അദ്ദേഹത്തിന്റെ ഭരണകാലത്തെപ്പറ്റി നിങ്ങൾക്കൂഹിക്കാം. അദ്ദേഹത്തിന്റെ കാലം നീണ്ടുനിൽക്കാൻ ഞങ്ങൾക്ക് ഭാഗ്യമുണ്ടായില്ല.

**പാകിസ്താൻ കണ്ട ഏറ്റവും ചീത്ത ഭരണാധികാരി ആരാണ്?**

അതിലും എനിക്ക് സംശയമില്ല. പ്രസിഡന്റ് സിയാവുൽ ഹഖ് - ഭൂട്ടോവിന്റെ സർക്കാരിനെ അട്ടിമറിച്ച് അധികാരത്തിൽ വന്ന പട്ടാളക്കാരൻ.

**അത്തരം ഭരണാധികാരികൾ പലരും അവിടെ ഉണ്ടായിട്ടില്ലേ? പണ്ട് അയ്യൂബ് ഖാൻ, ഇപ്പോൾ പർവേസ് മുഷാറഫ്....**

ആ കൂട്ടത്തിൽ ഏറ്റവും അപകടകാരിയായ സൈനിക തലവനാണ് സിയാവുൽ ഹഖ്.

**കാരണം.**

പാകിസ്താന്റെ മുന്നോട്ടുള്ള ഗതി കൃത്യമായി, ശക്തമായി തടഞ്ഞ ഭരണാധികാരിയാണ് ആ മനുഷ്യൻ. അന്ന് ഞങ്ങൾ റിവേഴ്സ് ഗീറിൽ ഓടുകയായിരുന്നു. മധ്യയുഗങ്ങളിലേക്കാണ് അയാൾ ഞങ്ങളെ നയിച്ചത്. ‘ശരീഅത്ത് നടപ്പാക്കുന്നു’ എന്നു പറഞ്ഞ് ജനാധിപത്യത്തി നും പൗരാവകാശങ്ങൾക്കും നിരക്കാത്ത നിയമങ്ങളാണ് അയാൾ കൊണ്ടുവന്നത്. അധികാരം നിലനിർത്തുന്നതിന് വേണ്ടി അ

നിര്യാതനായി. ആ ഓർമയെ മാറാല പിടിക്കാൻ വിടുകയാണ് ഇന്നത്തെ പാർട്ടിക്കാർക്ക് നല്ലത്.

**ഏതു പാർട്ടിയെ ഉദ്ദേശിച്ചാണ്?**

എല്ലാ പാർട്ടികളുടെയും കാര്യമാണ് പറയുന്നത്. ഭൂട്ടോ സ്ഥാപിച്ച പാകിസ്ഥാൻ പീപ്പിൾസ് പാർട്ടിക്കോ നവാസ് ഷെരീഫിന്റെ പാകിസ്താൻ മുസ്‌ലിം ലീഗിനോ മതരാഷ്ട്രവാദികളായ ഇസ്‌ലാമിസ്റ്റ് പാർട്ടികൾക്കോ ഒന്നും ആ മനുഷ്യനെക്കൊണ്ട് ഇന്ന് ഒരാവശ്യവുമില്ല.

**മതമാണ് ദേശീയത നിർണയിക്കുന്നത് എന്ന തത്വം പറഞ്ഞാണ് പാകിസ്താനുണ്ടായത്. ഹിന്ദു ഭൂരിപക്ഷമുള്ള ഇന്ത്യയിൽ മുസ്‌ലിംകൾക്ക് രക്ഷ കിട്ടുകയില്ല എന്നതായിരുന്നു വാദം.**

കഷ്ടം! വർഷം തോറും ഇന്ത്യയിൽ കൊല്ലപ്പെടുന്നതിനേക്കാൾ അധികം മുസ്‌ലിംകൾ പാകിസ്താനിൽ കൊല്ലപ്പെടുന്നുണ്ട്. ആ കൊലകൾ നടത്തുന്നത് മുസ്‌ലിംകൾ തന്നെയാണ് എന്നോർക്കണം. സുന്നി-ശിയാ വഴക്കുകളുടെ കാര്യം എല്ലാവർക്കും അറിയാം. മറ്റു മതസംഘടനകൾ തമ്മിലും ആ സംഘടനകൾക്കകത്തും പോരാട്ടങ്ങളുണ്ട്. വിവിധ രാഷ്ട്രീയ കക്ഷികൾ തമ്മിലുള്ള തെരുവുയുദ്ധങ്ങൾ വേറെ. മതരാഷ്ട്രവാദികളുടെ ഭീകരപ്രവർത്തനം കൊണ്ടുള്ള മരണവും ഗണ്യമായി കൂടിയിരിക്കുന്നു. മുസ്‌ലിംകൾക്ക് രക്ഷയുള്ള ഒരു രാജ്യമായി പാകിസ്താൻ നിന്നിട്ടില്ല. അധികാരം തന്നെ പ്രശ്നം. ഈ വിഭജനത്തിന്റെ ആവശ്യമെന്തായിരുന്നു എന്ന് ആളുകൾ തമ്മിൽത്തമ്മിൽ ഇപ്പോൾ ചോദിക്കുന്നു. കഴിഞ്ഞ 60 വർഷം കൊണ്ട് എന്ത് കിട്ടി എന്നാണ് ചോദ്യം. ‘ഇസ്‌ലാം അപകടത്തിൽ’ എന്ന് പറഞ്ഞാണ് പാകിസ്താനുണ്ടായത്! ഇസ്‌ലാം സമാധാനത്തിന്റെ മതമാണ് എന്ന് ഇടയ്ക്കിടെ ഇവരൊക്കെ പറയാറുമുണ്ട്!....

യാൾക്ക് മതപുരോഹിതന്മാരുടെ പിന്തുണ വേണമായിരുന്നു. പൗരോഹിത്യ രാഷ്ട്രീയത്തിന്റെ ആളുകൾ അയാൾക്ക് എല്ലാ പിന്തുണയും നൽകി. ഉദാഹരണം: അബുൽ അഅ്ലാ മൗദൂദിയുടെ ജമാഅത്തെ ഇസ്‌ലാമി സിയാവുൽ ഹഖിന് പരിപൂർണ്ണ പിന്തുണ നൽകിയിരുന്നു. താലിബാനെ വളർത്തിയതിൽ സിയാവുൽ ഹഖിന് വലിയ പങ്കുണ്ട്. അഫ്ഗാനിസ്ഥാനിലെ റഷ്യൻ അധിനിവേശത്തോട് തോന്നിയ പ്രതിഷേധത്തിന്റെ ചെലവിൽ ജിഹാദികളുടെ ഹിംസാരാഷ്ട്രീയം വളരുകയായിരുന്നു. മതമൗലികവാദം, മതഭീകരവാദം തുടങ്ങിയ ജീർണതകൾ അഫ്ഗാനിസ്ഥാനിലും പാകിസ്ഥാനിലും വ്യാപകമാവാൻ തുടങ്ങിയത് സിയാവുൽ ഹഖിന്റെ കാലത്താണ്. ഇത് എത്ര വലിയ ദ്രോഹമാണ് ഞങ്ങളുടെ രാഷ്ട്രത്തിന് ചെയ്തത് എന്ന് ആലോചിച്ചു നോക്കൂ.

**പിന്നെ**

സിയാവുൽ ഹഖാണ് 'ദൈവനിന്ദാനിരോധന നിയമം' കൊണ്ടുവന്നത് – 'ബ്ലാസ്ഫെമി ലോ'. ആരുടെയെങ്കിലും എഴുത്തിലോ പ്രസംഗത്തിലോ വർത്തമാനത്തിലോ അല്ലാഹുവിനെയോ പ്രവാചകനെയോ വേദഗ്രന്ഥമായ ഖുർആനെയോ മതനിയമങ്ങളെയോ നിന്ദിച്ചു എന്നോ വിമർശിച്ചു എന്നോ ആരെങ്കിലും പരാതിപ്പെട്ടാൽ ആരോപിക്കപ്പെട്ടയാളെ അറസ്റ്റ് ചെയ്യാനും വിചാരണയൊന്നും കൂടാതെ ശിക്ഷിക്കുവാനും ഗവൺമെന്റിനു അധികാരം നൽകുന്ന നിയമമാണിത്. ഇതിനുള്ള ശിക്ഷ തൂക്കിക്കൊലവരെയാവാം! സർക്കാരിനോ മതമേധാവികൾക്കോ അപ്രിയം തോന്നുന്ന ആരെയും ഏതളവിലും ശിക്ഷിക്കുവാൻ സൗകര്യം നൽകുന്ന കിരാത നിയമമാണിത്. മതപുരോഹിതന്മാർക്ക് പ്രിയങ്കരനായ ഭരണാധികാരിയായി അയാൾ മാറിയത് സ്വാഭാവികം. മതനിയമങ്ങൾ രാഷ്ട്രനിയമങ്ങളാക്കും എന്ന് പ്രഖ്യാപിച്ചുകൊണ്ട് അറേബ്യയിലെ 1400 കൊല്ലം പഴക്കമുള്ള നിയമങ്ങൾ നടപ്പാക്കുകയാണ് അയാൾ ചെയ്തത്. ഉദാഹരണത്തിന് കട്ടവന്റെ കൈവെട്ടും എന്ന് നിയമം കൊണ്ടുവന്നു. ഭാഗ്യവശാൽ അതൊന്നും പ്രാവർത്തികമായില്ല. ഈ ദുർഭരണത്തിന്റെ പാരമ്യം ഹുദൂദ് ഓർഡിനൻസിൽ കാണാം. നിങ്ങൾക്കറിയാമോ ഈ ഓർഡിനൻസ് എന്താണെന്ന്?

**ഞാൻ അതിനെപ്പറ്റി വായിച്ചിട്ടുണ്ട്. വ്യഭിചാരത്തിന്റെ ശിക്ഷയുമായി ബന്ധപ്പെട്ട നിയമമല്ലേ അത്?**

വ്യഭിചാരാരോപണം തെളിയിക്കാൻ നാല് ദൃക്സാക്ഷികൾ വേണം എന്ന നിയമമാണത്. ഖുർആനിൽ അങ്ങനെ വിധിയുണ്ട് എന്ന ന്യായം പറഞ്ഞാണ് ഈ നിയമം കൊണ്ടുവന്നത്. എന്തുസംഭവിച്ചു എന്നറിയാമോ? ബലാത്സംഗത്തിനെതിരെ പരാതിപ്പെടാൻ സ്ത്രീകൾക്ക് നിവൃത്തിയില്ലാതെവന്നു. കാരണം പുരുഷന്മാരായ നാല് ദൃക്സാക്ഷികളെ അടുത്തുനിർത്തി ആരെങ്കിലും ബലാത്സംഗമോ വ്യഭിചാരമോ നടത്തുമോ? നാല് ദൃക്സാക്ഷിയില്ല എന്ന ന്യായത്തിൽ സംശയത്തിന്റെ ആനുകൂല്യം നൽകി കുറ്റവാളികളായ പുരുഷന്മാരെ വെറുതെ വിട്ട കോടതികൾ അതിന് ഇരയായ സ്ത്രീകളെ അവർ കുറ്റം സമ്മതിച്ചു എന്നതിന്റെ പേരിൽ ശിക്ഷിച്ചു!

**മലയാളിയായ വി.എ. മുഹമ്മദ് അഷ്റഫ് ഇംഗ്ലീഷിൽ എഴുതിയ 'Islam and Gender Justice' എന്ന പുസ്തകത്തിൽ ഈ നിയമത്തിന്റെ കിരാതഭാവത്തെപ്പറ്റി ഞാൻ വായിച്ചിട്ടുണ്ട്.**

എന്താണ് ആ പുസ്തകത്തിൽ പറയുന്നത്?

**1979ൽ പാകിസ്താനിൽ നടപ്പാക്കിയ 'ഹുദൂദ് ഓർഡിനൻസ് ബലാത്സംഗത്തെയും വ്യഭിചാരത്തെയും വകതിരിക്കുന്നില്ല എന്ന് ആ പുസ്തകം ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഈ നിയമമനുസരിച്ച് ബലാത്സംഗം ചെയ്യപ്പെട്ട പെൺകുട്ടികൾ ശിക്ഷിക്കപ്പെടുകയും ബലാത്സംഗം ചെയ്ത പുരുഷന്മാരെ വെറുതെ വിടുകയും ഉണ്ടായി! കുറ്റവാളി രക്ഷപ്പെടുകയും കുറ്റകൃത്യത്തിന്റെ ഇര വീണ്ടും ശിക്ഷിക്കപ്പെടുകയും ചെയ്യുന്ന വിചിത്രമായ ഈ പ്രതിസന്ധി സൃഷ്ടിച്ചത് സാക്ഷി പറയാൻ സ്ത്രീക്ക് അവകാശമില്ല എന്ന നിലപാടാണ് എന്ന് മുഹമ്മദ് അഷ്റഫ് എടുത്തുകാണിക്കുന്നു. ഈ നിയമത്തിന്റെ കൊള്ളരുതായ്മ തെളിയിക്കുന്നതിനുവേണ്ടി ചില അനുഭവങ്ങൾ ആ പുസ്തകത്തിൽ ഉദ്ധരിച്ചിട്ടുണ്ട്. ജഹാൻ മിനാ എന്ന പതിനഞ്ചുകാരിയെ അമ്മാവനും പിന്നീട് അയാളുടെ മകനും ബലാത്സംഗം ചെയ്തു. ഈ കേസ് വിചാരണ ചെയ്ത കോടതി കുറ്റം ആരോപിക്കപ്പെട്ട പുരുഷന്മാരെ വെറുതെ വിട്ടു. കാരണം ദൃക്സാക്ഷികളായി നാല് പുരുഷന്മാരില്ല! ആ പെൺകുട്ടിയെ പത്തുകൊല്ലത്തെ തടവിനും നൂറ് അടി അടിക്കുവാനും ശിക്ഷിച്ചു. കാരണം അവൾ കല്യാണം കഴിക്കാതെ ഗർഭിണിയായിരിക്കുന്നു! മാത്രവുമല്ല താൻ പുരുഷശരീരവുമായി വേഴ്ച നടത്തി എന്ന് സമ്മതിക്കുകയും ചെയ്തു. 1983ലാണ് ഈ സംഭവം. പ്രായം പരിഗണിച്ച് ജഹാൻമിനയുടെ ശിക്ഷ മൂന്നുകൊല്ലം തടവും 15 അടിയുമായി പിന്നീട് ചുരുക്കി. ഇതൊരൊറ്റപ്പെട്ട സംഭവമല്ല. 1985ൽ വീട്ടുവേലക്കാരിയും അന്ധയുമായ സഫിയാബീവി ഇതുപോലെ ശിക്ഷിക്കപ്പെട്ടു. അവർക്കെതിരായ തെളിവ് അവളുടെ ഗർഭമായിരുന്നു! ബലാത്സംഗം ചെയ്യപ്പെട്ട നിസ്സഹായരും നിരപരാധികളുമായ സ്ത്രീകളെ നിയമവ്യവസ്ഥ കൂടി ധാർമികതയുടെ പേരിൽ (!) കടന്നാക്രമിക്കുന്നതിന്റെ ചിത്രം ആ പുസ്ത**

**കത്തിലുണ്ട്.**

ആ പുസ്തകം ഞാൻ കണ്ടിട്ടില്ല. ഈ പറഞ്ഞ വസ്തുതകൾ ശരിയാണ്. എനിക്ക് അതോർമയുണ്ട്.

**ഈ കിരാതനിയമം മാറ്റാൻ പർവേസ് മുഷറഫ് ശ്രമിച്ചിരുന്നതായി പത്രങ്ങളിൽ വായിച്ചിട്ടുണ്ട്.**

ശരിയാണ്. പട്ടാളമേധാവി ആയിരുന്നിട്ടുപോലും മുഷറഫ് ആ വഴിക്ക് ആലോചിച്ചു. അദ്ദേഹത്തിന് അതിൽ ചില്ലറ മാറ്റങ്ങളേ വരുത്താൻ പറ്റിയുള്ളു. ജമാഅത്തെ ഇസ്ലാമി മുതലായ മതമൗലികവാദ രാഷ്ട്രീയക്കാർ കഠിനമായി എതിർത്തതുകൊണ്ടാണ് മുഷറഫിന് അതിൽ വിജയിക്കാൻ കഴിയാതെ പോയത്.

**സുൽഫിക്കർ അലി ഭൂട്ടോയെപ്പറ്റി എന്താണ് പറയാനുള്ളത്?**

ഓ... മതപുരോഹിതന്മാരെ പ്രീണിപ്പിക്കുവാൻ പൗരാവകാശങ്ങളിൽ കൈവെച്ച ആളാണ് ഭൂട്ടോ. ഖാദിയാനികൾ എന്ന് വിളിക്കപ്പെടുന്ന അഹ്മദികളെ 'അമുസ്ലിം ന്യൂനപക്ഷ'മായി പ്രഖ്യാപിച്ചത് ഭൂട്ടോയാണ്. ഇതുമൂലം ഞങ്ങളുടെ നാട്ടിൽ പൗരവാകാശങ്ങളുടെ കാര്യത്തിൽ ഏറ്റവുമധികം ദുരിതം അനുഭവിക്കുന്നത് അഹ്മദികളാണ്. ജനാധിപത്യവാദിയായ ഭൂട്ടോവിന്റെ കാലത്ത് രാഷ്ട്രീയത്തടവുകാർ ഏറെ പീഡിപ്പിക്കപ്പെട്ടു. സൈനികത്തലവനായ അയൂബ്ഖാന്റെ കാലത്ത് ജയിലുകളിൽ രാഷ്ട്രീയത്തടവുകാരുടെ സ്ഥിതി അതിനെക്കാൾ എത്രയോ മെച്ചമായിരുന്നു. രണ്ടും ഞാൻ അനുഭവിച്ചിട്ടുണ്ട്. അങ്ങനെ പലതും. കഷ്ടം! അദ്ദേഹത്തെ അട്ടിമറിച്ചുകൊണ്ട് സിയാവുൽഹഖ് എന്ന പട്ടാളക്കാരൻ അധികാരത്തിലെത്തിയപ്പോൾ മതപുരോഹിതന്മാരുടെ പിന്തുണ അങ്ങോട്ടായി! ആ ഭരണകൂടമാണ് ഭൂട്ടോയെ ന്യായമായ വിചാരണ കൂടാതെ തൂക്കിക്കൊന്നത്.

**സിയാവുൽഹഖ് ഒരു വിമാനപകടത്തിൽ ആണല്ലോ മരിച്ചത്. അതിന് പിന്നിൽ വല്ല കഥയുമുണ്ടോ?**

അമേരിക്കൻ ചാരസംഘങ്ങളാണ് സിയാവുൽഹഖിനെ വകവരുത്തിയത് എന്ന് വിശ്വസിക്കുന്നവർ പാകിസ്താനിൽ ധാരാളമുണ്ട്.

**വർഗീയ കലാപങ്ങളുണ്ടോ?**

മുസ്ലിംകളും അമുസ്ലിംകളും തമ്മിൽ കലാപങ്ങളൊന്നുമില്ല. കാരണം അമുസ്ലിം ന്യൂനപക്ഷം എണ്ണത്തിലും ബലത്തിലും അത്രതാഴെയാണ്. അവിടെ കലാപം നടക്കുന്നത് മുസ്ലിംകൾ തമ്മിൽത്തമ്മിൽ തന്നെയാണ്.

**അവിടെ 'പാകിസ്താൻ ഹിന്ദു പാർട്ടി' എന്നൊരു രാഷ്ട്രീയകക്ഷി പ്രവർത്തിക്കുന്നതായി ഡി. വിജയമോഹനൻ എഴുതിയത് ഞാൻ വായിച്ചിട്ടുണ്ട്.**

അതൊക്കെയുണ്ട്. അവരാരും ഹിന്ദു ന്യൂനപക്ഷത്തിനുവേണ്ടി ഒന്നും ചെയ്യുന്നില്ല. പാകിസ്താനിലെ കഥ കേൾക്കണോ, അവിടെ മദ്യം ഇരുന്ന് കുടിക്കാൻ സൗകര്യം നല്കുന്ന ബാറുകളില്ല. പക്ഷേ, മദ്യം വില്ക്കുന്ന പീടികകൾ ധാരാളം. ഭൂരിപക്ഷമായ മുസ്ലിംകൾക്ക് മദ്യം വാങ്ങാൻ ലൈസൻസ് കിട്ടില്ല. അത് ന്യൂനപക്ഷമായ അമുസ്ലിംകൾക്കേ കിട്ടൂ. പക്ഷേ, ഈ ലൈസൻസ് ഉപയോഗിച്ച് മദ്യം വാങ്ങുന്നതും കുടിക്കുന്നതും മുസ്ലിംകളാണ്. ഈ ലൈസൻസ് കൈമാറുന്ന വകയിൽ നല്ല പൈസയുണ്ടാക്കാം. അമുസ്ലിം ന്യൂനപക്ഷത്തിന് മുസ്ലിംകളുടെ രാജ്യം കൊടുക്കുന്ന ഏറ്റവും വലിയ ആനുകൂല്യമാണിത്!

**പാകിസ്താനിലെ അമുസ്ലിം ന്യൂനപക്ഷത്തെ രണ്ടാംതരം പൗരന്മാരായി പ്രഖ്യാപിക്കണമെന്നും മുസ്ലിംകൾ അനുഭവിക്കുന്ന പൗരാവകാശങ്ങൾ അവർക്ക് അനുവദിച്ചുകൂടെന്നും ജമാഅത്തെ ഇസ്ലാമി സ്ഥാപകൻ അബുൽ അഅ്ലാ മൗദൂദി വാദിച്ചതായി കേട്ടിട്ടുണ്ട്.**

ശരിയാണത്. 1953ലെ അഹ്മദിയ്യാ വിരുദ്ധ കലാപത്തെപ്പറ്റി അന്വേഷിക്കാൻ രൂപം കൊണ്ട ജസ്റ്റിസ് മുനീർകമ്മീഷൻ മുമ്പാകെയാണ് മൗദൂദി ഈ നിലപാട് വ്യക്തമാക്കിയത്. അപ്പോൾ ജസ്റ്റിസ് മുനീർ ചോദിച്ചു: "ഇന്ത്യ ഹിന്ദുരാഷ്ട്രമായി പ്രഖ്യാപിക്കുകയും അവിടുത്തെ മുസ്ലിംകൾ അടക്കമുള്ള അഹിന്ദു ന്യൂനപക്ഷത്തെ രണ്ടാംതരം പൗരന്മാരായി കണക്കാക്കി അവർക്ക് പൗരാവകാശങ്ങൾ നിഷേധിക്കുകയും ചെയ്യുന്നതിനെപ്പറ്റി എന്താണഭിപ്രായം?" "അങ്ങനെ ചെയ്യുന്നതിൽ ഞങ്ങൾക്ക് വിരോധമില്ല" എന്നാണ് മൗദൂദി മറുപടി പറഞ്ഞത്! ലോകത്തെവിടെയുമുള്ള മുസ്ലിംകൾ സഹോദരന്മാരാണ് എന്നൊരു സിദ്ധാന്തം ഇവർ ഇക്കൂട്ടത്തിൽത്തന്നെ കൊണ്ടുനടക്കുന്നുമുണ്ട്! മതരാഷ്ട്രവാദികളുടെ പ്രശ്നം മതമല്ല. അധികാരമാണ് – പാകിസ്താനിലായാലും ഇന്ത്യയിലായാലും എവിടെയായാലും. അവിടെ അശാന്തിയും സ്വൈരക്കേടും വിതയ്ക്കുന്നതിൽ ഇത്തരം മതരാഷ്ട്രവാദകക്ഷികൾക്ക് നല്ല പങ്കുണ്ട്.

ജ. വി.എം. കുട്ടിയും എം.എൻ. കാരശ്ശേരിയും തമ്മിലുള്ള സുദീർഘമായ അഭിമുഖസംഭാഷണത്തിലൂടെ കടന്നുപോയപ്പോൾ അതെന്നിൽ അത്യന്തം താല്പര്യവും അതിലേറെ കൗതുകവും ജനിപ്പിക്കയുണ്ടായി. അരനൂറ്റാണ്ടിലേറെക്കാലമായി ഇൻഡ്യയോടു കൊമ്പുകോർത്തു നിൽക്കുന്ന നമ്മുടെയീ അയൽരാജ്യത്തിന്റെ ഇന്നത്തെ അവസ്ഥയെപ്പറ്റിയും, ആ നാടിനെ അനുനിമിഷം നാശത്തിലേയ്ക്ക് നയിച്ചുകൊണ്ടിരിക്കുന്ന അവിടുത്തെ പൗരോഹിത്യ രാഷ്ട്രീയ ഭരണ സംവിധാനത്തിന്റെ അപകട

കരമായ പോക്കിനെ പറ്റിയും സമഗ്രവും വിശദവുമായ ഒരു റിപ്പോർട്ടായിരുന്നു ബി.എം. കുട്ടി സാഹിബ് കാരശ്ശേരിക്കു നൽകിയ ഓരോ വാക്കിലും നിറഞ്ഞുനിന്നത്. ബി.എം. കുട്ടിയുടെ ധൈര്യവും, ആ വാക്കുകൾ ഏറ്റുവാങ്ങി ലോകസമക്ഷം സമർപ്പിക്കാനുള്ള കാരശ്ശേരിയുടെ അന്യാദൃശമായ കഴിവും തീർച്ചയായും അഭിനന്ദനാർഹം തന്നെ. ഈ അഭിമുഖത്തിലെ വിഷയവും ഉള്ളടക്കവും, എന്തിന് ഓരോ വാക്കും വരിയും മതമൗലികവാദ പ്രസ്ഥാനക്കാരായ ജമാഅത്തെ ഇസ്‌ലാമിയെ ഒരു പുനർവിചിന്തനത്തിനു പ്രേരിപ്പിക്കുമെങ്കിൽ എത്ര നന്നായേനെ; പ്രത്യേകിച്ച് അവരുടെ കേരള / ഇൻഡ്യൻ ഘടകത്തെയെങ്കിലും.

ഇൻഡ്യയിൽ ജീവിക്കുന്ന ജമാഅത്തെ ഇസ്‌ലാമിക്കാരോട് ഞാൻ ചെറിയൊരു ചോദ്യം ചോദിക്കുന്നു. അതിനുമുമ്പ് മേൽ സൂചിപ്പിച്ച ചോദ്യോത്തരങ്ങളിൽ ഒന്ന് ഞാനിവിടെ, ഒരു നിമിഷം ആവർത്തിക്കയും ചെയ്യുന്നു.

“പാകിസ്താനിലെ അമുസ്‌ലിം ന്യൂനപക്ഷത്തെ രണ്ടാംതരം പൗരന്മാരായി പ്രഖ്യാപിക്കണമെന്നും മുസ്‌ലിംകൾ അനുഭവിക്കുന്ന പൗരാവകാശങ്ങൾ അവർക്കു അനുവദിച്ചുകൂടെന്നും ജമാഅത്തെ ഇസ്‌ലാമി സ്ഥാപകൻ അബുൽ അഅ്‌ലാ മൗദൂദി വാദിച്ചതായി കേട്ടിട്ടുണ്ട്...?” ഇത് ബി.എം. കുട്ടി സാഹിബിനോടുള്ള എം.എൻ. കാരശ്ശേരിയുടെ ഒരു ചോദ്യമാണ്.

ബി.എം. കുട്ടി സാഹിബിന്റെ മറുപടി ശ്രദ്ധിക്കൂ:

‘ശരിയാണത്. 1953-ലെ അഹ്‌മദിയ്യാ വിരുദ്ധ കലാപത്തെപ്പറ്റി അന്വേഷിക്കാൻ രൂപംകൊണ്ട ജസ്റ്റിസ് മുനീർ കമ്മീഷൻ മുമ്പാകെയാണ് മൗദൂദി ഈ നിലപാടു വ്യക്തമാക്കിയത്. അപ്പോൾ ജസ്റ്റിസ് മുനീർ ചോദിച്ചു,

“ഇൻഡ്യ ഹിന്ദുരാഷ്ട്രമായി പ്രഖ്യാപിക്കയും അവിടുത്തെ മുസ്‌ലിംകൾ അടക്കമുള്ള അഹിന്ദു ന്യൂനപക്ഷത്തെ രണ്ടാംതരം പൗരന്മാരായി കണക്കാക്കി അവർക്ക് പൗരാവകാശങ്ങൾ നിഷേധിക്കയും ചെയ്യുന്നതിനെപ്പറ്റി എന്താണഭിപ്രായം..?”

മൗദൂദി സാഹിബിന്റെ ഉടനുള്ള മറുപടി ജസ്റ്റിസ് മുനീർ കമ്മീഷനെ പോലും ഞെട്ടിച്ചുകളഞ്ഞു; മൗദൂദിയുടെ അനുയായികളിൽ അതു നടുക്കമുളവാക്കിയില്ലെങ്കിലും. ഒന്നു കിൽ അദ്ദേഹത്തിന്റെ അനുയായികൾ തങ്ങളുടെ ആത്മീയനേതാവിന്റേത് കേവലം പാഴ്‌വാക്കുകൾ മാത്രം എന്നു കരുതിയിരിക്കാം. അതുമല്ലെങ്കിൽ വരാനിരിക്കുന്ന തങ്ങളുടെ ദുർവിധിയെപറ്റി അവർ ബോധവാന്മാരായിരിക്കില്ല.

മൗദൂദി സാഹിബ് പറഞ്ഞ മറുപടി ഇവിടെ ആവർത്തിക്കുന്നു.

‘‘അങ്ങിനെ ചെയ്യുന്നെങ്കിൽ ഞങ്ങൾക്കു വിരോധമില്ല.” അതായത് തന്റെ അനുയായികൾക്ക്, ലോകത്തെവിടെ എന്തു സംഭവിച്ചാലും തനിക്കതിൽ വിരോധമൊന്നുമില്ല, ഒരു ദുഃഖവുമില്ല; പകരം പാകിസ്താനിലെ അഹ്‌മദികളെ ഉന്മൂലനാശം ചെയ്താൽ മാത്രം മതി എന്ന്. അത്ര മഹത്തായ ചിന്തയാണ്, ഈ ആത്മീയ നേതാവിൽ നിന്നുണ്ടായിരിക്കുന്നത്. ലോകത്തെവിടെയുമുള്ള മുസ്‌ലിംകൾ സഹോദരന്മാരാണ് എന്ന സിദ്ധാന്തമാണ് ഇവർ പറഞ്ഞുനടക്കുന്നതും.

ബി.എം. കുട്ടി സാഹിബ്, ഈ ചോദ്യത്തിനുള്ള തന്റെ ഉത്തരം ഉപസംഹരിക്കുന്നത് ശ്രദ്ധിക്കൂ.

“പാകിസ്താനിലായാലും ഇൻഡ്യയിലായാലും അവിടെ അശാന്തിയും സ്വൈരക്കേടും വിതയ്ക്കുന്നതിൽ ഇത്തരം മതരാഷ്ട്രവാദകക്ഷികൾക്ക് നല്ല പങ്കുണ്ട്.”

എം.എൻ. കാരശ്ശേരിക്ക് അഹ്‌മദികളെപ്പറ്റി ശരിക്കറിയാം എന്നാണെന്റെ വിശ്വാസം. നമ്മുടെ ഒത്തിരി വിഷയങ്ങളിൽ യോജിപ്പും, ചില കാര്യങ്ങളിൽ വിമർശനപരമായ വിയോജിപ്പും അദ്ദേഹത്തിനുണ്ട്. സുൾഫിക്കർ അലി ഭൂട്ടോയെക്കുറിച്ചുള്ള ചോദ്യങ്ങളും, സിയാവുൽഹഖിന്റെ വിമാനപകടത്തെപറ്റിയുള്ള അദ്ദേഹത്തിന്റെ സംശയവും അർത്ഥവത്തായി എനിക്കു തോന്നി. ആ രണ്ടു പ്രസിഡന്റുമാരും തങ്ങളെ തെരഞ്ഞെത്തിയ ദുരന്തങ്ങൾ കൈനീട്ടി വാങ്ങേണ്ടിവന്നതിന്റെ പിന്നിൽ മുൻകൂട്ടി വിധിക്കപ്പെട്ടിരുന്ന ദൈവികശിക്ഷയെപറ്റി കാരശ്ശേരി നമ്മിൽ നിന്നും കേട്ടിരിക്കാം. അത് ശരിയോ തെറ്റോ എന്ന് അദ്ദേഹത്തിനു സംശയമുണ്ടായിരുന്നിരിക്കാം. പക്ഷേ, ബി.എം. കുട്ടി സാഹിബിൽ നിന്ന് ഈ വിഷയത്തിൽ - വിമാന അപകടവിഷയത്തിൽ - കാരശ്ശേരിക്ക് സുവ്യക്തമായ ഒരു മറുപടി ലഭ്യമായിട്ടില്ല. ‘അമേരിക്കൻ ചാരസംഘങ്ങളാണ് സിയാവുൽഹഖിനെ വകവരുത്തിയതെന്നു വിശ്വസിക്കുന്നവർ പാകിസ്താനിൽ ധാരാളമുണ്ട്....! എന്ന ബി.എം. കുട്ടി സാഹിബിന്റെ മറുപടിയിൽ, ഈ വിമാന അപകടത്തിലെ ദുരൂഹതയെപ്പറ്റിയുള്ള കേവല സൂചന മാത്രമാണുള്ളത്. അതുതന്നെയാണ്, നാം അഹ്‌മദികൾ പറയുന്നതും. ഈ ദുരൂഹമായ ദുരന്തം നടന്നത് സർവ്വശക്തനായ അല്ലാഹുവിന്റെതന്നെ കരങ്ങളാലാണെന്നത് കാലം തന്നെ തെളിയിക്കും. വർത്തമാനകാല ഭരണാധികാരികളിൽ നിന്നും പാകിസ്താൻ മണ്ണിനെ ദൈവം തന്നെ രക്ഷിക്കാനിടവരുത്തട്ടേയെന്നു നമുക്കു പ്രാർത്ഥിക്കാം. അതു ഫലവത്താകുമോ എന്നത് കണ്ടുതന്നെ അറിയണം. കാരണം പൗരോഹിത്യ രാഷ്ട്രീയക്കോമരങ്ങൾ ഇന്നും ആ

നാട്ടിൽ ഉറഞ്ഞുതുള്ളുകയാണ്. അവർ വച്ചുനീട്ടുന്ന ഏതും, എന്തും ഏറ്റുവാങ്ങാൻ വിധിക്കപ്പെട്ടിരിക്കുന്നു, ഇന്ന്, പാകിസ്താനിലെ സാധാരണ ജനത.

**വാൽക്കഷ്ണനം**

മാതൃഭൂമി ആഴ്ചപ്പതിപ്പിലെ പ്രസ്തുത ലേഖനത്തിന് ഈ ലേഖകനെഴുതിയ പ്രതികരണം മാതൃഭൂമി പ്രസിദ്ധീകരിക്കുകയുണ്ടായി. അത് ഇപ്രകാരമാണ്.

ബി.എം. കുട്ടിയുമായി എം. എൻ. കാരശ്ശേരി നടത്തിയ അഭിമുഖം വളരെ ഗംഭീരം (86:6). നമ്മുടെ തൊട്ട് അയൽരാജ്യമായ പാകിസ്താന്റെ അരനൂറ്റാണ്ടിലേറെ കാലത്തെ മത, രാഷ്ട്രീയ സാഹചര്യങ്ങളുടെ തനതായ ചിത്രീകരണം ആയിരുന്നു തീർച്ചയായും അത്.

സംഭവവിവരണങ്ങളിൽ ഒന്നിനെപ്പറ്റി മാത്രമേ ഞാൻ പരാമർശിക്കുന്നുള്ളൂ. പൗരാവകാശ ധ്വംസനത്തെപ്പറ്റി, ലോകത്ത് ഏറ്റവും അധികം ഹിന്ദുക്കൾ ജീവിക്കുന്ന രാജ്യമാണ് ഇന്ത്യ. എന്നാൽ ഇതൊരു ഹിന്ദുരാഷ്ട്രമല്ല. ഈ വലിയ രാജ്യത്ത് കേവലം ന്യൂനപക്ഷ മത സമൂഹത്തിൽപെട്ട ഒരു 'മുസ്ലിം' എന്ന നിലയിൽ ഞാൻ എത്രയോ സുരക്ഷിതനായി ജീവിക്കുന്നുവെന്നോർക്കുമ്പോൾ, മുസ്ലിംകളിൽ തന്നെ ഒരു വിഭാഗവും 180 രാജ്യങ്ങളിൽ ആഗോള സാന്നിധ്യവുമുള്ള അഹ്മദികൾ ഇന്ന് ഇസ്ലാമിക രാഷ്ട്രമായ പാകിസ്താനിൽ അനുഭവിക്കുന്ന കൊടിയ ദുരിതങ്ങളും യാതനകളും ലോകം അറിയേണ്ടിയിരിക്കുന്നു. ഭൂട്ടോയും, സിയാവുൽഹഖും മുതൽ പർവേസ് മുഷ്റഫ് വരെ, തങ്ങളുടെ മതപുരോഹിത പ്രീണനനയം തന്നെയാണു തുടർന്നത്. ഭൂട്ടോയ്ക്കും പിന്നീട് സിയാവുൽ ഹഖിനും ലഭ്യമായത്, അവർ അർഹിക്കുന്ന ദൈവിക ശിക്ഷകൾ മാത്രമായിരുന്നെന്ന്, പീഡനം അനുഭവിക്കുന്ന അഹ്മദികൾ ഇന്നും ഉറച്ചു വിശ്വസിക്കുമ്പോൾ, അതല്ല എന്നു തെളിയിക്കുവാനുള്ള തത്രപ്പാടിലാണ് പൗരോഹിത്യ രാഷ്ട്രീയക്കാർ.

**ഏ.ക്യൂ. മഹ്ദി, ചിന്നക്കട, കൊല്ലം.**
**Ph: 98951 80442**

■


# സത്യദൂതൻ ഖിലാഫത്ത് ശതാബ്ദിപ്പതിപ്പ്

## ജൂൺ 1ന് പുറത്തിറങ്ങുന്നു.

***വിജ്ഞേയമായ ലേഖനങ്ങൾ അടങ്ങിയ ഈ ഉപഹാരം സ്വന്തമാക്കുക***

കുറിപ്പുകൾ

**മുസാഫിർ**

# ജമാഅത്തെ ഇസ്‌ലാമി വിതച്ചത് കൊയ്യുന്നു

**ജി**ഹാദിലൂടെ താഗൂത്തീ ഭരണത്തെ തൂത്തെറിഞ്ഞ് ഹുക്കൂമത്തെ ഇലാഹി സ്ഥാപിക്കണമെന്ന ആദർശവുമായി ഇറങ്ങിപ്പുറപ്പെട്ടവരാണ് ജമാഅത്തെ ഇസ്‌ലാമിക്കാർ. രാഷ്ട്ര സ്ഥാപനമാണ് സർവ്വ പ്രധാനം എന്ന് കരുതി സായുധ ജിഹാദിനെ ഫാഷിസ്റ്റ് ശൈലിയിൽ മഹത്വവത്കരിച്ചുകൊണ്ടുള്ള വിനാശകരമായ അവരുടെ ഈ പോക്ക് അപകടകരമാണെന്ന് അഹ്മദികളടക്കം മുസ്‌ലിം സമുദായത്തിലെ വിവേകശാലികൾ അവരെ ഉപദേശിച്ചതാണ്. ആചാര്യനായ മൗദൂദി സാഹിബിന്റെ പ്രാമാണിക നിലപാടിൽ വെള്ളം ചേർക്കാൻ ഞങ്ങളെ ക്കിട്ടില്ല എന്ന് പറഞ്ഞ് മാർകിസ്റ്റ്-ലെനിനിസ്റ്റ് വിപ്ലവ ശൈലിയിലൂടെ വിമർശകർക്ക് മറുപടി പറഞ്ഞ ജമാഅത്തെ ഇസ്‌ലാമിക്ക് ഇപ്പോൾ കാര്യങ്ങൾ പിടികിട്ടി വരുന്നു. ഇതിനർത്ഥം അവർക്ക് കാര്യങ്ങൾ മനസ്സിലായി എന്നല്ല, കാപട്യത്തിന്റെ മറ്റൊരു മുഖം മൂടി എടുത്തണിയാൻ അവർ നിർബന്ധിതരാവുന്നു എന്ന് മാത്രം. ജമാഅത്തെ ഇസ്‌ലാമിയുടെ മുഖപത്രമായ പ്രബോധനത്തിലെ മൂലലേഖനമെഴുത്തുകാരനായ എ. ആർ. എന്ന ദ്വയാക്ഷരി സായുധ ജിഹാദിനെ പൂർണ്ണമായും തള്ളിക്കളഞ്ഞിരിക്കുന്നു. ജിഹാദുമായി തങ്ങൾക്ക് പണ്ട് ചന്തയിൽ കണ്ട പരിചയം പോലുമില്ലെന്ന മട്ടിൽ ജിഹാദിനെ 'ആത്മഹത്യാപരം എന്നാണ് എ.ആറിന്റെ പുതിയ വെളിപ്പെടുത്തൽ. എ.ആർ. എഴുതുന്നു: *വീണ്ടെടുപ്പിന്റെ വഴി വാളിന്റേയും തോക്കിന്റേതും ബോംബിന്റേതും അല്ല: സഹിഷ്ണുതാപരവും സമാധാനപൂർണവും ഗുണകാംക്ഷപരവുമായ പ്രബോധനത്തിന്റേതാണ്. ('ആത്മഹത്യക്കില്ല; പ്രബോധനം മതി' - പ്രബോധനം 2008 മെയ് 3).* നല്ല കാര്യം തന്നെ. പക്ഷേ, പഴയനിലപാടിനേയും സ്വന്തം ആചാര്യനേയും അവസരം പോലെ ഇത്രമാത്രം തള്ളിപ്പറഞ്ഞ മറ്റൊരു സംഘടന ഭൂമുഖത്തുണ്ടാവില്ല.

മുസ്‌ലിംകളിലെ തീവ്രവാദി സംഘടനയെന്ന് ജമാഅത്തെ ഇസ്‌ലാമി ക്കാർ ആരോപിക്കുന്ന എൻ.ഡി.എഫിനെതിരെ രൂക്ഷമായ വിമർശനങ്ങളടങ്ങിയ *'ആത്മഹത്യക്കില്ല പ്ര ബോധനം മതി'* എന്ന പുതിയ ലക്കം പ്രബോധനത്തിലെ മൂല ലേഖനത്തിലാണ് എ. ആറിന്റെ ഈ കു മ്പസാരവും ജിഹാദിൽ നിന്നുള്ള നിലപാടു മാറ്റവുമുള്ളത്. എൻ. ഡി.എഫ്. സായുധ ജിഹാദിലൂടെ മറ്റുള്ളവരോടും തങ്ങളോടും ഏറ്റുമുട്ടാനൊരുങ്ങുന്നു എന്നാണ് ജമാഅത്തുകാരുടെ പരിഭവം. വാസ്തവത്തിൽ ജമാഅത്തെ ഇസ്‌ലാമി വിതച്ചതെന്താണോ അത് കൊയ്യുകയാണ് ചെയ്യുന്നത്. അഥവാ ആ വസ്തുത ബോധപൂർവ്വം വിസ്മരിക്കാൻ ശ്രമിക്കുന്നു. ഇതര ഭരണകൂടങ്ങളെ തൂത്തെറിഞ്ഞ് പകരം അല്ലാഹുവിന്റെ ഭരണം സ്ഥാപിക്കുക എന്നത് പരിപാടിയായി അംഗീകരിച്ച ജമാഅത്തെ ഇസ്‌ലാമിക്ക് ജിഹാദ് എന്നാൽ സായുധ ജിഹാദ് ആണ്. അവർക്ക് അത് ഉപേക്ഷിക്കാൻ സാധ്യമല്ല. അണ്ണാൻ മൂത്താലും മരംകയറ്റം മറക്കില്ലല്ലോ? ഭരണകൂടം എന്നത് സായുധ സജ്ജമായ ഒരു സ്ഥാപനമാണ്. അതിനോട് സായുധ സമരത്തിലൂടെ വിപ്ലവ മാർഗത്തിൽ ഏറ്റുമുട്ടലാണ് ജമാഅത്തുകാരുടെ യഥാർത്ഥ ജിഹാദ്. അല്ലാതെ തബ്‌ലീഗും തഅ്‌ലീമും തർബിയ്യത്തും നടത്തലല്ല. മാത്രമല്ല ജനാധിപത്യപരമായ ഇത്തരം സൗമ്യമായ രീതികളോട് മൗലാനക്ക് പരമപുഛവുമായിരുന്നു.

എൻ.ഡി.എഫ് നേതാവ് കലീം തങ്ങളുടെ മുഖപത്രത്തിലെഴുതിയ ലേഖനത്തിലെ ഒരു ഉദ്ധരണി ചേർത്തുകൊണ്ടാണ് ജമാഅത്തെ ഇസ്‌ലാമി നേതാവ് എ.ആർ. തന്റെ ലേഖനത്തിൽ അവരുടെ ജിഹാദീ പ്രവണതയെ വിമർശിക്കുന്നത്. ജിഹാദല്ല പ്രബോധനമാണ് വേണ്ടതെന്നാണ് എ. ആർ. പറയുന്നത്. അദ്ദേഹം പ്രബോധനത്തിൽ എഴുതുന്നു.

*എൻ. ഡി. എഫിന്റെ താത്ത്വികാചാര്യനും മസ്തിഷ്ക്കവുമായ കലീം സംഘടനയുടെ മുഖപത്രത്തിൽ എഴുതിയതിങ്ങനെ.*

*"പ്രബോധനം മുസ്‌ലിമിന്റെ പ്രഥമ ബാദ്ധ്യതയാണോ എന്ന അക്കാദമിക തലത്തിൽ ഒരു ചർച്ചക്കിവിടെ പ്രസക്തിയില്ല. എന്നാലും ഖുർആനിൽ നമസ്കാരം, നിർബന്ധദാനം എന്നിവക്കോ വാളോ പേനയോ ഉപയോഗിച്ചു നടത്തുന്ന*

*സമരമോ വയലേലകളിലെ കഠിനാദ്ധ്വാനമോ ഏതുമാകട്ടെ, ജിഹാദിന് നൽകുന്ന പ്രാധാന്യം പ്രബോധനത്തിന്നില്ല. ഖുർആനിന്റെ സന്ദേശമെത്തിക്കുന്നത് സംബന്ധിച്ച് വന്നിരിക്കുന്ന മൂന്നോ നാലോ സൂക്തങ്ങൾ നേർക്കുനേരെയുള്ളതല്ല. അവസാന ഹജ്ജിൽ പ്രവാചകൻ നടത്തിയ വിടവാങ്ങൽ പ്രസംഗത്തിൽ ഒരു ഭാഗത്ത് ഹാജരായിട്ടുള്ളവർ ഹാജരില്ലാത്തവർക്ക് എത്തിച്ചുകൊടുക്കട്ടെ എന്ന നിർദ്ദേശം തന്നെ പ്രബോധനം നിർബന്ധ ബാദ്ധ്യതയാണെന്ന് സൂചിപ്പിക്കുന്നില്ല." ('പ്രബോധനമല്ല. ആത്മവഞ്ചന' - കലീം, തേജസ് ദ്വൈവാരിക 2008 ഏപ്രിൽ 1-16 പുസ്തകം 12 ലക്കം2). (പ്രബോധനം മെയ് 3, 2008)*

കലീം പറഞ്ഞ കാര്യം മൗലാനാ മൗദൂദി പറഞ്ഞുവെച്ചത് തന്നെയാണെന്ന് മറ്റാരെക്കാളും നന്നായി അറിയാവുന്നത് എ.ആറിന്നായിരിക്കും. കലീമിനെ എ.ആർ. അഭിനന്ദിക്കുകയാണ് വേണ്ടത്. അതിനുപകരം പ്രബോധനവാദിയായിക്കൊണ്ട് ഇപ്പോൾ കലീമിനെ എന്തിന് കുറ്റപ്പെടുത്തണം? മൗലാനാ മൗദൂദി സാഹിബിന്റെ പ്രകൃഷ്ട കൃതിയായ 'ഖുത്ബാത്തിൽ' എവിടെയും പ്രബോധനത്തിന്റെ പ്രാധാന്യത്തെപ്പറ്റി പറഞ്ഞിട്ടില്ല. പ്രബോധവും ഉപദേശവും നിഷ്ഫലമാണെന്നായിരുന്നു മൗലാനയുടെ അഭിപ്രായം. ജിഹാദിനെ വാഴ്ത്തിക്കൊണ്ട് 'ജിഹാദ്', 'ജിഹാദിന്റെ പ്രാധാന്യം' എന്നീ രണ്ട് അദ്ധ്യായങ്ങൾ. ജമാഅത്തെ ഇസ്‌ലാമിയുടെ മാസ്റ്റർപീസായ ആ കൃതിയിലുണ്ടുതാനും.

ഖുത്ത്ബാത്തിൽ പറയുന്നു: *'ജനങ്ങൾ വെറും ഉപദേശങ്ങൾ കൊണ്ട് തങ്ങളുടെ സ്വാർത്ഥ താൽപര്യമുപേക്ഷിക്കണമെന്ന് നിങ്ങൾ കരുതുന്നുവെങ്കിൽ അത് വ്യാമോഹം മാത്രമാണ്. എന്നാൽ അധികാരം പ്രയോഗിച്ചു ആ തെമ്മാടിത്തരങ്ങളവസാനിപ്പിക്കുവാൻ നടപടിയെടുക്കുന്നതായാൽ അവ നിലക്കുന്നതായിരിക്കും.... മനുഷ്യർക്കാകമാനം സുഖക്ഷേമവും ഒരുപോലെ വിജയാഭിവൃദ്ധിയും സമാധാന ജീവിതവും കൈവരണമെന്ന് നിങ്ങൾക്ക് മോഹമുണ്ടെങ്കിൽ **വെറും തത്വോപദേശങ്ങളെക്കൊണ്ടും പ്രസംഗം കൊണ്ടും സാധിക്കാവുന്നതല്ല അത്.** അധികാരശക്തി കൈവശമുള്ളവർക്കേ അതെല്ലാം സാക്ഷാത്കരിക്കാനാവൂ (ഖുത്തുബാത്ത് പേ. 381 - 1963 പതിപ്പ്. പ്രസിദ്ധീകരണം)*

ഫാഷിസ്റ്റ് രീതിയിലുള്ള രാഷ്ട്രീയോന്മുഖമായ ജിഹാദീ സമരങ്ങളെ സാധൂകരിക്കാൻ വേണ്ടി കാരുണ്യവാനിൽ കാരുണ്യവാനായ റസൂൽ തിരുമേനി(സ)യുടെ കൈയ്യിൽ പോലും ഖഡ്ഗം ചാർത്താൻ മൗദൂദി സാഹിബ് ധൃഷ്ടനായി. അദ്ദേഹം എഴുതുന്നു.

*'അനുനയത്തിന്റെ എല്ലാ രീതികളും (13 വർഷത്തിലധികം നടത്തിയ പ്രബോധനം) പരാജയമായിക്കലാശിച്ചപ്പോൾ പ്രവാചകൻ വാൾ കൈയ്യിലെടുത്തു! വാൾ, അത് തിന്മയേയും ആക്രമണത്തേയും ഹൃദയത്തിലെ കറകളേയും ആത്മാവിന്റെ കളങ്കങ്ങളേയും വിപാടനം ചെയ്തു. അതിനേക്കാൾ ഉപരിയായി വാൾ അവരുടെ അന്ധത ഇല്ലാതാക്കി. അവർ സത്യത്തിന്റെ വെളിച്ചം കാണുമാറായി. സത്യം സ്വീകരിക്കാൻ വിഘാതമായി നിന്ന അവരുടെ അഹങ്കാരത്തിനുശമനമുണ്ടായി. ഉദ്ദണ്ഡശിരസ്കരായി ഔദ്ധത്യത്തോടെ നിലയുറപ്പിച്ച അവർ അപമാനിതരായി എളിമയോടെ തലകുനിച്ചു. (മൗലാനാ അബ്ദുൽ അഅ്ലാമൗദൂദി) - അൽ ജിഹാദുഫിൽ ഇസ്‌ലാം (ഉറുദു) പേ. 137-138).*

വാസ്തവത്തിൽ ഖുർആൻ ഉപദേശത്തിന്റെ ഏറ്റവും ആധികാരികമായ വക്താവും പ്രയോക്താവുമായിരുന്ന റസൂൽതിരുമേനി (സ). *'നിന്റെ നാഥന്റെ മാർഗ്ഗത്തിലേക്ക് യുക്തിദീക്ഷയോടും സദുപദേശം വഴിയും പ്രബോധനം ചെയ്യുക.* ഏറ്റവും ഉത്തമമായ രീതിയിൽ അവരോട് സംവദിക്കുകയും ചെയ്യുക (അന്നഹ്ൽ : 126) എന്ന തത്വം പരിപൂർണ്ണമായി നടപ്പാക്കിയത് റസൂൽ തിരുമേനി(സ)യാണ്. അവിടുത്തെ കാരുണ്യസ്പർശത്താൽ കാട്ടുമൃഗങ്ങളേതുപോലെ നരാധമന്മാരായി കഴിഞ്ഞ മനുഷ്യർ മാലാഖമാരെ പോലെയുള്ള പുണ്യാത്മാക്കളായി മാറി. റസൂൽ തിരുമേനി യുടെ മഹത്തായ സ്വഭാവഗുണവും തത്ത്വജ്ഞാന നിർഭരമായ പ്രബോധമാണ് വാളുമായി ഇസ്‌ലാമിനെ നശിപ്പിക്കാനെത്തിയവരെ ഇസ്‌ലാമിന്റെ ദാസന്മാരാക്കി മാറ്റിയത്. പകരം വാൾ കൈയ്യിലേന്തിയാണ് മുഹമ്മദ് ലോകം കീഴടക്കിയത് (നഊദുബില്ലാഹ്) എന്ന ഓറിയന്റലിസ്റ്റുകളുടെ ആരോപണത്തിന് സാധൂകരണം നൽകുകയായിരുന്നു മൗദൂദി ചെയ്തത്.

ഇത്തരം ജിഹാദി പ്രവണതകളെ എതിർക്കുന്നവരെ ഇസ്‌ലാമിക വീര്യം കുറഞ്ഞവരാണെന്നും ക്ഷമാപണക്കാരാണെന്നും പറഞ്ഞ് രൂക്ഷമായി ആക്ഷേപിച്ചിരുന്നവർ ഇപ്പോൾ ജിഹാദ് വിരുദ്ധരായി രംഗത്ത് വന്നത് സ്വാഗതാർഹമാണ്. ജമാഅത്തെ ഇസ്‌ലാമി ജിഹാദിനോടുള്ള ഈ എതിർപ്പ് എൻ.ഡി.എഫിനോടുള്ള താൽക്കാലിക വിരോധം കൊണ്ടായിരിക്കരുത്. താത്വികപരമായിത്തന്നെ അവർ സായുധ ജിഹാദ് ഇസ്‌ലാമികമല്ലെന്നും മതരാഷ്ട്രം നിർമ്മിക്കൽ തങ്ങളുടെ ലക്ഷ്യമല്ലെന്നും തുറന്നു പ്രഖ്യാപിക്കട്ടെ. അതാണ് സായുധ ജിഹാദിനും തീവ്രവാദത്തിന്നുമെതിരെയുള്ള അടിസ്ഥാന നിലപാട്. മറ്റുള്ളതെല്ലാം കണ്ണിയിൽ പൊടിയിടുന്ന പോളിസി പ്രോഗ്രാം മാത്രം! ■

മഹ്മൂദ് കൽക്കുളം

അനുസ്മരണം

# മൗലവി യൂസുഫ് സാഹിബ്



കരുളായി: കേരളത്തിലെ അഹ്മദികൾക്ക് സുപരിചിതനും ദീർഘകാലം കേന്ദ്ര മുഅല്ലിമും മുബല്ലിഗുമായി സേവനമനുഷ്ഠിക്കുകയും ചെയ്തിരുന്ന മൗലവി മുഹമ്മദ് യൂസുഫ് സാഹിബ് ഇക്കഴിഞ്ഞ 23-4-08ന് രാത്രി 8.30ന് ഇഹലോകവാസം വെടിഞ്ഞു. ഇന്നാലില്ലാഹി വ ഇന്നാ ഇലൈഹി റാജിഊൻ.

കൊല്ലം ജില്ലയിൽ കരുനാഗപള്ളിക്കടുത്തുള്ള കുറ്റിവട്ടം സ്വദേശിയായിരുന്നു പരേതൻ. ഗുസ്തിക്കാരുടെ കുടുംബത്തിൽ ജനിച്ച അദ്ദേഹം ചവറമണൽ കമ്പനിയിൽ മേസ്ത്രിയായി ജോലി ചെയ്തുകൊണ്ടിരിക്കെ മുസ്ല്യാക്കന്മാരുടെ പാതിരാപ്രസംഗങ്ങളിൽ ആകൃഷ്ടനായി, മതപഠനത്തിന്റെ അനിവാര്യതയും പ്രാധാന്യവും മനസ്സിലാക്കുകയായിരുന്നു. അങ്ങനെ കണിയാപുരത്തെ മുസ്ലിം ജുമുഅത്ത് പള്ളി ദർസിൽ ചേർന്നു. അവിടെ നിന്നും മറ്റു പല പള്ളി ദർസുകളിൽ നിന്നുമായി ഖുർആൻ, ഹദീസ്, കർമ്മശാസ്ത്രം, വ്യാകരണം എന്നിവ വശമാക്കി. യാഥാസ്ഥിതിക സുന്നിയായിരുന്ന പരേതൻ പിന്നീട് പലരംഗങ്ങളിലും മതപ്രഭാഷണങ്ങൾക്കായി പോകാറുണ്ടായിരുന്നു. അറിയപ്പെടുന്ന മറ്റു മുസ്ല്യാക്കന്മാർ തങ്ങളുടെ പ്രഭാഷണങ്ങളിൽ ഖാദിയാനീ വിരോധം പ്രകടിപ്പിക്കുന്നത് കേട്ടു മൗലവി സാഹിബും അവരുടെ ശൈലി പിന്തുടർന്നുപോന്നു. ശത്രുക്കൾ, അഹ്മദിയ്യാ ജമാഅത്തിന്നെതിരിൽ എഴുതിയ പുസ്തകങ്ങൾ വായിച്ചതിനെ തുടർന്ന് "ലാ ഇലാഹ ഇല്ലല്ലാഹു അഹ്മദ് ജരിയുല്ലാഹ്' എന്നതാണ് ഖാദിയാനികളുടെ കലിമയെന്ന് അദ്ദേഹം ധരിച്ചുവശാകുകയും 'വഅ്ളുകളിൽ' ഖാദിയാനീ വിരോധം മുടങ്ങാതെ ശക്തമായി പ്രകടിപ്പിച്ചുകൊണ്ടിരിക്കുകയും ചെയ്തു. പുസ്തകവായന ശീലമാക്കിയിരുന്ന അദ്ദേഹം സുന്നീ - മുജാഹിദ് ഖണ്ഡന മണ്ഡന സാഹിത്യങ്ങൾ വായിച്ചതിൽ പിന്നെ മുജാഹിദ് ആദർശത്തോടു അടുപ്പം തോന്നിയതിനാൽ, അനാചാരപരമായ ചടങ്ങുകളിൽ നിന്നും പിന്നീട് വിട്ടുനിൽക്കാൻ തുടങ്ങി. അതിന്നിടയിൽ, തബ്ലീഗ് ജമാഅത്തിന്റെ പ്രവർത്തനങ്ങളിൽ അദ്ദേഹം ആകൃഷ്ടനായി. ഓരോ വീടുകളിലും ചെന്ന് നിസ്കരിക്കാൻ ക്ഷണിക്കുകയും അതോടൊപ്പം സായാഹ്നങ്ങൾ വയോജനങ്ങൾക്ക് ദീനികാര്യങ്ങൾ പഠിപ്പിക്കുന്നതിന് സ്വയം മുൻകൈയെടുക്കുകയുമുണ്ടായി. ഇത് അദ്ദേഹത്തെ നാട്ടുകാരുടെ സ്നേഹത്തിന് പാത്രമാക്കി. 1958-ൽ യാദൃശ്ചികമായി കൈയ്യിൽകിട്ടിയ കുത്തഴിഞ്ഞ ഏ താനും കടലാസുകളായിരുന്നു യൂസുഫ് സാഹിബിനു സത്യജമാഅത്തിലേക്കുള്ള വഴിത്തിരിവായിത്തീർന്നത്. 'സന്മാർഗദർശിനി' എന്ന ഗ്രന്ഥത്തിലെ ഭാഗങ്ങളായിരുന്നു അത്. അവിചാരിതമായി പി ന്നീട് പ്രസ്തുത ഗ്രന്ഥവും ലഭിച്ചു. കൂടാതെ, കരുനാഗപള്ളിയിലെ മർ ഹും തേവലക്കര മുഹമ്മദ് കുഞ്ഞുസാഹിബിന്റെ പക്കൽ നിന്നും 'ഇസ് ലാംമത സിദ്ധാന്തങ്ങൾ' (തത്വജ്ഞാനത്തിന്റെ ആദ്യ പതിപ്പ്) എന്ന മഹത് കൃതി കൂടി ലഭിച്ചപ്പോൾ ജമാഅത്തിനെ സംബന്ധിച്ചുള്ള സന്ദേഹങ്ങളെല്ലാം അകലാനിടയായി. തുടർന്ന് മൗലാനാ എച്ച്.എ. അബ്ദുല്ലാഹ് സാഹിബുമായി ബന്ധപ്പെട്ടു. ബൈഅത്ത് ചെയ്യാൻ സന്നദ്ധനായെങ്കിലും അല്പം കാത്തിരിക്കാനായിരുന്നു നിർദ്ദേശം. ഈ കാലയളവിൽ ജമാഅത്തിനെപ്പറ്റി കിട്ടാവുന്ന പുസ്തകങ്ങളെല്ലാം ശേഖരിച്ചു പഠിച്ചുകൊണ്ടിരുന്നു. ഒടുവിൽ 1962 മാർച്ച് 8ന് മൗലാനാ അബുൽ വഫാ സാഹിബ് മുഖേന കൊല്ലത്തുള്ള എച്ച്.എ. ഖഹാർ സാഹിബിന്റെ വസതിയിൽ വെച്ചു ബൈ അത്ത് ചെയ്ത് ജമാഅത്തിൽ പ്രവേശിച്ചു. ബൈഅത്ത് ചെയ്തതോടെ നാട്ടിൽ എതിർപ്പ് രൂക്ഷമാകുകയും നാടു ഉപേക്ഷിക്കേണ്ടി വരികയും ചെയ്തു. ആദ്യമാദ്യം ലോക്കൽ മുഅല്ലിമായി പല ജമാഅത്തുകളിലും സേവനമനുഷ്ഠിച്ചിരുന്ന മൗലവി സാഹിബ് 1972-ൽ ഹദ്റത്ത് ഖലീഫത്തുൽമ

*(ശേഷം 40-ൽ)*

എം.കെ. ഇമ്പിച്ചിക്കോയട്ടി

അനുസ്മരണം



# മൗലവി യൂസുഫ് സാഹിബ്: ഊർജ്ജസ്വലനായ മതപ്രചാരകനും, നിഷ്കളങ്കനായ മനുഷ്യസ്നേഹിയും

നമ്മെ വിട്ടുപിരിഞ്ഞ മൗലവി മുഹമ്മദ് യൂസുഫ് സാഹിബ് കേരളത്തിലെ അഹ്മദിയ്യാ ചരിത്രത്തിൽ മറക്കാനാവാത്ത ഒരു വ്യക്തിത്വമാണ്. തെക്കൻ കേരളത്തിലെ കരുനാഗപ്പള്ളിയിൽ മദ്രസ്സാ മുദരിസ്സും ഒരു സുന്നി പ്രാസംഗികനുമായി പ്രവർത്തിച്ചു വരികയായിരുന്ന മൗലവി സാഹിബ്. വാഗ്മിത്വംകൊണ്ട് അനുഗ്രഹീതനായിരുന്നു. വിരസവും ശുഷ്ക്കവുമായ യാഥാസ്ഥിതിക മതാന്തരീക്ഷത്തിൽ ഒരു പാതിരാപ്രാസംഗികനായി വിലസി നടന്നിരുന്ന കാലത്താണ് വളരെ യാദൃശ്ചികമായി ഒരു തുണ്ട് കടലാസിലൂടെ അഹ്മദിയ്യത്തിനെപറ്റി അദ്ദേഹത്തിന് അറിയാൻ ഇടയായത്. സത്യത്തോടുള്ള നിഷ്ക്കളങ്കമായ അനുരക്തിയും അത് സ്വീകരിക്കാനുള്ള സമർപ്പണ മനോഭാവവുമായിരുന്നു അദ്ദേഹത്തെ അ ഹ്മദിയ്യത്തിലേക്ക് അടുപ്പിച്ചത്. പിന്നീട് യശ്ശഃശരീരനായ മൗലാനാ അബ്ദുല്ലാഹ് സാഹിബ് എച്ച്.എ.യുമായി ബന്ധപ്പെടാൻ യുവാവായ അദ്ദേഹം കോഴിക്കോട്ടേക്ക് ഓടിവരികയായിരുന്നു. അഹ്മദിയത്തിന്റെ സത്യം മൗലവി സാഹിബിന്റെ, മാസ്മരിക വ്യക്തിത്വത്തിലൂടെ ഗ്രഹിച്ച അദ്ദേഹത്തിന് പിന്നെ ബൈയ്യത്ത് ചെയ്യാതിരിക്കാൻ കഴിഞ്ഞില്ല. 1962ൽ അദ്ദേഹം ബൈയ്യത്ത് ചെയ്യുകയുണ്ടായി.

അഹ്മദി ആയതിന്ശേഷം നാട്ടിൽ നിന്നും ബഹിഷ്കൃതനായ അദ്ദേഹം നിരവധി കഷ്ടപാടുകളും പ്രയാസങ്ങളും സഹിക്കേണ്ടി വന്നിട്ടുണ്ട്. മുസ്‌ലിയാരായി കഴിഞ്ഞിരുന്ന അദ്ദേഹം വളരെ തുച്ഛമായ ശമ്പളത്തിന് കൂലിവേല ചെയ്ത് അരിഷ്ടതയിലും ദാരിദ്ര്യത്തിലുമായിരുന്നു പിന്നീട് കഴിഞ്ഞത്. മതപരമായി അടിസ്ഥാന വിവരമുണ്ടായിരുന്ന മൗലവിസാഹിബ് മൗലാനാ അബ്ദുല്ലാഹ് സാഹിബ് എച്ച്. എ.യുമായും മൗലാനാ അബുൽ വഫാ സാഹിബ് എച്ച്.എ.യുമായുള്ള നിരന്തരസമ്പർക്കത്തിലൂടെ തികഞ്ഞ ഒരു പണ്ഡിതനായിമാറി. പിന്നീട് അദ്ദേഹം ഖാദിയാനിൽ പോയി മുഅല്ലിം കോഴ്സിന് ചേർന്നു മുഅല്ലിമാവുകയും ജീവിതം വഖഫ് ചെയ്ത് മുഅ്സിയാവുകയും ചെയ്തു.

മൗലവി സാഹിബിന്റെ ഏറ്റവും വലിയ പ്രത്യേകത അറിവിന്നായുള്ള അദ്ദേഹത്തിന്റെ അന്വേഷണത്വരയായിരുന്നു. അഹ്മദിയ്യാ സാഹിത്യങ്ങൾക്കു പുറമെ മലയാളത്തിലെ ഇസ്‌ലാമിക സാഹിത്യങ്ങളും, മുസ്‌ലിം ആനുകാലികങ്ങളും നിരന്തരമായി വായിച്ച് പൊതു മുസ്‌ലിം സമൂഹത്തിലെ ചലനങ്ങളെ പറ്റി വളരെ സൂക്ഷ്മമായി അദ്ദേഹം അവഗാഹം നേടിയിരുന്നു. വാഗ്മിത്വം കൊണ്ട് അനുഗ്രഹീതനായ മൗലവി സാഹിബ് വായിച്ചു മനസ്സിലാക്കിയ കാര്യങ്ങൾ ഉചിതമായ ഉദ്ധരണികളുപയോഗിച്ച് തന്റെ വശ്യസുന്ദരമായ ശൈലിയിൽ അവതരിപ്പിക്കുമ്പോൾ ശത്രുക്കൾ പോലും അമ്പരന്നുപോകുമായിരുന്നു.

പ്രസംഗം അദ്ദേഹത്തിന് എന്നും ഒരാവേശമായിരുന്നു. ആയത്തുകളുടേയും ഹദീസുകളുടേയും അനുസ്യൂതമായ ഒഴുക്കും മാലപ്പാട്ടുകളും ബൈത്തും പരിഹാസങ്ങളും വെല്ലുവിളികളും തമാശകളും അദ്ദേഹത്തിന്റെ പ്രസംഗത്തെ മധുരതരമായ ഒരനുഭവമാക്കി മാറ്റിയിരുന്നു. യാഥാസ്ഥിതിക സുന്നി പശ്ചാത്തലമുള്ള മൗലവി സാഹിബ് പഴയ കേരളീയ സുന്നി സാഹിത്യങ്ങളിൽ നിന്നും, പാരമ്പര്യങ്ങളിൽ നിന്നും തെളിവുകൾ ഉദ്ധരിച്ച് പ്രസംഗിക്കുമ്പോൾ അഹ്മദിയ്യത്തിനെ വളരെ സംശയിച്ച് അകന്നു മാറിനില്ക്കുന്നവർ പോലും കൗതുകപൂർവ്വം അടുക്കുകുയും - പലർക്കും അത് ബൈയ്യത്ത് ചെയ്യാൻ പ്രചോദനമായിത്തീരുകയും ചെയ്തിട്ടുണ്ട്. അദ്ദേഹത്തിന്റെ ഈ പ്രസംഗ ശൈലി വാസ്തവത്തിൽ അഹ്മദിയ്യാ സന്ദേശം കേരളത്തിലെ സുന്നികൾക്കിടയിൽ പ്രചാരപ്പെടുവാൻ വളരെയേറെ സഹായകരമായിട്ടുണ്ട് എന്നത് ഒരു വസ്തുതയാണ്.

*(ശേഷം 39-ൽ)*

അനുസ്മരണം



കെ.പി. അഹ്മദ്

# അലനല്ലൂർ സമ്മേളനവും ഒരു പ്രാസംഗികന്റെ അരങ്ങേറ്റവും

അഹ്മദിയ്യാ സംസ്ഥാന സമ്മേളനം അലനല്ലൂരിൽ സംഘടിപ്പിക്കാൻ മർഹൂം സിദ്ദീഖ് അമീറലി സാഹിബ് പ്രസിഡണ്ടായിരുന്ന അന്നത്തെ സെൻട്രൽ കമ്മിറ്റി തീരുമാനിച്ചത്.

സമ്മേളനത്തിന്റെ കൺവീനർ എം.കെ. അസ്സൻകോയ സാഹിബും (മർഹൂം) ഭക്ഷണക്കമ്മിറ്റി ചെയർമാൻ മർഹൂം ഏ.പി. കുഞ്ഞാമു സാഹിബുമായിരുന്നു. കൂടാതെ, പുതിയ അഹ്മദികളായ ഞങ്ങളിൽ ചിലരേയും സമ്മേളനക്കമ്മിറ്റിയുടെ സഹായകന്മാരായി പരിഗണിച്ചു. സി.പി. അബ്ദുള്ളക്കോയ സാഹിബും, എം. മൊയ്തീൻക്കോയ സാഹിബും, പി.പി. അബ്ദുർറഹിമാൻ കോയ സാഹിബും അതിലുൾപ്പെടുന്നു.

ഒരു ദിവസം കൺവീനറായ എം.കെ. അസ്സൻകോയ സാഹിബിന്റെ കൂടെ ഞങ്ങൾ അലനല്ലൂരിലേക്ക് പുറപ്പെട്ടു. സമ്മേളനം നടത്താനുള്ള അനുയോജ്യമായ സ്ഥലം കണ്ടെത്താനും, വിവിധ ജമാഅത്തുകളിൽ നിന്നു വരുന്ന പ്രതിനിധികളുടെ പാർപ്പിട സൗകര്യം ഉറപ്പു വരുത്താനും, ഭക്ഷണത്തിന്റെ ചുമതല ഒരു ഹോട്ടലുടമയെ ഏല്പിക്കാനുമായിരുന്നു ഈ യാത്ര.

സമ്മേളനസ്ഥലവും പ്രതിനിധികളുടെ താമസസൗകര്യവും ഉറപ്പു വരുത്തിയപ്പോൾ ഭക്ഷണപ്രശ്നമാണ് പിന്നീട് ശേഷിച്ചത്. ഞങ്ങൾ കോഴിക്കോട്ടുനിന്നും പുറപ്പെടുമ്പോൾത്തന്നെ ഭക്ഷണക്കമ്മിറ്റി ചെയർമാനായ മർഹൂം ഏ.പി. കുഞ്ഞാമു സാഹിബ് ഒരു കാര്യം ഊന്നിപ്പറഞ്ഞിരുന്നു.

"അലനല്ലൂരിലെ ഒരു ഹോട്ടലിലാണ് പ്രതിനിധികൾക്ക് ഭക്ഷണത്തിനുള്ള ഏർപ്പാട് ചെയ്യേണ്ടത്. അവിടെ ഊണിന്റെ ചാർജ്ജ് എട്ടണ (50 പൈസ)യാണ്. അത് ആറണയാക്കി കുറക്കാൻ ശ്രമിക്കണം."

കുഞ്ഞാമു സാഹിബിന്റെ ഈ നിർദ്ദേശം മനസ്സിൽ വെച്ചുകൊണ്ട് ഞങ്ങൾ ഹോട്ടലുടമയെ സമീപിച്ചു. മൊത്തം പ്രതിനിധികളുടെ എണ്ണം കൊടുത്തുകൊണ്ട് പറഞ്ഞു.

"കൂടുതൽ ആളുകളുള്ള വലിയ ഓർഡർ ആയതുകൊണ്ട് ഊണിന്റെ വില ആറണയാക്കി കുറക്കണം." ഇതുകേട്ടപ്പോൾ ഹോട്ടലുടമ ഇടഞ്ഞു; തർക്കിച്ചുകൊണ്ട് പുതിയൊരു നിർദ്ദേശം വെച്ചു.

"അങ്ങിനെയാണെങ്കിൽ പപ്പടവും മോരും ഉണ്ടാവില്ല."

അതു പറ്റില്ലെന്ന് ഞങ്ങളും വാദിച്ചു. ഒടുവിൽ എല്ലാ വിഭവങ്ങളും ഉൾപ്പെടെ ഏഴണക്ക് ഊണ് പാസ്സാക്കിയെടുത്തു!

സമ്മേളനത്തിന്റെ ഒന്നാം ദിവസം ശനിയാഴ്ച രാത്രി ആജാനബാഹുവായ മാടാക്കര അബൂബക്കർ സാഹിബ് ഹോട്ടലിൽ നിന്നും ഊണും കഴിഞ്ഞ് പുറത്തേക്ക് വരികയായിരുന്നു. അപ്പോൾ എം. മൊയ്തീൻ കോയ സാഹിബ് ചോദിച്ചു.

"എങ്ങിനെയുണ്ട്... അബൂബക്കർ സാഹിബേ ഭക്ഷണം?"

മാടാക്കരയുടെ മറുപടി ചിരിക്കാനുള്ള മരുന്നാണ് അവിടെ വിതറിയത്.

"എന്ത് മോനെ... ആനക്ക് വായു ഗുളിക കൊടുത്തതുപോലെയുണ്ട്. ഭക്ഷണം ഏതു വഴിക്ക് പോയെന്നറിയില്ല."

പുതുതായി ജമാഅത്തിൽ പ്രവേശിച്ച ഞങ്ങളുടെ ആദ്യത്തെ സമ്മേളനമായിരുന്നു അത്! എന്നാൽ കഴിഞ്ഞ ഏപ്രിൽ 23ന് അന്തരിച്ച മൗലവി യൂസുഫ് സാഹിബ് അഹ്മദിയ്യാവേദിയിൽ അരങ്ങേറ്റ പ്രസംഗം നടത്തിയ ആദ്യത്തെ സമ്മേളനവും അതായിരുന്നു! കൂടാതെ മർഹൂം മൗലാനാ ബി. അബ്ദുല്ലാഹ് സാഹിബ് എച്ച്.എ. അവസാനമായി വേദിയിൽ പ്രത്യക്ഷപ്പെട്ടതും അലനല്ലൂർ സമ്മേളനത്തിനായിരുന്നു!

അന്ന് ഈസാനബി(അ)യുടെ മരണത്തെകുറിച്ച് അരങ്ങേറ്റ പ്രസംഗം നടത്തിയ യൂസുഫ് മൗലവി സാഹിബ് അദ്ദേഹത്തിന് മുപ്പതു

മിനിട്ട് സമയത്തിൽ ഇരുപതു മിനിറ്റോളം മുഖവുരയിൽ നിന്ന് കടക്കാൻ കഴിയാതെ കാടുകയറാൻ തുടങ്ങി! ബെല്ലും ബ്രേക്കുമില്ലാത്ത ഈ പോക്കുകണ്ടപ്പോൾ അദ്ധ്യക്ഷനായിരുന്ന വലിയ മൗലവി സാഹിബ് പ്രസംഗം തടഞ്ഞുകൊണ്ട് ശ്രോതാക്കളോട് പറഞ്ഞു.

''ക്ഷമിക്കണം. മൗലവി യൂസുഫ് സാഹിബ് അഹ്മദിയ്യാ ജമാഅത്തിൽ പ്രവേശിച്ച പുതിയ ആളാണ്. നമ്മുടെ സ്റ്റേജിൽ ആദ്യമായിട്ടാണദ്ദേഹം പ്രസംഗിക്കുന്നത്. പക്ഷെ; അദ്ദേഹത്തിന് അനുവദിക്കപ്പെട്ട മുപ്പത് മിനുട്ടിൽ ഇരുപത് മിനുട്ടും മുഖവുരക്ക് വേണ്ടി ചിലവഴിച്ചു. അതുകൊണ്ട് ബാക്കി പത്തുമിനുട്ടിനുള്ളിൽ അദ്ദേഹത്തിന്റെ വിഷയം ഞാൻ ചുരുക്കിപ്പറയാം.''

പിന്നീട് യൂസുഫ് മൗലവി സാഹിബിന്റെ വിഷയം മൗലാനാ അബ്ദുല്ലാഹ് സാഹിബ് പത്തുമിനിട്ടിൽ അവതരിപ്പിച്ചു.

എന്നാൽ പിൽക്കാലത്ത് യൂസുഫ് മൗലവി സാഹിബ് അഹ്മദിയ്യാ സ്റ്റേജുകളിൽ ജ്വലിക്കുന്ന തീപ്പന്തമായി നിറഞ്ഞു കത്തുകയായിരുന്നു! യൂസുഫ് മൗലവി സാഹിബ് ഇല്ലാത്ത പ്രസംഗവേദികൾ അപൂർവ്വമായിട്ടേ അഹ്മദികൾ കണ്ടിട്ടുള്ളു! തബ്‌ലീഗിന്റെ യന്ത്രം പോലെ നിരന്തരം സഞ്ചരിച്ചുകൊണ്ടിരുന്ന കർമ്മനിരതനായ അദ്ദേഹം മൈതാനപ്രസംഗങ്ങളിലും കവലപ്രസംഗത്തിലും, പുസ്തകവില്പനയിലും, വാഗ്വാദങ്ങളിലും, ചർച്ചകളിലും ജീവിതത്തിന്റെ ഏറെഭാഗവും സജീവമായിത്തന്നെ ചിലവഴിച്ചു!

ഏതാനും മാസങ്ങൾക്ക് മുമ്പ് രോഗങ്ങളുടെ കടന്നാക്രമണം ശരീരത്തെ കാർന്നുതിന്നുമ്പോഴും കോഴിക്കോട് ബൈത്തുൽ ഖുദ്ദൂസിൽ തബ്‌ലീഗും ചർച്ചയും ദർസുകളും അദ്ദേഹം നടത്തിവന്നിരുന്നു! എല്ലാ നേരങ്ങളിലും പ്രവർത്തനസജ്ജമാകുന്ന ആ പ്രചാരണ യന്ത്രത്തിന്റെ മിടിപ്പുകൾ ഇപ്പോൾ എന്നെന്നേക്കുമായി നിലച്ചുപോയിരിക്കുന്നു! ■

*(37-ൽ നിന്ന് തുടർച്ച)*

ഒരുപാട് സൽഗുണങ്ങളുള്ള മനുഷ്യസ്നേഹിയായിരുന്നു അദ്ദേഹം. കോഴിക്കോടായിരുന്നു മൗലവി സാഹിബിന്റെ പ്രധാന തട്ടകം. പാവപ്പെട്ടവരോടും ബുദ്ധിമുട്ടുന്നവരോടും മൗലവി സാഹിബ് കാണിച്ച സ്നേഹവും അനുകമ്പയും അവരെ സഹായിക്കാനും അവരുടെ വേദനയിൽ പങ്കുകൊള്ളുവാനും കാണിച്ച ആത്മാർത്ഥതയും മാതൃകാപരമാണ്. സാധുക്കളേയും രോഗികളെയും തിരഞ്ഞുപിടിച്ച് സഹായിക്കുക എന്നത് അദ്ദേഹത്തിന്റെ ഏറ്റവും വലിയ മനുഷ്യത്വപരമായ ഗുണമാണ്. മനുഷ്യപറ്റോടുകൂടി അത്തരം ആളുകളുമായി ഇടപഴകുകയും അവരുടെ ദുഃഖങ്ങൾക്ക് എന്തെങ്കിലും നിവൃത്തിയുണ്ടാക്കിക്കൊടുക്കലും അദ്ദേഹത്തിന്റെ ശീലമായിരുന്നു. സ്വയം ഭക്ഷണം പാചകം ചെയ്ത് ബൈത്തുൻ ഖുദ്ദൂസിൽ വെച്ച് പള്ളിയിൽ വരുന്ന പാവപ്പെട്ട അപരിചിതരായ അതിഥികൾക്ക് ഒപ്പമിരുന്നു ഭക്ഷണം കഴിക്കുന്ന മൗലവി സാഹിബിനെ പലപ്പോഴും ഞാൻ കണ്ടിട്ടുണ്ട്. നോമ്പ് കാലങ്ങളിൽ കോഴിക്കോട് തങ്ങാറുള്ള മൗലവി സാഹിബ് നിരന്തരം നടത്താറുള്ള ക്ലാസ്സുകളിൽ ജമാഅത്തിൽ നിന്നുള്ളവരും പുറമേനിന്നുള്ളവരും ചുറ്റും കൂടി ഇരിക്കുമായിരുന്നു. പുറമെനിന്നുള്ളവരിൽ പലരും ദരിദ്രരും മൗലവി സാഹിബിന് മാത്രം പരിചയമുള്ളവരുമായിരുന്നു. ഒരു മൗലവിയുടെ ഔപചാരികതയിൽ കവിഞ്ഞ് ഒരു നിഷ്ക്കളങ്കനായ മനുഷ്യസ്നേഹികൂടിയായിരുന്നു അദ്ദേഹം.

ചെറിയ പിഞ്ചു കുട്ടികൾ മുതൽ രോഗികളായി കിടക്കുന്ന വൃദ്ധന്മാർ വരെയുള്ള കേരള ജമാഅത്തിലെ ആബാലവൃദ്ധം ജനങ്ങളേയും മൗലവി സാഹിബ് നേരിട്ടറിയാമായിരുന്നു. വിവാഹപ്രായം കഴിഞ്ഞുനിൽക്കുന്ന പെൺകുട്ടികളോടും അവരുടെ രക്ഷിതാക്കന്മാരോടും എപ്പോഴും സഹതാപവും അനുഭാവവും പുലർത്തിയിരുന്ന മൗലവി സാഹിബ് അവർക്കുവേണ്ടി കേരളം മുഴുവൻ ഓടിനടക്കുന്ന ഒരു വിവാഹ ബ്യൂറോയായും പ്രവർത്തിച്ചു. പലരുടേയും വിവാഹബന്ധങ്ങൾക്ക് നിമിത്തമായത് മൗലവി സാഹിബിന്റെ ഈ വ്യാപകമായ പരിചയമായിരുന്നു.

അല്ലാഹു തന്നെ അദ്ദേഹത്തിന് ഹിദായത്ത് നൽകിയതിലും അഹ്മദിയാക്കിയതിലും എപ്പോഴും അഭിമാനം കൊണ്ടിരുന്ന മൗലവി സാഹിബ് അല്ലാഹുവിനെ നിരന്തരം സ്തുതിച്ചുകൊണ്ടിരുന്നു. ഒരു കുടുംബാംഗത്തെപോലെ അത്രയും അടുത്ത ബന്ധമായി ഞാനുമായി മൗലവി സാഹിബിനുണ്ടായിരുന്നു. 25 വർഷം മുമ്പ് കോഴിക്കോട് നിന്നും കരുളായിലേക്ക് അദ്ദേഹം താമസം മാറിപ്പോവുമ്പോൾ ഈ വിനീതനും കാര്യമായ ഒരു പങ്കു വഹിക്കാൻ സാധിച്ചത് ഞാൻ മഹാഭാഗ്യമായി കാണുന്നു. സർവ്വശക്തനായ അല്ലാഹു അദ്ദേഹത്തിനും കുടുംബത്തിനും അദ്ദേഹത്തിനെ പോലെ തന്നെ ദീനിന് സേവനം ചെയ്യാനുള്ള തൗഫീക്ക് നൽകുമാറാകട്ടെ. അല്ലാഹു പരേതന്ന് ജന്നത്തും മഗ്ഫിറത്തും നൽകി അനുഗ്രഹിക്കട്ടെ.

(ആമീൻ)

■

## വാർത്തകൾ

# ഖിലാഫത്ത് ശതാബ്ദി സമ്മേളനം ഒരുക്കങ്ങൾ പൂർത്തിയായി

കോഴിക്കോട് : ഖിലാഫത്ത് ശതാബ്ദിയോടനുബന്ധിച്ച് ജൂൺ 1-ാം തിയ്യതി കോഴിക്കോട്ട് നടത്തുന്ന സംസ്ഥാനസമ്മേളനത്തിന്റെ ഒരുക്കങ്ങൾ പൂർത്തിയായതായി ശതാബ്ദിയാഘോഷ കമ്മിറ്റി ജനറൽ കൺവീനർ ബി. ബി. അഹ്മദ് കബീർ സാഹിബ് (അമീർ, എറണാകുളം സോൺ) അറിയിച്ചു. ജമാഅത്തിലെ ആബാലവൃദ്ധം ജനങ്ങളും പങ്കെടുക്കുന്ന ഈ സമ്മേളനം നാസിർ അഅ്ലാ ഭാരത്, മൗലാനാ മുഹമ്മദ് ഇനാം ഗോറി സാഹിബ് ഉദ്ഘാടനം ചെയ്യുന്നതായിരിക്കും. മൗലാനാ മുഹമ്മദ് ഉമർ സാഹിബ്, മൗലാനാ ബുർഹാൻ അഹ്മദ് സാഹിബ് സഫർ, മൗലാനാ മുഹമ്മദ് കരിമുദ്ദീൻ സാഹിബ് എന്നിവർ പങ്കെടുക്കും.

ഖിലാഫത്ത് ശതവാർഷികത്തോടനുബന്ധിച്ച് നടത്തുന്ന അൽഖുർആൻ എക്സിബിഷൻ മേയ് 17ന് സമ്മേളനനഗരിയിൽ ആരംഭിക്കും. ജൂൺ 2 വരെ എക്സിബിഷൻ തുടരുന്നതാണ്. കേരളത്തിന്റെ നാനാഭാഗത്തും സമ്മേളന പ്രചാരണ പരിപാടികൾ നടന്നുവരുന്നു. സമ്മേളനം വമ്പിച്ച വിജയമായി മാറാൻ സഹോദരന്മാർ ദുആ ചെയ്യണമെന്ന് അഹ്മദ് കബീർ സാഹിബ് അഭ്യർത്ഥിച്ചു. ■

# മാത്തോട്ടം ജമാഅത്ത് രൂപീകരിച്ചു

കോഴിക്കോട് ജമാഅത്തിന്റെ ഭാഗമായുള്ള മാത്തോട്ടം മേഖല കേന്ദ്രീകരിച്ച് പുതിയ ജമാഅത്ത് രൂപീകരിച്ചതായി ഖാദിയാനിൽ നിന്നും നാസിർ സാഹിബ്, അഅ്ലാ അറിയിച്ചു. പ്രസിഡണ്ടായി പി.എം. ബഷീർ അഹ്മദ് സാഹിബ്, വൈസ് പ്രസിഡണ്ട് എം. ജലീൽ സാഹിബ്, മാൽ സെക്രട്ടറി കെ. വി. മുസ്തഫ സാഹിബ്, സെക്രട്ടറി ഇസ്ലാഹോ ഇർശാദ് ബി.എം. ഷൗക്കത്ത് സാഹിബ്, ഉമൂറെആമ - ഐ. കെ. അഹ്മദ് കുട്ടിസാഹിബ്, സെക്രട്ടറി വസിയ്യത്ത്, ഐ.കെ. മൻസൂർ അഹ്മദ് സാഹിബ്, സെക്രട്ടറി ദഅ്വത്തെ ഇലല്ലാഹ് കെ. അബ്ദുറസാക്ക് സാഹിബ്, സെക്രട്ടറി സിയാഫത്ത് എം. വാഹിദ് സാഹിബ് , സെക്രട്ടറി ജാഇദാദ്-എം. ദാവൂദ് സാഹിബ്, സെക്രട്ടറി വഖ്ഫെ-നൗ കെ.പി. അബ്ദുൽകരീംസാഹിബ് എന്നിവരെ നിയോഗിച്ചതായും അറിയുന്നു. ■

*(36-ൽ നിന്ന് തുടർച്ച)*

സീഹ് സാലിസിന്റെ മാർ ഗദർശനമനുസരിച്ച് ജീവിതം വഖഫ് ചെയ്തു. പരിശുദ്ധ ഖാദിയാനിൽ പോയി 6 മാസത്തെ ട്രെയിനിംഗ് പൂർത്തിയാക്കി വഖ്ഫെ ജദീദിന് കീഴിൽ ഏഴുകൊല്ലത്തോളം പ്രവർത്തിച്ചു. 1978-ൽ ദഅ്വത്തെ തബ്ലീഗിന് കീഴിലുള്ള മുബല്ലിഗായി നിയമിതനായി. ജമാഅത്തിന്റെ സന്ദേശപ്രചരണത്തിൽ ആവേശവും തല്പരതയും പുലർത്തിയിരുന്ന അദ്ദേഹത്തിന് കേരളത്തിലുടനീളം തബ്ലീഗ് പ്രഭാഷണങ്ങൾ നടത്താനുള്ള സൗഭാഗ്യം ലഭിച്ചിട്ടുണ്ട്. ഖിലാഫത്ത് ജൂബിലി ആഘോഷിക്കുന്ന ഈ വർഷത്തിൽ കവലകൾ തോറും ചെന്ന് ഖിലാഫത്തിന്റെ മഹനീയാനുഗ്രഹത്തെപറ്റി ജനങ്ങൾക്ക് ബോദ്ധ്യപ്പെടുത്തിക്കൊടുക്കണമെന്നും, സാധിക്കുമെങ്കിൽ താനും അതിന് സന്നദ്ധനാണെന്നുമുള്ള നിർദ്ദേശം, അവസാനനാളുകളിൽ അദ്ദേഹം ജമാഅത്തിന്റെ മുമ്പിൽ സമർപ്പിക്കുകയും ചെയ്തിരുന്നു. പരേതൻ മുമ്പേ തന്നെ വസിയ്യത്ത് പദ്ധതിയിൽ ചേർന്നിരുന്നു. കണക്കുകളെല്ലാം അദ്ദേഹം ശരിയാക്കിവെക്കുകയും ചെയ്തിരുന്നു. അല്ലാഹു പരേതന് മഗ്ഫിറത്തും ജന്നത്തിൽ ഉന്നതസ്ഥാനവും നല്കുമാറാകട്ടെ. ആമീൻ.

ഭാര്യ: റാബിയ്യത്ത്, മക്കൾ : അബ്ദുസ്സലാം, അബ്ദുൽ ഗഫാർ, അബ്ദുൽ മുഅ്മിൻ, അബ്ദുസത്താർ, ഫാത്തിമ, റംല്ലത്ത്, നുസ്രത്ത്, സീനത്ത്.

ജാമാതാക്കൾ: നഫീസ, സക്കീന, ജുമൈലത്ത്, റഹ്യാന ബശീർ വാണിയമ്പലം, സുലൈമാൻ ചേലക്കര, മർഹൂം നസീർ അഹ്മദ്. ■

# അഹ്മദിയ്യാ ഖിലാഫത്ത് ശതവാർഷിക സംസ്ഥാന സമ്മേളനം - കോഴിക്കോട്

**01-06-08 (ഞായർ)**

## കാര്യപരിപാടി

രാവിലെ 8.00 : രജിസ്ട്രേഷൻ

9.50-10.00 : പതാക ഉയർത്തൽ **(നാസിർ അഅ്‌ല, ഭാരത്)**

ഉദ്ഘാടന സമ്മേളനം

അദ്ധ്യക്ഷൻ : **എം.എ. മുഹമ്മദ് സാഹിബ്** (സദ്ർ ഖിലാഫത്ത് ജൂബിലി കമ്മിറ്റി, കേരള. അമീർ, കോഴിക്കോട് മേഖല)

10.10 - 10.20 : വിശുദ്ധ ഖുർആൻ പാരായണം

10.20 - 10.30 : നസം.

10.30 - 11.00

ഉദ്ഘാടന പ്രസംഗം : **ബഹു. മൗലാന മുഹമ്മദ് ഇനാം സാഹിബ് ഗോരി നാസിർ അഅ്‌ലാ, ഭാരത്**

11.00 - 11.10 : പുസ്തക പ്രകാശനം

11.10 - 11.40

പ്രസംഗം : **ബഹു. മൗലാനാ മുഹമ്മദ് ഉമർ സാഹിബ്** നാസിർ ഇസ്‌ലാഹ് - വ-ഇർശാദ് ഖാദിയാൻ

വിഷയം : ഖിലാഫത്തിന്റെ തണലിൽ അഹ്മദിയ്യാ ജമാഅത്തിനുണ്ടായ നൂറുവർഷ നേട്ടങ്ങൾ - ഒരവലോകനം

11.40 - 11.50 : സംഘഗാനം

11.50 - 12.20

പ്രസംഗം : **ബഹു. മൗലാനാ ബുർഹാൻ അഹ്മദ് സാഹിബ് സഫർ, നാസിർ നശ്റോ** ഇശാഅത്ത്, ഖാദിയാൻ

വിഷയം : അഹ്മദിയ്യാ ഖിലാഫത്തും വസിയ്യത്ത് വ്യവസ്ഥിതിയും

തർജമ : **മൗ. മുഹമ്മദ് നജീബ് ഖാൻ സാഹിബ്** മുബല്ലിഗ്, ആലപ്പുഴ

12.20 - 12.45

പ്രസംഗം : **ബഹു. മൗലവി മുഹമ്മദ് സലീം സാഹിബ്** മുബല്ലിഗ്, കൊടുങ്ങല്ലൂർ

12.45 - 12.55

അദ്ധ്യക്ഷ പ്രസംഗം : **ബഹു. എം.എ. മുഹമ്മദ് സാഹിബ്**

12.55 - 1.00 : ദുആ

1.00 - 2.30 : ഭക്ഷണം, വിശ്രമം

2.30 - 2.45 : നമസ്കാരം, ളുഹർ, അസർ

2.45 - 3.00 : നിക്കാഹ് വിളംബരം

## സമാപന സമ്മേളനം

അദ്ധ്യക്ഷൻ : **ബഹു. മൗലാനാ മുഹമ്മദ് ഉമർ എച്ച്.എ.** (നാസിർ ഇസ്‌ലാഹ് വഇർശാദ്, ഖാദിയാൻ

3.00 - 3.10 : വിശുദ്ധ ഖുർആൻ പാരായണം

3.10 - 3.20 : നസം.

3.20 - 3.50

പ്രസംഗം : **ബഹു. മൗലാനാ മുഹമ്മദ് കരിമുദ്ദീൻ സാഹിബ് ശാഹിദ്** നാസിം വഖ്ഫ് ജദീദ് ബേറൂൻ, ഖാദിയാൻ

വിഷയം : ഖിലാഫത്ത് നിഷേധികളുടെ അന്ത്യം

വിവർത്തനം : മൗ: മുഹമ്മദ് ശരീഫ് സാഹിബ് മുബല്ലീഗ് തിരുവനന്തപുരം

3.50 - 4.15

പ്രസംഗം : ബഹു. പ്രൊഫ. മഹ്മൂദ് അഹ്മദ്, സദ്ർ പബ്ലിക്കേഷൻ കമ്മിറ്റി, കേരള

വിഷയം : **അഹ്മദിയ്യാ ഖിലാഫത്ത് മുഖേന സർവ്വ മതാചാര്യർക്ക് നൽകപ്പെടുന്ന ബഹുമാനാദരങ്ങൾ**

4.15 - 4.25 : ഖസീദ

4.25 - 4.50

പ്രസംഗം : **ബഹു.മൗലാനാ മുഹമ്മദ് അയ്യൂബ് സാഹിബ്** മുബല്ലീഗ്, ഇൻചാർജ്,കേരള

വിഷയം : ഇസ്‌ലാമിക ഖിലാഫത്ത് വ്യവസ്ഥിതി - യാഥാർത്ഥ്യവും ആവശ്യകതയും

4.50 - 5.15

പ്രസംഗം : **ബഹു. മൗലവി മുഹമ്മദ് ഇസ്മാഈൽ സാഹിബ്**

വിഷയം : കേരള അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് ചരിത്രം

5.15 - 5.40

പ്രസംഗം : **മൗലവി എം. നാസിർ അഹ്മദ്** മുബല്ലിഗ്, എറണാകുളം

വിഷയം : അഹ്മദിയ്യാ ജമാഅത്തും വിശ്വാസാദർശങ്ങളും

5.40 - 5.50


അദ്ധ്യക്ഷ പ്രസംഗം : **മൗലാനാ മുഹമ്മദ് ഉമർസാഹിബ്**

5.50 - 5.55

നന്ദിപ്രകടനം : **ബഹു. ബി. ബി. അഹ്മദ് കബീർ സാഹിബ്** ജനറൽ കൺവീനർ, ഖിലാഫത്ത് ശതവാർഷിക കമ്മിറ്റി, കേരള

5.55 - 6.00 : ദുആ

# അനുസ്മരണം



## മർഹൂം ബി. അബ്ദുൽകരീം സാഹിബ്

പഴയങ്ങാടി ജമാഅത്തിലെ ഒരു പ്രമുഖാംഗവും പ്രൊഫ. ബി. മഹ്മൂദ് അഹ്മദ് സാഹിബിന്റെ ഭാര്യാപിതാവുമായ ജനാബ് ബി. അബ്ദുൽ കരീം സാഹിബ് 2008 മാർച്ച് 31-ാം തിയ്യതി തിങ്കളാഴ്ച നി ര്യാതനായി. ഇന്നാലില്ലാഹി വഇന്നാ ഇലൈഹി റാജിഊൻ മരിക്കുമ്പോൾ അദ്ദേഹത്തിന് 78 വയസ്സായിരുന്നു.

കരീം സാഹിബിന്റെ പിതാവ് ബി.എസ്. മുഹമ്മദ് കുഞ്ഞി സാഹിബ് അന്നത്തെ ഒരു ധീരമുജാഹിദും പഴയങ്ങാടി ജി.എം. യു.പി. സ്കൂൾ ശിപായി എന് നിലയിൽ ശ്ലാഘനീയമായ സേവനങ്ങൾ സമർപ്പിച്ച പൊതുജനപ്രിയനുമായിരുന്നു. മൗ ലാനാ ബി. അബ്ദുല്ലാ സാഹിബ് എച്ച്.എ. യുടെ ഇളയമ്മയുടെ മകൾ ബിലാവിനകത്ത് മറിയുമ്മ സാഹിബയായിരുന്നു പരേതന്റെ മാതാവ്. ശ്രീലങ്കയിലെ ആദ്യത്തെ അഹ് മദി യ്യാ മുബല്ലിഗ് മൗലാനാ എ.പി. ഇബ്രാഹിം സാഹിബിന്റെ മകൾ നഫീസ ബീബീ സാഹിബയാണ് പരേതന്റെ സഹധർമ്മിണി.

ഭക്തിയോടെയും വിശ്വാസസ്ഥിരതയോടെയും ജീവിച്ചുപോന്ന കരീം സാഹിബ് സാധുക്കളായ ഒട്ടേറെയാളുകൾക്ക് സാമ്പത്തിക സഹായം നൽകിപ്പോരുകയും ജമാഅത്തിന്റെ ധനപരമായ പദ്ധതികളെ ഉദാരമായി പ്രോത്സാഹിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

ഇന്ത്യൻ നേവിയിൽ ചീഫ് പെറ്റി ഓഫീസറായിരുന്ന അബ്ദുൽ കരീം സാഹിബിന് രാഷ്ട്രപതിയിൽ നിന്നും വിശിഷ്ട സേവാമെഡൽ ലഭിക്കുകയുണ്ടായി. രാജ്യത്തിനുവേണ്ടി സമർപ്പണം ചെയ്ത ഒരു പോരാളി എന്ന നിലയിൽ ഗോവയെ വിമോചിപ്പിക്കാനുള്ള പോരാട്ടത്തിൽ സ്തുത്യർഹമായ സേവനം നടത്തിയതിനുള്ള അംഗീകാരമാണ് രാഷ്ട്രപതിയിൽ നിന്നുള്ള ഈ ഉജ്ജ്വല ബഹുമതി.

സുദൃഢമായ ദീനിബന്ധം സ്ഥാപിക്കുന്ന നല്ല മക്കളേയും മരുമക്കളേയുമാണ് കരീം സാഹിബിന് ലഭിച്ചത്. അദ്ദേഹത്തിന്റെ മകൻ കെ. അബ്ദുൽ ജലീൽ സാഹിബാണ് പഴയങ്ങാടി ഫസ്ലെ ഉമർ പബ്ലിക് സ്കൂൾ അഡ്മിനിസ്ട്രേറ്റർ. മരുമകൻ പ്രൊഫസർ ബി. മഹ്മൂദ് അഹ് മദ് സാഹിബ് കേരള അഹ്മദിയ്യാ പബ്ലിക്കേഷൻ സദറും പഴയങ്ങാടി ജമാഅത്തിന്റെ നാഇബ് അമീറുമാണ്. കെ. അബ്ദുൽ ഹമീദ് സാ ഹിബ്, മുബാറക്കാ ബീബി സാഹിബ, കെ. സൈനബി സാഹിബ, കെ. മുബശിറ സാഹിബ, കെ. മുംതാസ് സാഹിബ എന്നിവർ അദ്ദേഹത്തി ന്റെ മക്കളാണ്. വി. മുഹമ്മദ് ഹസ്സൻ - സാഹിബ്, എസ്.എച്ച്. അബ്ദുൽ മജീദ് സാഹിബ്, യു. സഫീർ അഹ്മദ് സാഹിബ് എന്നിവർ അദ്ദേഹത്തിന്റെ മരുമക്കളാണ്. പരേതനായ ബി. അബ്ദുൽ ഹമീദ് സാഹിബ് (ഇൻസ്പെക്ടർ, സെൻട്രൽ എക് സൈസ് അദ്ദേഹത്തിന്റെ സഹോദരനും പരേതയായ ബി. കുഞ്ഞലിമ സാഹിബ, ബി. ഖദീജ സാഹിബ, ബി. സൈനബ സാഹിബ എന്നിവർ സഹോദരിമാരുമാണ്.

അല്ലാഹു പരേതാത്മാവിന് മഗ്ഫിറത്ത് നൽകുമാറാകട്ടെ. ആമീൻ.

**സി.എച്ച്. അബ്ദുശ്ശുക്കൂർ**

## മൈലാഞ്ചിക്കൽ അബ്ദുൽ മജീദ് സാഹിബ്

പഴയങ്ങാടി ആദ്യകാല അഹ്മദികളിൽ പെട്ട മർഹൂം പി.പി. അബൂബക്കർ സാഹിബിന്റെയും ഫാത്തിമ സാഹിബയുടെയും മകനും ഇപ്പോൾ പഴയങ്ങാടി ജമാഅത്ത് അംഗവും ആയ മൈലാഞ്ചിക്കൽ അബ്ദുൾ മജീദ് സാഹിബ് 23-2-2008ന് ശനിയാഴ്ച നിര്യാതനായി (ഇന്നാലില്ലാഹി)

ഭാര്യ : കദീജ, മക്കൾ : നിസാർ അഹമ്മദ്, ജസീർ അഹമ്മദ്, രേഷ്മ മുസദ്ദിഖ്. മരുമക്കൾ : മുസദ്ദിഖ് അഹമ്മദ്, കോഴിക്കോട്, ശബാന നിസ്സാർ (കണ്ണൂർ). സഹോദരങ്ങൾ: മൈലാഞ്ചിക്കൽ അബ്ദുൾ ഗഫൂർ, കുഞ്ഞായിശ്ശ, സുബൈദ, കദീജ

പരേതന് അല്ലാഹു പരലോകത്ത് ജന്നത്തും മഗ്ഫിറത്തും കൊടുത്ത് അനുഗ്രഹിക്കുമാറാകട്ടെ.




ചേലക്കര ജമാഅത്തിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച സീറത്തുന്നബി യോഗം. വേദിയിൽ ബദറുദ്ദീൻ, ടി. മുഹമ്മദുണ്ണി മുസ്ല്യാർ, മുഹമ്മദ് സലീം സാഹിബ്, ഹിദായത്തുല്ല സഖാഫി എന്നിവരെ കാണാം.